نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

**പുസ്തകം 70**
**ലക്കം 12**

ജനുവരി 2003
സുൽഹ് 1382
ശവ്വാൽ - ദുൽക്കഅ്ദ് 1423

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ് (ചെയർമാൻ)
കെ. വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. സലിം
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം. കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**വരിസംഖ്യ - 100 ക.**
**ഒറ്റപ്രതി - 10 ക**

വിലാസം
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**

لا اله الا الله محمد رسول الله

# സത്യദൂതൻ

**വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം

4 **യുഗശബ്ദം**
5 **മുഖക്കുറിപ്പ്**

ലേഖനം

6 ***സൂഫിവര്യന്മാർ പ്രചരിപ്പിച്ച ഇസ്‌ലാം***
ഏ. എം. മുഹമ്മദ് സലിം
10 ***അനന്തമായ കാത്തിരിപ്പ്***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
12 ***പ്രാർത്ഥന: മനഃശാന്തിയുടെ മാർഗ്ഗം***
ഇ. ഓർച്ചാഡ് അഹ്മദ്, കണ്ണൂർ
21 ***ഇസ്‌ലാമിന്റെ ഉദാരതയും വിജ്ഞാനങ്ങളുടെ വളർച്ചയും***
ഡോ. അബ്ദുസ്സലാം
28 **ജിഹാദിന്റെ വിവക്ഷ**
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ഖുത്ബാ സീരീസ്

14 ***ഗൾഫ് യുദ്ധം: മുസ്‌ലിം രാഷ്ട്രങ്ങൾ എവിടെ നിൽക്കുന്നു?***
ഹസ്റത്ത് ഖലീഫത്തുൽ മസീഹ് - IV

പംക്തികൾ

17 ***ക്രൂശിച്ചത് മനുഷ്യപുത്രനെയോ ദൈവപുത്രനെയോ?***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
26 ***മാസം കണ്ട അബ്ദുല്ല***
കെ. പി. അഹ്മദ്
30 ***അഹ്മദ് എന്ന പ്രവാചകൻ: വിശുദ്ധഖുർആനിലെ പ്രവചനം***
ഏ. പി. കുഞ്ഞാമു
35 ***റൂഹാനീ ഖസായിൻ വാള്യം - 20 (2)***
മുഹമ്മദ് ഉമർ എച്ച്. ഏ.

അനുഭവക്കുറിപ്പ്

19 ***ഇരുണ്ട ഭൂഖണ്ഡത്തിലെ അമൃതാനുഭവങ്ങൾ***
കാളിക്കോട്ടിൽ നൂറുദ്ദീൻ, അലനല്ലൂർ

കവിത

27 ***മൈത്രിയുടെ രാജപാത***
കെ. പി. എ. പുന്നോൽ

കുറിപ്പുകൾ

38 ***ഐക്യരാഷ്ട്രസഭ അമേരിക്കയുടെ റബ്ബർസ്റ്റാമ്പോ?***
39 ***ജനാധിപത്യത്തിന്റെ ഭാവി ഗുജറാത്തിന് ശേഷം***
40 ***ആരാണ് മുസ്‌ലിം? - ജമാഅത്തെ ഇസ്‌ലാമിക്കാരന്റെ നിർവ്വചനം***
42 ***വാർത്തകൾ, അനുസ്മരണം***

Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut


## ഖുർആനിൽ നിന്ന്

വിശ്വാസികളേ! ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തെയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയങ്ങളിൽ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമ്മത്തെയും പാപത്തെയും കുറിച്ചു നിങ്ങൾക്കു വിരക്തി ജനിപ്പിക്കുകയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്നു നിങ്ങൾക്കു ബോധ്യം വരുത്തുകയും ചെയ്തിരിക്കുന്നു; ഇപ്രകാരം ദൈവസഹായം ലഭിച്ചിരിക്കുന്നവരത്രേ നേർവഴി അനുഗമിക്കുന്നവർ. (49:8)

## നബിവചനം

അല്ലാഹുവിനോടുള്ള കടമകളെക്കുറിച്ച് ബോധവാനായിരിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പ് വളർത്തുകയും ചെയ്യുവിൻ; എന്തെന്നാൽ വിധിനാളിൽ അല്ലാഹു വിശ്വാസികൾക്കിടയിൽ രഞ്ജിപ്പ് കൈവരുത്തും.

**യുഗശബ്ദം**



# ഇന്ത്യയിൽ ഇസ്‌ലാം പ്രചരിച്ചതെങ്ങനെ

**ഹസ്റത്ത് അഹ്‌മദ് (അ)**

ഇന്ത്യയിൽ ഇസ്‌ലാംമതം പ്രചരിച്ചത് വാളുകൊണ്ടാണ് എന്ന വിശ്വാസം തികച്ചും തെറ്റാകുന്നു. തീർച്ചയായും അത് അങ്ങനെയായിരുന്നില്ല. രാജാക്കന്മാരുടെ അധികാരം കൊണ്ടല്ല ഇന്ത്യയിൽ ഇസ്‌ലാംമതം പ്രചരിച്ചത്. മറിച്ച്, രാജാക്കന്മാർ മതകാര്യങ്ങളിൽ വളരെ കുറച്ച് മാത്രമേ ശ്രദ്ധ വെച്ചിരുന്നുള്ളൂ. ഇന്ത്യയിൽ ഇസ്‌ലാംമതം പ്രചരിച്ചത് പ്രാർത്ഥനയുടെ ഫലമായാണ്. പല കാലഘട്ടങ്ങളിൽ ഇന്ത്യയിൽ ജീവിച്ച പരിശുദ്ധനും ഭക്തരുമായ ദിവ്യാത്മാക്കളുടെ പ്രാർത്ഥനയും പരിചരണവും ശ്രദ്ധയുമാണ് ഇസ്‌ലാം പ്രചരിക്കാൻ കാരണമായത്. രാജാക്കന്മാർക്ക് മനുഷ്യഹൃദയങ്ങളിൽ ഇസ്‌ലാമിനോടുള്ള സ്നേഹം അങ്കുരിപ്പിക്കാനുള്ള ശേഷിയില്ല. ഒരാൾ അയാളുടെ ജീവിതത്തിലൂടെ ഇസ്‌ലാമിന്റെ ഒരു സജീവമാതൃക കാഴ്ചവെക്കുന്നത്വരെ അയാളുടെ ജീവിതം ഒരിക്കലും മറ്റുള്ളവരിൽ ഒരു പ്രഭാവവും ചെലുത്തുന്നില്ല. ദിവ്യാത്മാക്കൾ ദൈവത്തിൽ പൂർണ്ണമായി ലയിക്കുകയും വിശുദ്ധ ഖുർആന്റെയും ഇസ്‌ലാമിന്റെയും സാക്ഷാൽക്കാരവും തിരുനബി (സ)യുടെ സ്വഭാവ ഗുണങ്ങളുടെ ജീവൽ പ്രതീകവുമായിത്തീരുകയും ചെയ്യുന്നതിന് ശേഷം ഇത്തരം ദിവ്യാത്മാക്കളിൽ സൽപ്രകൃതിയുള്ള സത്യാമ്പേഷികളെ ആകർഷിക്കാനുള്ള ഒരു കഴിവ് നൽകി അനുഗ്രഹിക്കപ്പെടുന്നു. ഇപ്രകാരം ഈ ദിവ്യാത്മാക്കളാൽ ആകർഷിക്കപ്പെട്ട് തൊണ്ണൂറ് ദശലക്ഷം ആളുകൾ ഇസ്‌ലാംമതം സ്വീകരിച്ചിട്ടുണ്ട്. ഇത്ര ചുരുങ്ങിയ കാലം കൊണ്ട് ഇസ്‌ലാംമതത്തെപ്പോലെ മറ്റൊരു മതവും ഇത്രയധികം ജനങ്ങളിൽ പ്രചാരപ്പെട്ടിട്ടില്ല. സാത്വികരും ആത്മീയമായി സംസ്കരണം സിദ്ധിച്ചവരുമായ ഈ ദിവ്യാത്മാക്കൾ ഏറ്റവും മഹനീയമായ ജീവിതമാതൃകയാണ് കാഴ്ചവെച്ചത്. അവരുടെ ആത്മീയ ജ്ഞാനത്തിന്റെ ബലത്താൽ ജനങ്ങൾ അവരിലേക്ക് ആകർഷിക്കപ്പെടുകയായിരുന്നു. സാധാരണ ജനങ്ങളുടെ വിമർശനവും പഴിയും ഈ പവിത്രാത്മാക്കൾ കേൾക്കാതിരുന്നിട്ടില്ല. അതായത്, ഞാനും ഇപ്പോൾ ജനങ്ങളുടെ പഴികൾക്കും കുത്തുവാക്കുകൾക്കും ശരവ്യനാണല്ലോ. ഇതെല്ലാം പൂർവ്വകാലത്തെ മഹാത്മാക്കളും അനുഭവിച്ചിട്ടുണ്ട്.

***(മൽഫൂസാത്ത് Vol 4, P. 142-147)***

മുഖക്കുറിപ്പ്

# ധ്രുവനക്ഷത്രം പോലെ 'സത്യദൂതൻ'

**2003** ജനുവരി ലക്കത്തോടെ സത്യദൂതൻ അതിന്റെ 71-ാമത് പുസ്തകത്തിന്റെ ഒന്നാം ലക്കം ആരംഭിക്കുകയാണ്. 1925ൽ തുടങ്ങിയ സത്യദൂതൻ ലോകമഹായുദ്ധം, സാമ്പത്തിക പ്രയാസം, കടലാസ് ക്ഷാമം മുതലായ കാരണത്താൽ പലപ്പോഴായി ഒമ്പതുവർഷം മുടങ്ങുകയുണ്ടായി. സത്യദൂതന് മലയാളത്തിലെ മുസ്‌ലിം പ്രസിദ്ധീകരണങ്ങളിൽ സമശീർഷരായ സഹജീവികളില്ല. പുരാണത്തിലെ ഭീഷ്മാചാര്യരെപ്പോലെ സത്യദൂതൻ ദീർഘായുഷ്മനായി നിലകൊള്ളുകയാണ്. സമൂഹത്തിന്റെ കാലികമായ പ്രവണതകൾക്കും പ്രക്ഷോഭങ്ങൾക്കും അവസ്ഥാഭേദങ്ങൾക്കുമനുസരിച്ച് വ്യക്തികളും പ്രസ്ഥാനങ്ങളും സംഘടനകളും അവരവരുടെ പ്രസിദ്ധീകരണങ്ങളുമായി രംഗത്ത് വരാറുണ്ട്. കാലപ്രവാഹം ഒഴുകിതെളിയുമ്പോൾ അത്തരം പ്രസ്ഥാനങ്ങളും സംഘടനകളും മൃത്യുകുടീരങ്ങളിലേക്ക് വിസ്മൃതരാവുകയും ഖബർസ്ഥാനിലെ സ്മാരകശിലകൾ പോലെ അവരുടെ പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകളിലെ ആർക്കൈവെസുകളിൽ സ്ഥാനം പിടിക്കുകയും ചെയ്യുന്നു.

കെ.യം. മൗലവിയുടെ 'അൽ മുർശിദ്' മുസ്‌ലിം ഐക്യസംഘത്തിന്റെ 'അൽ ഇർശാദ്' വക്കം അബ്ദുൽ ഖാദിർ മൗലവിയുടെ 'അൽഇസ്‌ലാം', ഇ. മൊയ്തു മൗലവിയുടെ 'അൽഇസ്‌ലാഹ്', ഇ. കെ. മൗലവിയുടെ 'അൽ ഇത്തിഹാദ്', സനാഉല്ലാ മക്തിത്തങ്ങളുടെ 'പരോപകാരി' മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെ 'അൽ അമീൻ'... കാലത്തിന്റെ കുത്തൊഴുക്കിൽ അന്ത്യം കണ്ടെത്തിയ സത്യൂദൂതന്റെ സഹജീവികളുടെ ശ്മശാനം അതിവിപുലമാണ്. അസ്തമയമില്ലാത്ത ധ്രുവനക്ഷത്രത്തെപ്പോലെ സത്യദൂതൻ വഴികാട്ടിയായി നിലനിൽക്കുന്നതിന്റെ പൊരുളെന്താണ്? അത് അല്ലാഹു സ്ഥാപിച്ച ഒരു ദിവ്യപ്രസ്ഥാനത്തിന്റെ സേവനത്തിനായി നിലകൊള്ളുന്നതുകൊണ്ടാണ്.

വിശുദ്ധഖുർആന്റെയും തിരുനബി (സ)യുടെയും സത്യസൗന്ദര്യങ്ങൾ പ്രകാശിപ്പിച്ചുകൊണ്ട് ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹു നിയോഗിച്ചയച്ച ഹസ്റത്ത് അഹ്മദി(അ)ന്റെ ശബ്ദം മലയാളികളെ കേൾപ്പിക്കാനുള്ള ദൗത്യമായിരുന്നു സത്യദൂതൻ ഏറ്റെടുത്തത്. ആ അദ്ധ്യാത്മിക പ്രഭ സത്യദൂതന്റെ താളുകളിൽ നിന്നു മനുഷ്യഹൃദയങ്ങളിലേക്ക് തീർച്ചയായും പ്രസരിച്ചിട്ടുണ്ട്. അതുകൂടാതെ ലോകമഹായുദ്ധം, ഐക്യരാഷ്ട്രസഭയുടെ രൂപീകരണം, ഇസ്രയേൽ രാഷ്ട്രസ്ഥാപനം, അറബ് ലീഗിന്റെ സംഘാടനം, ആറ്റംബോംബ് വർഷം, ഇന്തോ പാക് വിഭജനം മുതലായ നിരവധി ലോകസംഭവങ്ങൾക്ക് അഭിമുഖമായി നിന്ന ഒരു ഇസ്‌ലാമിക ദർപ്പണമായിരുന്നു സത്യദൂതൻ. തുടക്കംമുതൽ കേരളത്തിലെ മുസ്‌ലിം പണ്ഡിതാഗ്രേസരന്മാർ സത്യദൂതനെതിരെ ചൊരിയാത്ത വിമർശനങ്ങളില്ല. അതിനെ നശിപ്പിക്കാൻ അവർ പയറ്റാത്ത മുറകളില്ല. അപ്രതിരോധ്യമായ ആക്രമണ സന്നാഹങ്ങളുമായി അഹ്മദിയ്യത്തിന്റെ ജിഹ്വയായ സത്യദൂതനെ കുഴിച്ചുമൂടാൻ അവർ വലയം ചെയ്തു. ഹസ്റത്ത് അഹമദ്(അ) ന്റെ ജ്ഞാനത്തിന്റെ 'ദുൽഫുക്കാർ' അഹ്മദിയ്യത്തിന്റെ പൂർവ്വസൂരികൾ കൈയിലെടുത്തപ്പോൾ ഇസ്‌ലാമിക വിജ്ഞാനത്തിന്റെ അറ്റം കണ്ടവരെന്ന് മുസ്‌ലിം കേരളം കരുതിയിരുന്ന ആ പണ്ഡിതമ്മന്യന്മാർ കൊച്ചുകുട്ടികളെപ്പോലെ ചപലശബ്ദം പുറപ്പെടുവിച്ച് പടക്കളത്തിൽ നിന്ന് ഓടിയൊളിച്ചു. ഖാലിദുബ്നു വലീദിനെപ്പോലെ, താരിഖ്ബ്നു സിയാദിനെപ്പോലെ, സുൽത്താൻ സലാഹുദ്ദീൻ അയ്യൂബിയെപ്പോലെ അഹ്മദിയ്യത്തിന്റെ ധീരപോരാളികൾ കേരളത്തിലെ മുസ്‌ലിം സാമൂഹിക-ധൈഷണിക മണ്ഡലത്തിൽ അഹ്മദിയ്യത്തിന്റെ സാമ്രാജ്യം പണിയുകയായിരുന്നു. സത്യദൂതന്റെ പഴയ താളുകളിൽ കാണുന്ന അഹ്മദികളും മറ്റു മുസ്‌ലിംകളുമായി നടന്ന ഖണ്ഡന മണ്ഡന യുദ്ധങ്ങളുടെ അക്ഷര രേഖകൾ ഏഴു പതിറ്റാണ്ടുകാലം മുസ്‌ലിം കേരളം അഹ്മദിയ്യാ ജമാഅത്തുമായി സംവദിച്ചതിന്റെ ചരിത്ര രേഖ കൂടിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ജ്ഞാന സമ്പത്തുമായി തട്ടിച്ചുനോക്കുമ്പോൾ എതിരാളികളുടെ നിലവാരം എവിടെ നിൽക്കുന്നുവെന്നത് നിഷ്പക്ഷമതികൾ തീരുമാനിക്കട്ടെ.

സത്യദൂതന്റെ അത്യപൂർവ്വമായ സവിശേഷത ഇരുപത്തൊന്നാം നൂറ്റാണ്ടിലും നിർഭയമായി അത് വായിക്കാൻ മുസ്‌ലിം യുവാക്കൾക്ക് പോലും സാധിക്കുന്നില്ല എന്നതാണ്. തീയിൽ കുരുത്ത സത്യദൂതൻ അഗ്നിമയമായിരുന്നു. അത് സ്പർശിച്ച യാഥാസ്ഥിതിക ബുദ്ധികളുടെ കൈ പൊള്ളിയില്ലെങ്കിലെ അത്ഭുതമുള്ളൂ.

*ശേഷം പേജ് ഒമ്പതിൽ*

ലേഖനം

# സൂഫിവര്യന്മാർ പ്രചരിപ്പിച്ച ഇസ്‌ലാം

ഏ. എം. മുഹമ്മദ്സലിം

**പാവനമായ ഹിന്ദുമതത്തെ സത്യപ്പെടുത്തുന്ന ഇസ്‌ലാംമതം രാജാക്കന്മാരുടെ അധികാരവും ഖഡ്ഗവും കൊണ്ടല്ല പ്രചരിച്ചത്. ദരിദ്രജീവിതം നയിച്ച ഭക്തരായ സൂഫികളും മുസ്‌ലിം സിദ്ധന്മാരുമാണ് ജനഹൃദയങ്ങളെ കവർന്നത്**

ഇന്ത്യയിൽ ഇസ്‌ലാംമതം എങ്ങനെ വിപുലമായ തോതിൽ പ്രചരിച്ചു എന്നത് വിവാദപരമായ ചരിത്രപ്രശ്നമാണ്. ഇന്ത്യയിൽ ഇസ്‌ലാംമത പ്രബോധനത്തിനും പ്രചാരണത്തിനും മുസ്‌ലിം രാജാക്കന്മാർ യാതൊരു സംഭാവനയും നൽകിയിട്ടില്ല. ഇസ്‌ലാംമതം പ്രചരിപ്പിക്കാൻ രാജാക്കന്മാർക്കും അധികാരസ്ഥന്മാർക്കും കഴിയില്ല എന്നതാണ് വാസ്തവം. രാജാക്കന്മാർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഇന്ത്യയിൽ ഇസ്‌ലാം തളരുകയാണുണ്ടായത്.

റസൂൽതിരുമേനിക്ക് 15 വർഷം കഴിഞ്ഞപ്പോൾതന്നെ ഇന്ത്യയിലേക്ക് മുസ്‌ലിംകളുടെ വരവ് ആരംഭിച്ചിരുന്നു. മതപ്രചാരണാർത്ഥം ഇന്ത്യയിൽ വന്ന ഭക്തരായ ദിവ്യാത്മാക്കളും അധികാരവും സമ്പത്തും വെട്ടിപ്പിടിക്കാൻ വന്ന പടയോട്ടക്കാരും അക്കൂട്ടത്തിലുണ്ടായിരുന്നു. അധികാരവും സമ്പത്തും വെട്ടിപ്പിടിക്കാൻ ഒരിക്കലും ഇന്ത്യയിലേക്ക് മതപ്രബോധകർ വന്നിട്ടില്ല. അവരുടെ ലക്ഷ്യവും മാർഗ്ഗവും രീതിയുമെല്ലാം വ്യത്യസ്തമായിരുന്നു.

രാജാക്കന്മാരുടെ ആക്രമണം ഭയന്ന് കൂട്ടമായി ഇസ്‌ലാം മതത്തിൽ ചേർന്നവർ രാജാക്കന്മാരുടെ സാന്നിദ്ധ്യം ഒഴിഞ്ഞ ഉടനെ തന്നെ പൂർവ്വമതത്തിലേക്ക് തിരിച്ചുപോയ ചരിത്രവുമുണ്ട്. അഫ്ഗാൻകാരനായ മുഹമ്മദ് ഗസ്നിയുടെ ആക്രമണകാലത്തെ ഒരു സംഭവം അദ്ദേഹത്തിന്റെ സെക്രട്ടറി എഴുതിയ ചരിത്രത്തിൽ വിവരിക്കുന്നുണ്ട്. ബുലന്ത് ശഹറിലെ ഹരിദത്ത എന്ന രാജാവ് മഹ്മൂദ് ഗസ്നിയുടെ പടയെ ഭയന്ന് പതിനായിരത്തോളം ആളുകളോടൊപ്പം ഇസ്‌ലാം മതം സ്വീകരിച്ചു. ഗസ്നി തിരിച്ചുപോയപ്പോൾ മുഴുവനാളുകളും ഹിന്ദുമതത്തിലേക്ക് തന്നെ തിരിച്ചുപോയി. 1193ൽ ഖുതുബുദ്ദീൻ ഐബക്ക് ബറാൻ ആക്രമിച്ചപ്പോൾ അദ്ദേഹത്തെ ശക്തമായി പ്രതിരോധിച്ചത് ഹരിദത്തയുടെ പിൻഗാമിയായ ചന്ദ്രസേനനും അനുയായികളുമായിരുന്നു. ഹസ്റത്ത് അഹ്മദ് (അ) പറഞ്ഞത്പോലെ ഈ രാജാക്കന്മാർക്ക് ഭൂമിയും സമ്പത്തും കവരുവാനല്ലാതെ മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കാൻ കഴിഞ്ഞിരുന്നില്ല.

മുഹമ്മദ് ഗോറിയുടെ കാലത്ത് ഹൃദയപരമായ ഒരു പരിവർത്തനം നടന്നതായി ചരിത്രത്തിൽ കാണാം. പഞ്ചാബിലെ വടക്ക് ഭാഗത്തുള്ള പർവ്വതങ്ങളിൽ വസിക്കുന്ന രണശൂരരായ ഗഖാർ ഗോത്രക്കാർ മുസ്‌ലിം സേനകൾക്ക് വലിയ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരുന്നു. ആ ഗോത്രത്തിന്റെ നേതാവിനെ മാനസാന്തരം ചെയ്യിക്കാൻ മുഹമ്മദ് ഗോറിക്ക് സാധിച്ചു. 'ഗോത്രത്തലവൻ' എന്ന പദവി വീണ്ടും ആ ഗോത്രനേതാവിന് നൽകി ആ ഗോത്രക്കാരെയെല്ലാം പിന്നീട് ഇസ്‌ലാംമതം സ്വീകരിച്ചു.

നിർബന്ധ മതപരിവർത്തനത്തിന് ഏറ്റവും കുറ്റപ്പെടുത്തലിനു വിധേയനായ മുഗൾരാജാവാണ്. ഔറംഗസീബ് ആലംഗീർ. അദ്ദേഹത്തിന്റെ തീവ്രമായ മതാഭിനിവേശമാണ് നീതിമാനും എളിയ ജീവിതം നയിച്ചവനുമായിരുന്ന ഔറംഗസീബിന് ഈയൊരു അവമതിപ്പുണ്ടാക്കാൻ കാരണം. വ്യക്തമായ രേഖകളുള്ള ഔറംഗസീബിന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ മതസഹിഷ്ണുതക്കുള്ള ധാരാളം തെളിവുകൾ ലഭിക്കുമ്പോൾ അന്യമത വിരോധത്തിന്റെ കെട്ടുകഥകൾക്ക് ചരിത്രരേഖകളുടെ പിൻബലമില്ല. അതുപോലെ, വികൃതമാക്കപ്പെട്ട ചരിത്രമാണ് ടിപ്പുസുൽത്താന്റെയും ഹൈദറലിയുടെയും. അവരുടെ യഥാർത്ഥ ചരിത്രരേഖകൾ മതസഹിഷ്ണുതയുടെ അത്ഭുതകരമായ അനേകം സംഭവങ്ങൾ വിളിച്ചോതുമ്പോൾ പ്രചരിപ്പി

ക്കപ്പെടുന്ന കെട്ടുകഥകൾ നേർവിപരീതവും. ഏതായാലും ഇന്ത്യയിലെ ഇസ്‌ലാമിക ചരിത്രത്തിൽ മതപരമായ ആവേശം കാണിച്ച രാജാക്കന്മാർ വിരലിലെയണ്ണാവുന്നവർ മാത്രമാണ്. അവരാകട്ടെ സഹിഷ്ണുതയുടെ മൂർത്തീരൂപങ്ങളുമായിരുന്നു. മറ്റു മുസ്‌ലിം രാജാക്കന്മാർ മിക്കവരും സുഖലോലുപരും സ്തുതിപാഠകരുടെ വലയത്തിൽ കഴിഞ്ഞ വിഷയലമ്പടരും അക്രമകാരികളുമായിരുന്നു. ഇന്ത്യയിലെ ഇസ്‌ലാംമത പ്രചാരണവുമായി അവർക്ക് യാതൊരു ബന്ധവുമില്ലായിരുന്നു. മുസ്‌ലിം രാജാക്കന്മാരുടെ ഭരണസിരാകേന്ദ്രമായിരുന്ന ഡൽഹിയിലും ആഗ്രയിലും മുസ്‌ലിം ജനസംഖ്യ വളരെ കുറവായത് തന്നെ ഇതിന്നുദാഹരണമാണ്. ഇന്ത്യയിൽ രാഷ്ട്രീയ ഭരണം ഏറ്റവും ദുർബ്ബലമായിരുന്ന സമയത്തും സ്ഥലത്തുമായിരുന്നു ഇസ്‌ലാം ഏറ്റവും വമ്പിച്ച മിഷനറി വിജയങ്ങൾ നേടിയത്. സൂഫിവര്യന്മാരും സാത്വികരായ മതപ്രബോധകരുമാണ് ഈ അത്ഭുതം കാഴ്ചവെച്ചത്.

തെക്കെ ഇന്ത്യയിൽ നിന്നുതന്നെ തുടങ്ങാം. ഏകദേശം പ്രവാചകന്റെ വിയോഗം കഴിഞ്ഞ ഉടനെത്തന്നെ ഇസ്‌ലാമിക മിഷനറിമാർ കേരളത്തിലെത്തിച്ചേർന്നു. രാജാധികാരത്തിന്റെ പിൻബലമില്ലാതെ കേരളക്കരയിലെ ജനസാമാന്യത്തിനിടയിൽ ഇസ്‌ലാംമതം സ്വച്ഛന്ദം പ്രചരിക്കുകയായിരുന്നു. കേരളക്കരയിലെത്തിയ മാലിക്ബ്നു ദീനാർ എന്ന പ്രബോധകന്റെ പ്രവർത്തനങ്ങൾ മുഖേന ചേരമാൻ പെരുമാൾ എന്ന രാജാവ് ഇസ്‌ലാംമതം സ്വീകരിച്ചു അറേബ്യയിലേക്ക് പോവുകയാണുണ്ടായതെന്ന് കേരളത്തിലെ മുസ്‌ലിം പാരമ്പര്യം പറയുന്നു. പതിനാലാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച വിശ്വപ്രശസ്തനായ മൊറോക്കൻ സഞ്ചാരി ഇബ്നുബത്തൂത്ത കോഴിക്കോട്ടെ സാമൂതിരിമാർ ഇസ്‌ലാം മത പ്രചാരണത്തിന് വമ്പിച്ച സഹായങ്ങൾ നൽകിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാരും പ്രബോധകരുമായ അറബി വണിക്കുകളെ കോഴിക്കോട് ധാരാളമായി അദ്ദേഹം കണ്ടുമുട്ടിയതായി തന്റെ കൃതികളിൽപറയുന്നു. പക്ഷേ, ബ്രിട്ടീഷുകാരെപ്പോലെ ആ അറബികച്ചവടക്കാർ ഈ നാടിനെ ഒരു കോളനിയാക്കിയില്ല. ഹിന്ദുക്കൾ പൊതുവേ കടൽ കടക്കാൻ ഇഷ്ടപ്പെടുകയോ ധൈര്യപ്പെടുകയോ ചെയ്തിരുന്നില്ല. ആയതിനാൽ കപ്പലുകളിൽ കച്ചവടാവശ്യാർത്ഥം വരുന്ന അറബി വണിക്കുകളെ സഹായിക്കാൻ കടൽതീരത്തെ മുക്കുവ കുടുംബങ്ങളിൽ ഒന്നോ രണ്ടോ പേർ ഇസ്‌ലാംമതം സ്വീകരിക്കണമെന്ന് സാമൂതിരി കൽപന പുറപ്പെടുവിച്ചതായും ഇബ്നുബത്തൂത്ത രേഖപ്പെടുത്തുന്നു.

**രാജാക്കന്മാരുടെ ഭരണകാലത്ത് ഇസ്‌ലാം ശോഷിക്കുകയാണ് ചെയ്തത്. ഇസ്‌ലാമിന്റെ അത്ഭുതകരമായ ഈ ചരിത്രനിയമം ഇസ്‌ലാമിന്റെ വിമർശകരും അനുകൂലികളും തിരിച്ചറിയേണ്ട ഒരാത്മീയ പ്രതിഭാസമാണ്**

ദക്ഷിണേന്ത്യയിലെ പ്രബലമായൊരു മുസ്‌ലിം ഗോത്രവംശമായിരുന്നു റാവുത്തർമാർ. ഒരു മുസ്‌ലിം സിദ്ധനായിരുന്ന സയ്യിദ് നാത്തർ (നാദിർ) ശാ ആയിരുന്നു റാവുത്തർമാരെ മതപരിവർത്തനം ചെയ്യിച്ച സൂഫിവര്യൻ. പേർഷ്യക്കാരനായ അദ്ദേഹത്തിന്റെ കബർ തൃശ്ശിനാപ്പള്ളിയിൽ ഒരു മുസ്‌ലിം പുണ്യസ്ഥലമായി ഇപ്പോഴും സ്ഥിതിചെയ്യുന്നു. തമിഴ്നാട്ടിൽ മതപ്രബോധനം നടത്തിയ മറ്റൊരു മുസ്‌ലിം സൂഫിവര്യനായിരുന്നു ശാ അബ്ദുൽ ഹമീദ്. (1532-1600) വടക്കേ ഇന്ത്യയിലെ മണിക്പൂരിൽ ജനിച്ച ആ മഹാൻ തഞ്ചാവൂരിനടുത്ത് നാഗൂറിൽ അന്ത്യവിശ്രമം കൊള്ളുന്നു. പരുത്തി കടയുകയും പരുക്കൻ തുണി നെയ്യുകയും ചെയ്യുന്നത് തൊഴിലാക്കിയ തൂരക്കുല മുസ്‌ലിംകൾ തങ്ങളുടെ മതപരിവർത്തനത്തിന് കാരണക്കാരായി പറയുന്നത് ബാബാ ഫക്റുദ്ദീനെയാണ്. ഐതിഹ്യമനുസരിച്ച് ബാബാ ഫക്റുദ്ദീൻ സീസ്താനിലെ രാജാവായിരുന്നു. ഭരണം സഹോദരനെ ഏൽപിച്ച് കരിമ്പടം പുതച്ച് സിംഹാസനം വിട്ടിറങ്ങി വന്ന ബാബാ ഫക്റുദ്ദീനോട് ഇന്ത്യയിലേക്ക് പോകാൻ പ്രവാചകൻ സ്വപ്നത്തിൽ കൽപ്പിക്കുകയുണ്ടായി. തൃശ്ശിനാപ്പള്ളിയിൽ നാത്തർശായുടെ ശിശ്യത്വം സ്വീകരിച്ച ഫക്റുദ്ദീൻ പണുകൊണ്ട മലയിൽ ഇസ്‌ലാം മത പ്രവർത്തനങ്ങൾ നടത്തി ജീവിച്ചു എന്നാണ് ഐതിഹ്യം. ഒരുഹൈന്ദവ ക്ഷേത്രത്തിനടുത്തായിരുന്നു ഫക്റുദ്ദീൻ താമസിച്ചത്. ഇത് ഇഷ്ടപ്പെടാത്ത രാജാവ് ഫക്റുദ്ദീൻ ക്ഷേത്രത്തിലെ പുരോഹിതനെക്കാൾ ദിവ്യനാണോ എന്നറിയാൻ പുരോഹിതനെയും ഫക്റുദ്ദീനെയും നീറ്റുകക്ക നിറച്ച ചാക്കിൽ കെട്ടി കുളത്തിലെറിഞ്ഞു. പൂജാരി പിന്നെ പുറത്ത് വന്നില്ല. ബാബ നഗരത്തിന് പുറത്തുള്ള ഒരു കുന്നിൽ പ്രത്യക്ഷപ്പെട്ടുവെന്നും തന്റെ സത്യം തെളിയിച്ചുകൊടുത്ത ബാബ ഫക്റുദ്ദീന് ക്ഷേത്രം പള്ളിയാക്കി രാജാവ് നൽകി എന്നുമാണ് അവിടുത്തെ മുസ്‌ലിംകൾ വിശ്വസിക്കുന്നത്.

പീർ മഹാബീർ ഖംദായത്ത് ഡക്കാനിലെ അറബ് പ്രബോധകരിലൊരാളായിരുന്നു. എ. ഡി. 1304ൽ എത്തിയ ഖംദായത്തിന്റെ ജീവിത വിശുദ്ധിയിൽ സക്കാനിലെ നിരവധി കർഷകർ ആകൃഷ്ടരാവുകയും ഇസ്‌ലാംമതം സ്വീകരിക്കുകയുമുണ്ടായി. അതുപോലെ 16-ാം നൂറ്റാണ്ടിൽ ബീജാപൂർ ഭരിച്ചിരുന്ന ഇബ്രാഹിം ആദിൽശാ രണ്ടാമന്റെ ഗുരുനാഥനായ ഹാശിംപീർ ഗുജറാത്തിയാണ് ജനങ്ങളുടെ ഹൃദയം കവർന്നെടുത്ത മറ്റൊരു സൂഫിവര്യൻ. നാസിക്കിൽ പ്രവർത്തിച്ച കീർത്തികേട്ട സൂഫിവര്യനായിരുന്നു ഷാ മുഹമ്മദ്

സാദിഖ് സർമസ്ത് ഹുസയ്നി. ഇദ്ദേഹത്തിന്റെ അനുയായിവൃന്ദം വളരെ വിപുലമായിരുന്നു. ബെൽഗാമിൽ പ്രവർത്തിച്ച രണ്ട് അറബ് മതാചാര്യന്മാർ സയ്യിദ് മുഹമ്മദ് ബിൻ സയ്യിദ് അലി, സയ്യിദ് ഉമർ ഹൈദ്രൂസ് ബശീബൻ എന്നിവരാണ്. വിശ്വപ്രശസ്തനായ സൂഫി ഭരണാധികാരി ഖലീഫാ ഉമറുബ്നു അബ്ദിൽ അസീസിന്റെ സ്നേഹപൂർണമായ ക്ഷണമനുസരിച്ച് സിന്ധിലെ നിരവധി രാജാക്കന്മാർ മുസ്ലിംകളായി എന്ന് ചരിത്രം പറയുന്നു. ദരിദ്രരിൽ ദരിദ്രനായി ജീവിച്ച സൂഫിവര്യന്മാരും സിദ്ധന്മാരുമായ ആയിരക്കണക്കിന് മഹാത്മാക്കളുടെ പരിശുദ്ധജീവിതത്തിൽ ആകൃഷ്ടരായിക്കൊണ്ടാണ് വമ്പിച്ച ജനാവലി ഇസ്ലാംമതം വിശ്വസിക്കാൻ കാരണമായത്. അധികാരത്തിന്റെയോ നിർബന്ധത്തിന്റെയോ, പ്രലോഭനങ്ങളുടെയോ ഒരു ലാഞ്ചനപോലും ഈ ജനസഞ്ചയത്തിന്റെ വിശ്വാസമാറ്റത്തിൽ ദർശിക്കാൻ സാധ്യമല്ല.

ഇന്ത്യയിലെ സൂഫികളുടെ രാജാകുമാരനും സുപ്രസിദ്ധ മതപ്രബോധകനുമായിരുന്ന ഖാജാ മുഈനുദ്ദീൻ ചിശ്തിയുടെ (റ) ചരിത്രം നോക്കുക. ദരിദ്രരുടെയും അശരണരുടെയും അഭയകേന്ദ്രം-ഗരീബ് നവാസ്-എന്ന ബഹുമതി പേരിൽ അറിയപ്പെട്ടിരുന്ന ആ മഹാത്മാവിന്റെ ജീവിതം ലക്ഷക്കണക്കിന് മനുഷ്യാത്മാക്കൾക്ക് മാർഗ്ഗദർശകമായി. പേർഷ്യയിലെ സീസ്താനിലായിരുന്നു മഹാനവർകൾ ജനിച്ചത്. ഇന്ത്യയിലെ ചിശ്തിയാ ത്വരീക്കത്തിന്റെ തുടക്കം കുറിച്ചത് ഈ പുണ്യാത്മാവായിരുന്നു. അനേകം നാടുകളിൽ ശിഷ്യസമേതം ചുറ്റിക്കറങ്ങിയ ഖാജാ സാഹിബ് അഫ്ഗാനിസ്താന്റെ തലസ്ഥാനമായിരുന്ന ഗസ്നിയിലെത്തി. ഗസ്നിയിൽ നിന്ന് പെശവാർ, കാബൂൾ നഗരങ്ങൾ സന്ദർശിച്ച് കൈബർ ചുരം കടന്ന് ഖാജാ സാഹിബും ശിഷ്യന്മാരും പഞ്ചാബിലെ ലാഹോറിലെത്തി. അവിടെ ഒരു പീറിന്റെ ദർഗയിൽ 40 ദിവസം താമസിച്ച ഖാജാ സാഹിബ് ഡൽഹിയിലേക്ക് യാത്ര തിരിച്ചു. ആ സന്ദർഭത്തിൽ പടയോട്ടക്കാരനായ രാജാവ് മുഹമ്മദ് ഘോറിയെയും സൈന്യത്തെയും പഞ്ചാബിലെ സർഹിന്ദ് കോട്ടയിൽ നിന്ന് ആട്ടിയോടിക്കാൻ ഡൽഹിയും അജ്മീറും അടക്കി ഭരിച്ചിരുന്ന പൃഥ്വിരാജ് ഒരു സൈനിക മുന്നേറ്റം നടത്തുകയുണ്ടായി. എ. ഡി. 1209ൽ പൃഥ്വിരാജിന്റെ രജപുത്ര സൈന്യത്തോട് മുഹമ്മദ് ഗോറി തോറ്റോടുകയായിരുന്നു. ഖാജാ മുഈനുദ്ദീൻ ചിശ്തി ഈയവസരത്തിലാണ് ഡൽഹിയിലേക്ക് യാത്ര തിരിച്ചത്. ഘോറിയുടെ പേടിച്ചോടിയ സൈന്യം ഖാജയെയും മുരീദുമാരെയും കണ്ടുമുട്ടി. ഉത്തരേന്ത്യയിലെ ഭീകരാവസ്ഥ വിവരിച്ച് അങ്ങോട്ട് പോകരുതെന്ന് പറഞ്ഞു. ഖാജ തെല്ലും കൂസാതെ എല്ലാം അല്ലാഹുവിൽ സമർപ്പിച്ച് ധീരമായ കാൽവെപ്പുകളോടെ ഡൽഹിയെ ലക്ഷ്യമാക്കി യാത്ര തുടർന്നു. ഖാജയെ ബന്ധനസ്ഥനാക്കാൻ നോക്കിയ പൃഥ്വിരാജിന്റെ സൈന്യങ്ങൾ ഖാജാ ചിശ്തിയുടെ അഭൗമികമായ ആത്മീയതേജസ്സിൽ ആകൃഷ്ടരാവുകയാണുണ്ടായത്. തേജസ്സാർന്ന ഹസ്റത്ത് സാഹിബിന്റെ മുഖം ദർശിച്ച മാത്രയിൽ ഡൽഹിയിലെ നൂറുകണക്കിന് കുടുംബങ്ങൾ അദ്ദേഹത്തിന്റെ അനുയായികളായി മാറി. പിന്നീട് അജ്മീറിലെത്തിയ ഖാജാസാഹിബ് പൃഥ്വിരാജിന്റെ ഒട്ടകങ്ങൾ മേയുന്ന കുന്നിൻമുകളിലായിരുന്നു താവളം കണ്ടെത്തിയത്. അദ്ദേഹത്തിന്റെ ആത്മീയപ്രഭാവത്തിൽ ആകൃഷ്ടരായി അനേകം ആളുകൾ ഇസ്ലാംമതം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ പ്രശസ്തി നാൾക്കുനാൾ വർദ്ധിച്ചുവരികയും ചെയ്തു. ഇതുകണ്ട പൃഥ്വിരാജ് മുഈനുദ്ദീൻ ചിശ്തിയെ അവിടെനിന്ന് തുരത്തിയോടിക്കാൻ ജയപാൽ എന്ന മന്ത്രവാദിയെ നിയോഗിച്ചു. അത്ഭുതകരമെന്ന് പറയട്ടെ മന്ത്രവാദിയായ ജയപാലും ബ്രാഹ്മണപുരോഹിതന്മാരുടെ നേതാവായ രാംദേവും ഖാജയിൽ ആകൃഷ്ടരായി അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു. പൃഥ്വിരാജിന്റെ വിദ്വേഷം ഇതുകണ്ട് ആളിക്കത്തുകയാണ് ഉണ്ടായത്.

ഖാജയുടെ ഈ അതിശയകരമായ ധീരതയും ആരുടെയും സഹായമില്ലാതെ അല്ലാഹുവിലുള്ള അചഞ്ചല വിശ്വാസവും ദൃഢനിശ്ചയവും കണ്ട മുഹമ്മദ് ഘോറി ധൈര്യം സംഭരിച്ച് വീണ്ടും താനേശ്വറിനടുത്തുവെച്ച് പൃഥ്വിരാജിനെ ആക്രമിച്ച് പരാജയപ്പെടുത്തിയാണ് ഇന്ത്യയിലേക്ക് പ്രവേശിച്ചത്. ചുരുക്കത്തിൽ, മുസ്ലിം രാജാക്കന്മാർ തോറ്റോടിയ ഭാരതഭൂമിയിലേക്ക് സൂഫികളാണ് ധൈര്യസമേതം കടന്നുവന്ന് ഭാരതീയരുടെ ഹൃദയം കവർന്നെടുത്തത്. രാജാക്കന്മാർ സ്വർണവും സമ്പത്തും ഭൂമിയും കയ്യടക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു; സൂഫികളാകട്ടെ മനുഷ്യഹൃദയങ്ങളും.

കാശ്മീരിനും മുൽത്താനും കാബൂളിനും ഇടയിലുള്ള ഉസയ്ഫാനിലെ രാജാവ് ഇസ്ലാംമതം സ്വീകരിച്ചത് സംബന്ധിച്ച് ഒരു കഥയുണ്ട്. രാജാവിന്റെ മകൻ രോഗഗ്രസ്തനായപ്പോൾ പൂജാരിമാരോട് അവിടെയുള്ള വിഗ്രഹത്തിനുമുന്നിൽ പ്രാർത്ഥിച്ച് രോഗശാന്തി കൈവരുത്തണമെന്ന് രാജാവ് കൽപ്പിച്ചു. വിഗ്രഹം പ്രാർത്ഥന സ്വീകരിച്ചതായി പൂജാരിമാർ അറിയിച്ചു. പക്ഷെ കുറച്ചുകഴിഞ്ഞപ്പോൾ രാജകുമാരൻ മരിച്ചു. ക്രുദ്ധനായ രാജാവ് പുരോഹിതൻമാരെ വധിക്കുകയാണുണ്ടായത്. തുടർന്ന് മുസ്ലിം വ്യാപാരികളിൽ നിന്ന് ഇസ്ലാംമത തത്വങ്ങൾ ഗ്രഹിച്ച രാജാവ് ദൈവത്തിന്റെ ഏകത്വത്തെ അംഗീകരിക്കുകയും ചെയ്തു.

1422ൽ സിന്ധിൽ വന്നെത്തിയ യൂസുഫുദ്ദീൻ ഖാദിരിയ്യാ ത്വരീഖത്തിന്റെ മഹാനായ ആചാര്യൻ ശെയ്ഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ ജീലാനിയുടെ വംശപരമ്പരയിൽപ്പെട്ട ആളാണ്. ഒരു സ്വപ്നത്തിൽ ശെയ്ഖ് ജീലാനി (റ) അദ്ദേഹത്തോട് ഇന്ത്യയിലേക്ക് പോയി ഇസ്ലാംമത പ്രചാരണം നടത്തുവാൻ ആവശ്യപ്പെടുകയും അതുപ്രകാരം അദ്ദേഹം ഇന്ത്യയിൽ വരികയുമാണുണ്ടായത്. വളരെയധികം അത്ഭുതങ്ങൾ കാണിച്ച സിദ്ധനായിരുന്നു യുസുഫുദ്ദീൻ എന്ന് പറയപ്പെടുന്നു. വിജയശ്രീലാളിതനായ ഒരു മതപ്രബോധകനായിരുന്നു അദ്ദേഹം.

കച്ചിലും ഗുജറാത്തിലും പ്രവർത്തിച്ച ഒരു പീർ ആയിരുന്നു പിറാനയിലെ ഇമാം ശാ. 15-ാം നൂറ്റാണ്ടിൽ പാവപ്പെട്ട കർഷകരിലായിരുന്നു ഈ സൂഫിവര്യൻ പ്രവർത്തിച്ചത്. ഹിന്ദുതീർത്ഥാടകരുടെ ഒരു സംഘം കാശിയിലേക്ക് തങ്ങളെ എത്തിക്കണമെന്ന് പീറിനോട് പറഞ്ഞു. അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

ചുരുക്കത്തിൽ, രാജാക്കന്മാർ അവ ഗണിച്ച ഇസ്‌ലാമിനെ ഇന്ത്യയിൽ പ്രച രിപ്പിച്ചതും വളർത്തിയെടുത്തതും ഭക്ത രും സൂഫികളുമായ ആയിരക്കണക്കിന് മുസ്‌ലിം ഭക്തന്മാരും നിസ്വരായ സൂഫിവര്യന്മാരുമായിരുന്നു. അവരുടെ നിഷ്കളങ്കവും പരമപവിത്രവുമായ ജീവിതമായിരുന്നു ജനസഹസ്രങ്ങളെ ആകർഷിച്ച് ഇന്ത്യയിൽ ഇസ്‌ലാമിന് സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്തത്. രാജാക്കന്മാരുടെ ഭരണകാലത്ത് ഇസ്‌ലാം ശോഷിക്കുകയാണ് ചെയ്തത്. ഇസ്‌ലാമിന്റെ അത്ഭുതകരമായ ഈ ചരിത്രനിയമം ഇസ്‌ലാമിന്റെ വിമർശകരും അനുകൂലികളും തിരിച്ചറിയേണ്ട ഒരാത്മീയ പ്രതിഭാസമാണ്.

***കടപ്പാട്:***

Preaching of Islam. By Sir Thomas Arnold.

വുജൂദി'ന്റെ അനഭിലഷണീയമായ തത്ത്വങ്ങളെ വിമർശിക്കുകയും ചെയ്തു. ആത്മീയപുരോഗതിക്ക് ശരീഅത്ത് മാർഗ്ഗത്തിന്റെ പ്രാധാന്യമാണ് അദ്ദേഹം പ്രബോധിച്ചത്. മുഗൾചക്രവർത്തി അക്ബറുടെ കാലത്ത് ഇസ്‌ലാമിലെ സൈദ്ധാന്തികമായ അടിത്തറയിൽ ഉണ്ടായ ചില ശൈഥില്യങ്ങളെയും മതപരമായ കൃതിപ്പുകളെയും അദ്ദേഹം ഏകാകിയായി പ്രതിരോധിക്കുകയുണ്ടായി. ജഹാംഗീർ ചക്രവർത്തിക്ക് തലകുനിച്ചു പ്രണാമമർപ്പിക്കാത്തതിന്റെ പേരിൽ ഗ്വാളിയോറിലെ ജയിലിലടയ്ക്കപ്പെട്ട സർഹിന്ദി ആയിരക്കണക്കിന് ജയിൽപ്പുള്ളികളെ സന്മാർഗ്ഗത്തിലേക്ക് നയിക്കുകയുണ്ടായി. ഇന്ത്യയിൽ ജീവിച്ച ഈ യുഗപ്രഭാവനായ ആത്മീയതേജസ്സി ഇസ്‌ലാം മത പ്രചാരണത്തിന് നൽകിയ സംഭാവന അതുല്യമാണ്.

അവർക്ക് കാശിയിലെത്തി ഗംഗാസ്നാനം കഴിഞ്ഞതായി അനുഭവപ്പെട്ടു. പക്ഷേ, അവർ പിറാനയിൽത്തന്നെയായിരുന്നു നിലകൊണ്ടത്. ഗംഗാസ്നാനം അവർക്കനുഭവപ്പെട്ട ഒരു ആത്മീയദർശനമായിരുന്നു. അവർ പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു. ഇമാം ശായുടെ ഖബർ ഇപ്പോഴും മുസ്‌ലിംകളുടെയും ഹിന്ദുക്കളുടെയും പുണ്യകേന്ദ്രമാണ്.

ബംഗാളിലെ ഇസ്‌ലാംമത പ്രചാരണമാണ് ഏറ്റവും ശീഘ്രഗതിയിൽ സംഭവിച്ചത്. അവിശ്വസനീയമായ വേഗത്തിലും ഉത്സാഹത്തോടെയുമാണ് അവിടെ ഇസ്‌ലാം പ്രചരിച്ചത്. സഹിഷ്ണുവും വിശാലഹൃദയനുമായ ഹിന്ദു രാജാവ് രാജാകൻസിന്റെ ഭരണകാലമാണ് (14-ാം നൂറ്റാണ്ട്) അതിനുമുമ്പുണ്ടായിരുന്ന മുസ്‌ലിം ഭരണത്തേക്കാൾ ഇസ്‌ലാംമതം പ്രചരിക്കാൻ സഹായകമായത്. 1414-ൽ അദ്ദേഹത്തിന്റെ പുത്രൻ ജത്മാൻ ഇസ്‌ലാംമതം സ്വീകരിക്കുകയുണ്ടായി. സിംഹാസനം ഉപേക്ഷിക്കാൻ തയ്യാറായ ജത്മാനെ (പിന്നീട് ജലാലുദ്ദീൻ മുഹമ്മദ് ശാ) ബന്ധുക്കളും ഉദ്യോഗസ്ഥരും നിർബന്ധിച്ച് രാജസ്ഥാനത്തു തന്നെ നിൽക്കാൻ അഭ്യർത്ഥിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ബംഗാളിൽ ഇസ്‌ലാമിന് വളരെയേറെ പുരോഗതിയുണ്ടായി.

ഇന്ത്യയിൽ ഇസ്‌ലാമിന്നു സംഭാവനകൾ നൽകിയ മറ്റൊരു മഹാവ്യക്തിത്വമാണ് ശെയ്ഖ് അഹ്മദ് സർഹിന്ദി അൽ ഫഥാനി(റ) (1564-1624). ഇമാം റബ്ബാനി എന്ന പേരിലറിയപ്പെടുന്ന ഈ യുഗപുരുഷനെ ഹിജ്റ രണ്ടാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ ദൈവത്താൽ നിയോഗിതനായ പരിഷ്കർത്താവായി മുസ്‌ലിംലോകം കണക്കാക്കുന്നു. ഖലീഫാ ഉമറിന്റെ വംശപരമ്പയിൽപ്പെട്ട ഒരു കുടുംബത്തിൽ പഞ്ചാബിലെ സർഹിന്ദിൽ പിറന്ന അഹ്മദ് നഖ്ശ്ബന്ദിയാ ത്വരീഖത്ത് സ്വീകരിക്കുകയാണുണ്ടായത്. ആത്മീയമായ ഉയരങ്ങൾ കീഴടക്കിയ സർഹിന്ദ് തസവ്വുഫിന്റെയും ത്വരീഖത്തിന്റെയും പേരിൽ ഇസ്‌ലാമിൽ കടന്നുകൂടിയ അനാശാസ്യങ്ങളെയും അനാചാരങ്ങളെയും അബദ്ധവിശ്വാസങ്ങളെയും ശക്തിയുക്തം എതിർക്കുകയും 'വഹ്ജത്തുൽ

## മുഖക്കുറിപ്പ്

ഉത്പതിഷ്ണുക്കളെന്നു കരുതപ്പെടുന്ന മതപണ്ഡിതന്മാർ പോലും വിലക്കുകളും ഭീഷണിയും സംശയങ്ങളും തുറിച്ചുനോട്ടവുമായി സത്യദൂതൻ വായനക്കാരനെ ഇന്നും ഭയപ്പെടുത്തുന്നു. ഹസ്റത്ത് ഉമർ ഫാറൂക്കി(റ)ന്റെ സഹോദരി ഖുർആൻ വായിച്ചത്പോലെ സത്യദൂതൻ ഒളിച്ച് വായിക്കപ്പെടുമ്പോൾ അതിന്റെ മൂല്യം വർദ്ധിക്കുകയാണ്. സത്യദൂതൻ നിസ്സാരന്മാരുടെയും എളിയവരുടെയും കൈകളിലാണിന്നുള്ളത്. അല്ലാഹു ബീജാവാപം ചെയ്ത അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സേവനം ലക്ഷ്യമായിക്കരുതുന്ന ഒരു പ്രസിദ്ധീകരണം നീച സ്ഥായിയിലൂടെ മുന്നേറി ഒരു തരംഗദൈർഘ്യം പൂർത്തിയാക്കുകയായിരിക്കാം. ശബ്ദതരംഗങ്ങൾക്ക് ഉച്ചസ്ഥായിയെപ്പോലെ നീചസ്ഥായിയും ആവശ്യമാണല്ലോ എന്നായിരിക്കാം ദൈവഹിതം. സത്യദൂതൻ പാദസേവ ചെയ്തുകൊണ്ടിരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിനെപ്പറ്റി ഹസ്റത്ത് അഹ്മദ് (അ) പറയുന്നു:

"നിങ്ങൾ ദൃഢമായും അറിഞ്ഞുകൊൾവിൻ! ഇത് ദൈവത്തിന്റെ കൈയ്യാൽ നടപ്പെട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും ഇതിനെ വ്യർഥമാക്കിക്കളയുകയില്ല. ഇതിനെ അതിന്റെ വിജയപൂർണ്ണിമയിലെത്തിക്കുന്നതുവരെ അവൻ തൃപ്തിപ്പെടുകയുമില്ല. അവൻ ഇതിന്മേൽ ജലസേചനം ചെയ്യുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടുകയും ചെയ്യും.... മനുഷ്യകൃതമാണെങ്കിൽ ഇത് എന്നേ മുറിച്ചു നീക്കപ്പെട്ടിരിക്കുമായിരുന്നു. അതിന്റെ അടയാളംപോലും അവശേഷിക്കാതാകുമാറ് അത് നശിച്ചൊടുങ്ങിക്കഴിഞ്ഞിരിക്കുമായിരുന്നു". (റൂഹാനീ ഖസായിൻ).

പുതുവത്സരമാസം സത്യദൂതന്റെ ജന്മമാസം കൂടിയാണ്. അഹ്മദിയ്യാ ജമാഅത്തിന് ഇനിയും സേവനം ചെയ്യാനുള്ള ഭാഗ്യം സത്യദൂതനുണ്ടാകട്ടെ. സത്യദൂതനും സൗരവർഷവും പുതിയ കൊല്ലത്തിലേക്ക് കടക്കുമ്പോൾ ഞങ്ങൾ ഈ പ്രതിജ്ഞ പുതുക്കുന്നതോടൊപ്പം വായനക്കാർക്ക് സത്യദൂതന്റെ പുതുവത്സരാശംസകൾ നേരുകയും ചെയ്യുന്നു.

ലേഖനം

# അനന്തമായ കാത്തിരിപ്പ് !

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**ആത്മീയാധഃപതനത്തിന്റെ ഏറ്റവും നീചസ്ഥായി ദൃശ്യമായി. ദിവ്യഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട അടയാളങ്ങളെല്ലാം വെളിപ്പെട്ടു. വാഗ്ദത്തമസീഹ് യഥാകാലം ആഗതനായി. പക്ഷേ, യഹൂദികളെപ്പോലെ മസീഹിനെ നിഷേധിച്ച മുസ്ലിം സമൂഹം അനന്തവും നിഷ്ഫലവുമായ കാത്തിരിപ്പ് തുടരുകയാണ്.**

മുസ്ലിം ലോകവും ക്രൈസ്തവ ലോകവും ഒരു പോലെ ക്രിസ്തുവിന്റെ രണ്ടാം വരവും പ്രതീക്ഷിച്ചിരിക്കയാണ്. വരാനിരിക്കുന്ന യേശുവിന് വന്നുകഴിഞ്ഞ യേശുവിന്റെ അതേ വ്യക്തിത്വവും അതേ ദൗത്യ നിർവ്വഹണവുമാണ് സാരാംശത്തിൽ ഉണ്ടായിരിക്കേണ്ടത് എന്നകാര്യം അവരിരുകൂട്ടരും മറന്നുപോകരുത്. ഇസ്ലാം മതസ്ഥാപകരായ മുഹമ്മദ് നബി(സ)യുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ ഈ രണ്ടാം വരവ് മുസ്ലിം ലോകത്താണ് സംഭവിക്കുക; ക്രിസ്ത്യാനികൾക്കിടയിലല്ല. മുസ്ലിം സമുദായത്തിൽ വന്നുകഴിഞ്ഞ അദ്ദേഹം യേശു കാണിച്ച അത്ഭുതങ്ങളെല്ലാം കാണിച്ചു. എന്നാൽ രണ്ടാം വരവിന്റെ ഈ സന്ദർഭത്തിൽ അദ്ദേഹത്തിന് പരിവർത്തിക്കേണ്ടിയിരുന്നത് യേശുവിന്റെ കാലത്തുണ്ടായിരുന്നത് പോലെ യഹൂദ ജനതയ്ക്ക് പകരം മുസ്ലിംകളെയായിരുന്നു എന്നുമാത്രം. യേശുവിന്റെ രണ്ടാംവരവിനെ സംബന്ധിച്ചുള്ള ഈ പാഠങ്ങളെ തിരുനബി(സ)യുടെ മറ്റു പ്രവചനങ്ങൾ പൂർണമായും പിന്തുണക്കുന്നു. മുസ്ലിംകളുടെ അവസാന കാലത്തുള്ള അവസ്ഥ യഹൂദികളുടെ ജീർണകാലത്തുള്ള അവസ്ഥയ്ക്ക് തുല്യമായിരിക്കുമെന്ന് തിരുനബി (സ) ദീർഘദർശനം ചെയ്തിട്ടുണ്ട്. എങ്ങനെയെന്നാൽ ഒരു ജോഡി പാദുകങ്ങൾ പരസ്പരം തുല്യമായ രീതിയിൽ അവർ തമ്മിൽ സാമ്യതയുണ്ടായിരിക്കുമെന്നാണ് പ്രവചനം.

രോഗം തുല്യമായതിനാൽ ചികിത്സയും തുല്യമാകേണ്ടിയിരിക്കുന്നു. മസീഹ് അതേ എളിമയിൽ ലോകത്ത് വീണ്ടും അവതരിക്കുകയുണ്ടായി. അതേ വ്യക്തിയായിക്കൊണ്ടല്ല; ചൈതന്യത്തിലും സ്വഭാവത്തിലും സദൃശനായിക്കൊണ്ട്. അത്തരം ആത്മീയ വിപ്ലവകാരികൾ അങ്ങേയറ്റം എളിമത്തത്തിലും അവഗണിതാവസ്ഥയിലും ജന്മം കൊള്ളുകയും താഴ്മയോടു കൂടിയ ജീവിതം നയിക്കുകയും ചെയ്യുന്നു. അദ്ധ്യാത്മികമായ അവരുടെ പുനരവതരണം ആദ്യത്തേത് പോലെ അതേ അവസ്ഥയിലിരിക്കും. അതുപോലെ അവരോട് അതേ നിഷ്ഠുരതയോടും മുൻവിധിയോടും ഭ്രാന്തമായ വിദ്വേഷത്തോടും പെരുമാറപ്പെടുകയും ചെയ്യുന്നു. വാഗ്ദാനം ചെയ്യപ്പെട്ടവർ എന്ന നിലക്ക് ഈ രണ്ട് യഥാർത്ഥ പ്രതിനിധികളെയും ലോകം എളുപ്പത്തിൽ തിരിച്ചറിഞ്ഞില്ല എന്നതാണ് വാസ്തവം.

ക്രിസ്തുവിന്റെ അവതരണകാലത്ത് യഹൂദികളുടെ കരങ്ങളാൽ അദ്ദേഹത്തിന് എന്തെല്ലാം സഹിക്കേണ്ടിവന്നുവോ അതെല്ലാം അദ്ദേഹത്തിന്റെ രണ്ടാംവരവിലും ആവർത്തിക്കപ്പെട്ടു. ഇത്തവണ ആഗതനായപ്പോൾ അതേ വികലവും അയഥാർത്ഥവുമായ പ്രതീക്ഷകളായിരുന്നു അദ്ദേഹം പ്രേഷണം ചെയ്യപ്പെട്ട മുസ്ലിം ജനതയും വെച്ച് പുലർത്തിയിരുന്നത്. അതേ സാങ്കൽപ്പിക ലക്ഷ്യങ്ങൾ അദ്ദേഹം നേടണമെന്നായിരുന്നു അവർ കരുതിയിരുന്നത്; അതേ രീതിയിലുള്ള ദൗത്യ നിർവ്വഹണവും നേട്ടങ്ങളും ഭൂമിയിൽ കൈവരിക്കണമെന്ന് രണ്ടാംവരവ് കാലത്ത് യഹൂദികളെ വേപ്പാലെ മുസ്ലിംകളും പ്രതീക്ഷ വെച്ചു പുലർത്തി. ഈ രീതിയിൽ ചരിത്രം പുനരാവർത്തിക്കുകയായിരുന്നു.

ഈ ചരിത്രം അവലോകനം ചെയ്യുമ്പോൾ യഹൂദികൾക്ക് അവരുടെ മസീഹിനെ തിരിച്ചറിയുന്നതിൽ വന്നു ഭവിച്ച പിഴവുകൾ എളുപ്പത്തിൽ ഗ്രഹിക്കാനും ആ ദുരന്തത്തിൽ നിന്നു പാഠങ്ങൾ ഉൾക്കൊള്ളാനും നമുക്ക് സാധിക്കുന്നു. വിശുദ്ധപുസ്തകങ്ങളിലെ പ്രതിപാദനങ്ങൾ അക്ഷരാർത്ഥത്തിൽ പുലരണമെന്ന ശാഠ്യമാണ് അവരെ വഴി പിഴപ്പിച്ചത്. ജനങ്ങൾ പ്രതീക്ഷിക്കുന്ന മത പുരുഷന്മാരുടെ കാലത്ത് എപ്പോഴും സംഭവിച്ചിട്ടുള്ളതാണത്. അവരെ തിരിച്ചറിയേണ്ടുന്ന അടയാളങ്ങളെ തെറ്റായി പാരായണം ചെയ്യുകയും തെറ്റിദ്ധരിക്കുകയും ചെയ്യുന്നത് കൊണ്ടാണ് ഇത്

സംഭവിക്കുന്നത്. യാഥാർത്ഥ്യങ്ങളെ അത് മിഥ്യയാക്കി മാറ്റുന്നു. അലങ്കാരോക്തിയെ അക്ഷരാർത്ഥത്തിൽ എടുക്കുകയും ചെയ്യുന്നു. മസീഹിന്റെ രണ്ടാം വരവ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യിൽ സംഭവിച്ചപ്പോൾ ഏറക്കുറെ യേശുവിന്റെ കാലത്ത് അരങ്ങേറിയ അതേ ചരിത്രം തന്നെയാണ് ആവർത്തിക്കപ്പെട്ടത്. യഹൂദികൾ കാത്തിരുന്ന എലിയാ പ്രവാചകൻ ആകാശത്ത് നിന്ന് ഇറങ്ങിവരുമെന്ന് ക്രിസ്തുവിന്റെ കാലത്തെ യഹൂദികൾ പ്രതീക്ഷാ പൂർവ്വം കാത്തിരുന്നു. അതുപോലെ മസീഹ് സ്വയം ആകാശത്ത് നിന്ന് ഇറങ്ങിവരുമെന്ന് ഇക്കൂട്ടരും കാത്തിരുന്നു.

യഹൂദരെ സംബന്ധിച്ചിടത്തോളം മസീഹ് പൂർണ്ണമഹത്വവുംകൊണ്ട് വരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അന്നത്തെ അവരുടെ റോമൻ മേധാവികൾക്ക് മീതെ മസീഹ് അവരെ അധിപരാക്കുമെന്ന് അവർ കരുതി. ഈ പ്രതീക്ഷകളെല്ലാം നസറേത്തുകാരനായ യേശു തകർത്തെറിഞ്ഞു. അവസാനം യേശു പ്രത്യക്ഷപ്പെട്ടപ്പോൾ നൂറ്റാണ്ടുകളായി യഹൂദ ജനത നെഞ്ചിലേറ്റി നടക്കുകയും പ്രതീക്ഷാപൂർവ്വം ആഹ്ലാദിക്കുകയും ചെയ്ത മസീഹിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ യാഥാർത്ഥ്യവുമായി യാതൊരു ബന്ധവും ഇല്ലാത്തതായിക്കലാശിച്ചു.

യേശു ക്രിസ്തുവിന്റെ ആഗമനവും മിർസാഗുലാം അഹമദ് ഖാദിയാനിയുടെ ആഗമനവുമായി ബന്ധപ്പെട്ട സംഗതികളിൽ അനിഷേധ്യമായ സാമ്യതയാണുള്ളത്. ഇരുവരുടെയും ശത്രുക്കളുടെയും സമീപനം ഒരു പോലെയായിരുന്നു. പേരുമാത്രമെ വ്യത്യസ്തമായിട്ടുള്ളു. മുസ്ലിംകളുടെയും ക്രിസ്ത്യാനികളുടെയും മുഖ്യധാരാ സമൂഹം യേശുവിന്റെ കാലത്തെ യഹൂദികളുടേതിനു തുല്യമായിരുന്നു. അവരുടെ എതിർപ്പുകൾക്ക് സാമ്യതയുണ്ട്. അവരുടെ നിഷേധ ന്യായങ്ങൾക്ക് സാമ്യതയുണ്ട്. എങ്കിലും ഈ നിസ്സാരനായ മനുഷ്യനെ ദൈവം യേശുവിന് നൽകിയതിനേക്കാൾ മഹത്തായ ദൃഷ്ടാന്തങ്ങളാൽ സഹായിക്കുകയും അദ്ദേഹത്തിന്റെ സന്ദേശം ദ്രുതഗതിയിൽ വ്യാപിപ്പിക്കുകയും കൂടുതൽ ദേശങ്ങളിൽ പ്രചരിക്കപ്പെടുകയും ചെയ്തു. ഈ വസ്തുതകളെല്ലാം സ്വയം സംസാരിക്കുന്നതാണ്. പക്ഷേ, ഇതെല്ലാം ബുദ്ധിയുള്ളവന് മാത്രമേ ഗ്രഹിക്കാൻ കഴിയൂ. കാലംകഴിയുന്തോറും ഈ വസ്തുതകൾ കൂടുതൽ കൂടുതൽ വ്യക്തമായി വരുന്നു. പക്ഷേ, ബുദ്ധിപൂർവ്വം നിരീക്ഷിക്കുന്നവർക്കേ കാര്യങ്ങൾ മനസ്സിലാവുകയുള്ളു. അതിലുപരിയായി സമകാലീനലോകത്തെ മുസ്ലിംകളുടെയും ക്രിസ്ത്യാനികളുടെയും യഹൂദസമാനമായ ഇത്തരം സമീപനത്തിന്റെ പരിപ്രേക്ഷ്യത്തിൽ അവർക്കുള്ള മസീഹീ സന്ദേശത്തിന്റെ കാര്യത്തിലും മാറ്റമില്ല. എന്നാൽ, കണ്ണുകൾ അടച്ചിരിക്കുന്നവർ എങ്ങനെ സത്യം മനസ്സിലാക്കും?

നൂറ്റാണ്ടുകളോളമായി മസീഹിന്റെ രണ്ടാംവരവ് കാത്തിരിക്കുന്ന ക്രിസ്ത്യാനികളും മുസ്ലിംകളുമായവരെ ഉണർത്തിക്കൊണ്ട് ദൈവനിയുക്തനായ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹമദ് ഖാദിയാനി (അ) നൽകിയ പ്രവചനാത്മകമായ ഒരു പ്രഖ്യാപനം കേൾക്കുക.

"വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത്നിന്ന് ആരും തന്നെ ഇറങ്ങിവരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചു കൊൾവീൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്ക് ആകാശത്തുനിന്ന് ഇബ്നു മർയം (യേശു) ഇറങ്ങിവരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനു ശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ (അ) ഇറങ്ങുന്നതായി കാണാതെ മരണമടയും. പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാനബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു ഇവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഉളവാക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞുപോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മർയമിന്റെ പുത്രൻ ഈസാ അതുവരെയും ഇറങ്ങിവന്നിരിക്കുകയില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങും. അങ്ങനെ ഇന്നു മുതൽ മൂന്നു നൂറ്റാണ്ടു പൂർണ്ണമാകുന്നതിനു മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്ലിംകളാവട്ടെ ക്രിസ്ത്യാനികളാവട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെകുറിച്ചു നിരാശപ്പെടുകയും തീരെ മനം മടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും." (തദ്കിറത്തുശ്ശഹാദത്തൈൻപേജ്-67)

ഒരു പുതിയ തലമുറ ജനിക്കുന്നത് വരെ അവരും ഈ കാത്തിരിപ്പ് തുടരുമായിരിക്കാം. ആ തലമുറയും അവരുടെ അവധികഴിഞ്ഞാൽ നിഷ്ക്രമിക്കുകയും പുതിയ തലമുറ രംഗ പ്രവേശം ചെയ്യുകയും ചെയ്യും. ഈ കാത്തിരിപ്പ് അവസാനകാലംവരെ തുടരും. പക്ഷേ, യേശു ഒരിക്കലും ഇറങ്ങിവരുന്നത് ആർക്കും കാണാൻ സാധ്യമല്ല. യേശുവിനോട് രണ്ടാമതും ഭൂമിയിൽ വരണ

*ശേഷം പേജ് 18ൽ*

**മസീഹിന്റെ രണ്ടാം വരവ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യിൽ സംഭവിച്ചപ്പോൾ ഏറക്കുറെ യേശുവിന്റെ കാലത്ത് അരങ്ങേറിയ അതേ ചരിത്രം തന്നെയാണ് ആവർത്തിക്കപ്പെട്ടത്. മസീഹ് സ്വയം ആകാശത്ത് നിന്ന് ഇറങ്ങിവരുമെന്ന് ഇക്കൂട്ടരും കാത്തിരുന്നു.**

ലേഖനം

# പ്രാർത്ഥന: മനഃശാന്തിയുടെ മാർഗ്ഗം

ഇ. ഓർച്ചാഡ് അഹ്മദ്, കണ്ണൂർ

## പ്രാർത്ഥന മനുഷ്യനെ ആത്മീയമായി ഉയർത്തുകയും മനഃശാന്തി നൽകുകയും ചെയ്യുന്നു

അല്ലാഹുവിന്റെ വിസ്മയകരമായ വരദാനമാണ് മനുഷ്യജീവിതം. മനുഷ്യർക്കും ഇതര ജീവജാലങ്ങൾക്കും വേണ്ട ശരീരഘടനയും, അനുകൂല ശേഷിയും (Adaptation) നൽകിയാണ് ഈ പ്രപഞ്ചത്തെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. അതിൽ വിശേഷബുദ്ധികൊണ്ടനുഗൃഹീതനായ മനുഷ്യൻ ജന്മവാസന കൊണ്ട് മാത്രമല്ല വിവേചനബോധം കൊണ്ടും യുക്തിചിന്തകൊണ്ടും ജീവിക്കുന്നവനാണ്. മനുഷ്യന്റെ ജീവിതലക്ഷ്യമെന്താണെന്നും എങ്ങനെയാണ് അവൻ ജീവിതപരിസരത്തോട് പ്രതികരിക്കേണ്ടതെന്നും ഖുർആനിക സൂക്തങ്ങളിലൂടെയും പ്രവാചക ജീവിതചര്യകളിലൂടെയും സൂചനകളിലൂടെയും മനുഷ്യന് ഉദ്ബോധനം നൽകപ്പെട്ടിരിക്കുന്നു.

മനുഷ്യന്റെ നിലനിൽപ്പിനും വികാസത്തിനും വേണ്ട എല്ലാ ഘടകങ്ങളും പ്രകൃതിയിലൂടെ അല്ലാഹു സംവിധാനിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിതരണത്തിൽ പ്രത്യക്ഷത്തിൽ കാണുന്ന അസന്തുലിതാവസ്ഥയും അസമത്വവും അപര്യാപ്തതകളും മനുഷ്യന്റെ ആത്മീയ വികാസം ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. മനുഷ്യന്റെ ധാർമ്മികവും ആത്മീയവുമായ മൂല്യങ്ങൾ വിഭവങ്ങളുടെയും ജീവിതസൗകര്യങ്ങളുടെയും അഭാവത്തിലും വിവേചനബുദ്ധി ഉപയോഗിച്ച് വളരെയേറെ വളർത്തി വികസിപ്പിച്ചെടുക്കാൻ സാധിക്കും. അതുപോലെ അതിന്റെ ലഭ്യതയിലും ആധിപത്യത്തിലും പ്രസ്തുത മൂല്യങ്ങളെ വളർത്തുവാൻ മനുഷ്യന് കഴിയുന്നു. ജീവിത പ്രയാസങ്ങളോടും വിഭവ ദൗർലഭ്യതയോടുമുള്ള നിഷേധാത്മക സമീപനമാണ് അസഹിഷ്ണുതയും അസംതൃപ്തിയുമായി മാറുന്നത്.

വെറും ആസ്വാദനങ്ങൾക്ക് വേണ്ടി മാത്രം നാം ഭൗതിക വിഭവങ്ങളും ജീവിത സൗകര്യങ്ങളും ആർജിക്കുകയാണെങ്കിൽ താൽക്കാലിക ആനന്ദം വന്നുചേരുമെങ്കിലും ധാർമിക, ആത്മീയ മൂല്യങ്ങളുടെ അഭാവത്തിൽ അത് മനുഷ്യന്റെ മാനസിക സ്വസ്ഥത കെടുത്തുകയും ജീവിതം സംഘർഷഭരിതമാക്കുകയും ചെയ്യുന്നു.

### പ്രാർത്ഥനയും ശാന്തിയും

മനുഷ്യന്റെ മാനസിക സുഖം അവന്റെ ഹൃദയം, ശരീരം, മനസ്സ്, ചുറ്റുപാടുകൾ എന്നിവയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. റബ്ബിനെ ഓർക്കലും അവന് സ്വയം സമർപ്പിക്കലും സ്വന്തം ബലഹീനതകളും ദൗർബല്യങ്ങളും അവന്റെ മുന്നിൽ അർപ്പിക്കുകയും അവനിൽ മാത്രം പ്രതീക്ഷയർപ്പിക്കുകയും ചെയ്താൽ മാത്രമേ നമുക്ക് മാനസികാരോഗ്യവും സ്വസ്ഥതയും നിലനിർത്തിക്കൊണ്ടുപോകുവാൻ സാധിക്കൂ.

അല്ലാഹുവുമായി സംവദിക്കുവാനും ബന്ധം സ്ഥാപിക്കാനും അതിലൂടെ ശക്തി നേടാനുമുള്ള ഏറ്റവും എളുപ്പമാർന്ന മാധ്യമമാണ് ദുആ. "വിനയത്തോടും രഹസ്യമായും നിങ്ങളുടെ നാഥനെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുക" (അഅ്റാഫ് 56). "ഭയത്തോടും പ്രത്യാശയോടും കൂടി നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുക. അങ്ങനെയുള്ളവർക്ക് വളരെ വേഗം അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുന്നു." (അഅ്റാഫ് 57). അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്യലും സമസൃഷ്ടികൾക്ക് നന്മ ചെയ്യലുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാനം. ''അറിയുക ദൈവസ്മരണ കൊണ്ടേ ഹൃദയങ്ങൾ സമാധാനമടയൂ" (അർറഅ്ദ് 29). ആത്മസാക്ഷാൽകാരത്തിലൂടെയുള്ള സാമൂഹികോന്നമനമാണ് ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സത്ത. അല്ലാഹുവിലേക്കുള്ള സ്വയം സമർപ്പണത്തിലൂടെയും ആത്മത്യാഗത്തിലൂടെയും മാത്രമേ സമൂഹത്തിന് വേണ്ടി നമുക്ക് എന്തെങ്കിലും നൽകാനാകൂ. അപ്പോൾ മാത്രമേ മനസ്സ് ഇസ്‌ലാമീകരിക്കുന്നുള്ളൂ. അല്ലാഹുവിനെ മാത്രം ഇബാദത്ത് ചെയ്ത് കൊണ്ടാണ് ഇത് കൈവരിക്കേണ്ടത്. അല്ലാഹു ഖുർആനിൽ "ഇയ്യാകനഅ്ബുദു" എന്ന് കൽപ്പിക്കുവാനുള്ള കാരണവുമിതുതന്നെയാണ്.

ഫ്രഞ്ച്കാരുമായുള്ള ഒരഭിമുഖത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് അഹ്മദിയ്യാ ഖലീഫ തിരുമനസ്സ് ഇങ്ങനെ പറയുകയുണ്ടായി. "പ്രാർത്ഥന നിങ്ങളുടെ ശ്രദ്ധയെ സദാ അല്ലാഹുവിലേക്ക് തിരിക്കുന്നു. അതുമുഖേന നിങ്ങൾക്ക് ഒരു പുതിയ ജീവൻ കൈവരുന്നു. എവിടെയാണ് നിങ്ങൾ ആശ്രയം കണ്ടെത്തേണ്ടതെന്ന് പ്രാർത്ഥന നിങ്ങൾക്ക് പറഞ്ഞുതരുന്നു. അല്ലാഹുവിന് മാത്രമേ നിങ്ങളെ സഹായിക്കുവാൻ കഴിയുകയുള്ളൂവെന്നും, അല്ലാഹുവിന്റെ ഇച്ഛയുണ്ടെങ്കിൽ

മാത്രമേ മനുഷ്യരുടെ സഹായം നിങ്ങൾക്ക് ലഭ്യമാകൂ എന്നും ദുആ പഠിപ്പിക്കുന്നു. (MTA 12.6.2000) എല്ലാ പ്രാർത്ഥനയും അല്ലാഹുവിന്റെയടുക്കൽ സ്വീകരിക്കപ്പെടണമെന്നില്ല. എന്നാൽ സ്ഥിരമായും വ്യവസ്ഥാപിതമായും ചെയ്യുക എന്നതാണ് പ്രധാനം. ഫലം ലഭിക്കുമോ ഇല്ലയോ എന്നതിലല്ല. മറിച്ച് പ്രാർത്ഥനയിലൂടെ ലക്ഷ്യപ്രാപ്തിയും ആത്മവിശ്വാസവും കൈവരുമെന്ന വിശ്വാസമാണ് നാം മുറുകെപിടിക്കേണ്ടത്.

ദുആയുടെ ഫലപ്രാപ്തിയും, വിശ്വാസവും പരസ്പര പൂരകങ്ങളാണ്. വിശ്വാസിക്ക് അവൻ ക്ലിപ്തസമയത്തിനുള്ളിൽതന്നെ ഫലം നൽകുന്നു. എന്നാൽ ഫലം പൂർണ്ണമായും, നാം കാംക്ഷിക്കുന്നത് പോലെയാകണമെന്നില്ല; കാരണം അർഹതയുടെയും നീതിയുടെയും അടിസ്ഥാനത്തിൽ മാത്രമേ അവൻ അവന്റെ ദാസൻമാർക്ക് എന്തും നൽകുന്നുള്ളൂ. അന്ധമായും അയുക്തികമായും അവൻ ഒന്നും തന്നെ ചെയ്യുന്നില്ല. അവൻ തരുന്നതെന്തും സന്തോഷത്തോടും സഹനത്തോടും കൂടി സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടത്. അവൻ നിശ്ചയിച്ച നിബന്ധനകൾ പൂർത്തീകരിക്കുന്ന ആർക്കും തന്നെ അവരർഹിക്കുന്ന അളവിൽ അവൻ നൽകുന്നു. “അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽ പെട്ടതല്ലാത്ത ഉത്തരവാദിത്തമേൽപ്പിക്കുന്നില്ല. അവൻ പ്രവർത്തിച്ച സൽകർമ്മത്തിന്റെ ഫലം അവന് ലഭിക്കുന്നതാണ്. അല്ലാഹു ഒരിക്കലും ഒരു അണുഅളവും അനീതി പ്രവർത്തിക്കുകയില്ല. ഒരാളുടെ കർമ്മം നല്ലതാണെങ്കിൽ അവൻ അത് ഇരട്ടിപ്പിക്കുകയും തന്റെ പക്കൽ നിന്ന് മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്” (അന്നിസാഅ് 41).

സൃഷ്ടിയുടെ മേന്മ അളക്കപ്പെടുന്നത് തന്നെ സ്രഷ്ടാവുമായുള്ള ബന്ധത്തിലൂടെയാണ്. ഖുർആൻ മനുഷ്യനെ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധി എന്നാണ് നിർവചിച്ചിരിക്കുന്നത്. (അൽബഖറ 31). അതുകൊണ്ട് തന്നെ അവനോട് സമാന്തരമായി സൃഷ്ടിച്ചിട്ടുള്ള മറ്റെല്ലാറ്റിനേയും ഉൾക്കൊള്ളുകയും നിരീക്ഷിക്കുകയും മാനസികോന്നമനത്തിനുതകുന്ന വിധത്തിൽ അവയെക്കുറിച്ച് പഠിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ ജീവിതലക്ഷ്യം ഇത്തരം ഉത്തരവാദിത്വങ്ങളുമായി ബന്ധപ്പെട്ടു കിടക്കുകയും ചെയ്യുന്നു. ഭൂമിയിലെ മറ്റെല്ലാ സൃഷ്ടികളുടേയും മേൽനോട്ടക്കാരനും സൂക്ഷിപ്പുകാരനുമാണ് മനുഷ്യൻ. തന്റെ അസ്തിത്വം തന്നെ ദൈവത്തിന്റെ മറ്റു സൃഷ്ടികളുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ മനുഷ്യൻ കൂടുതൽ സന്മാർഗ്ഗചിത്തനും, വിവേകശാലിയുമാകേണ്ടതുണ്ട്. ഭൂമിയിൽ സംഭവിക്കുന്ന എല്ലാ ഭൗതിക വിനാശങ്ങൾക്കും മാനസിക സംഘർഷങ്ങൾക്കും ഭവിഷ്യത്തുക്കൾക്കും കാരണമായി ഇസ്ലാം കാണുന്നത് മനുഷ്യന്റെ കർമ്മത്തെയാണ്. ഭൂമിയിൽ നടക്കുന്ന ഒരു പ്രവർത്തനവും യാദൃച്ഛികമല്ലെന്നും എല്ലാം തന്നെ സൃഷ്ടികർത്താവ് അവന്റെ സൃഷ്ടികൾക്ക് നൽകുന്ന പാഠമാണെന്നോ കനിവാണെന്നോ നാം എന്നും ഭക്തിയോടെ ഓർക്കേണ്ടതുണ്ട്. “അൽപ്പമൊക്കെ ഭയം, വിശപ്പ്, ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്'' (അൽബഖറ 156-157).

പ്രതിസന്ധിഘട്ടങ്ങളിലും പരീക്ഷണങ്ങൾക്ക് വിധേയമാകുമ്പോഴുമാണ് നാം വിശ്വാസവും തത്വങ്ങളും മുറുകെ പിടിക്കേണ്ടത്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ഉത്കൃഷ്ടനാണ് മനുഷ്യനെങ്കിലും ഒരിക്കലും തെറ്റോ പാവമോ ചെയ്യാത്ത സാധാരണക്കാരെ കാണാൻ പ്രയാസമാണ്. “നിങ്ങൾ പാപം ചെയ്യാതിരിക്കുവിൻ” എന്നല്ല “ചെയ്തുപോയ പാപങ്ങളിൽ നിന്ന് മോചനം നേടുവിൻ'' എന്നാണ് അല്ലാഹു കൽപിക്കുന്നത്. ജീവിതം അല്ലാഹുവിന്റെ അമാനത്താണെന്നും അവൻ കല്പിച്ചിട്ടുള്ള വഴിയേ സഞ്ചരിച്ചെങ്കിൽ മാത്രമേ മോക്ഷം ലഭിക്കുകയുള്ളുവെന്നും താൽക്കാലിക നേട്ടങ്ങൾക്ക് വേണ്ടി അവന്റെ കൽപ്പനകളിൽ നിന്നു വ്യതിചലിക്കുന്നവർക്ക് വേദനയുടെ ആഴങ്ങളിലേക്ക് ആപതിക്കേണ്ടിവരുമെന്നും നാം ഓർക്കേണ്ടതുണ്ട്.

## പ്രാർത്ഥന, കർമ്മം, സമാധാനം

തുറന്ന മനസ്സിന്റെ പൂർണ്ണമായ സമർപ്പണമാണ് പ്രാർത്ഥനയിലൂടെ നാം സൃഷ്ടികർത്താവിന് കാണിക്കുന്നത്. പ്രാർത്ഥന മനസ്സിനെ സൗമ്യവും ആർദ്രവുമാക്കുന്നു. ഹൃദയത്തിന്റെ വിങ്ങലുകളാണ് അപ്പോൾ നാവിൽ നിന്ന് പുറത്തേക്ക് വരുന്നത്. പക്ഷേ കേവലം വാക്കാലുള്ള പ്രാർത്ഥനകൊണ്ട് മാത്രം ഒന്നുംതന്നെ നേടാൻ സാധ്യമല്ല. കർമ്മനിഷ്ഠമായ പ്രാർത്ഥനയാണ് അല്ലാഹുവിങ്കൽ സ്വീകാര്യമാവുക. പ്രവർത്തിയിലൂടെയാണ് പ്രാർത്ഥന അനുഭവിക്കേണ്ടത്. വായകൊണ്ട് ഒന്നു പറയുകയും കർമ്മം അതിന് വിരുദ്ധമാവുകയും ചെയ്യുക ഒട്ടും ഭൂഷണമല്ല. ബാഹ്യപ്രേരണകളിൽ വശംവദരാകാതെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഉറച്ചുനിന്നുകൊണ്ടാണ് നാം കർമ്മ നിരതരാകേണ്ടത്. ഫലേച്ഛ കൂടാതെയുള്ള കർമ്മത്തിലൂടെ മാത്രമേ മനഃശ്ശാന്തി നേടാനാകൂ. മനുഷ്യനൊഴികെ ഈ ഭൂമുഖത്തുള്ള ഓരോ ജീവിയും പ്രതിഫലേച്ഛ കൂടാതെയാണ് ഓരോ പ്രവർത്തിയും ചെയ്യുന്നതെന്ന് കാണാൻ കഴിയും. മനുഷ്യൻ മാത്രമാണ് അഹോരാത്രം അദ്ധ്വാനിക്കുകയും അതിനനുസരിച്ച് കണ്ണീർ പൊഴിക്കുകയും ചെയ്യുന്നത്. എന്താണിതിന് കാരണം?

ജീവിതം എന്നത് അല്ലാഹുവിന്റെ തീരുമാനങ്ങൾക്ക് പൂർണ്ണമായ കീഴ്പ്പെടൽ മാത്രമാണ്. യഥാർത്ഥ മുസ്ലിം അല്ലാഹുവിന്റെ തീരുമാനങ്ങളിൽ പൂർണ്ണ സംതൃപ്തനായിരിക്കും. അല്ലെങ്കിൽ അല്ലാഹുവിന്റെ തീരുമാനങ്ങൾക്കനുസരിച്ച് ജീവിതം കരുപിടിപ്പിക്കുന്നവരായിരിക്കും. മതമൂല്യങ്ങൾ ശരിയായി ഉൾക്കൊണ്ട മനുഷ്യൻ ഏതവസ്ഥയിലും ദൈവത്തെ ധ്യാനിച്ചുകൊണ്ടേയിരിക്കുന്നു. സ്വന്തം താത്പര്യത്തിനോ ഇഷ്ടത്തിനോ ചെലവാക്കുന്ന സമയവും ശക്തിയും സ്രഷ്ടാവിനുവേണ്ടിയും ചെലവാക്കുക എന്ന നിലവാരത്തിലേക്ക് ഉയരുവാൻ വിശ്വാസിക്ക് സാധിക്കുന്നു. ഇസ്ലാംമത വ്യവസ്ഥയുടെ ആധാരം തന്നെ ഖുർആനാണല്ലോ. ഖുർആൻ പ്രാർത്ഥനയ്ക്ക് ജീവിതത്തിൽ വളരെ പ്രാധാന്യമുള്ള സ്ഥാനമാണ് നൽകിയിരിക്കുന്നത്. സൃഷ്ടികർത്താവിനോടുള്ള സ്നേഹവും, വിശ്വാസവുമാണ് അവനോട് എന്തും ആവശ്യപ്പെടാൻ നമ്മെ പ്രേരിതരാക്കുന്നത്. അവന്റെ പരിഗണനയ്ക്കായി നാം സദാ ആഗ്രഹിക്കുന്നു. വിശ്വാസത്തിന്റെ രുചിയും, മാധുര്യവും അനുഭവിക്കാൻ പ്രാർത്ഥനയിലൂടെ-അല്ലാഹുവുമായുള്ള സംവേദനത്തിലൂടെ-നമുക്ക് സാധിക്കുന്നു. ■

**ജുമുഅ ഖുത്വ്ബ**



# ഗൾഫ് യുദ്ധം:

## മുസ്‌ലിം രാഷ്ട്രങ്ങൾ എവിടെ നിൽക്കുന്നു?

**ഹസ്റത്ത് ഖലീഫത്തുൽ മസീഹ് – IV**

അമേരിക്കയും ബ്രിട്ടനും ഇറാഖിനെ ചതച്ചരയ്ക്കുന്നതിന് കച്ചകെട്ടിയിരിക്കുകയാണ്. അവരുടെതന്നെ മാർഗ്ഗ നിർദ്ദേശത്തോടെ അവരുടെതന്നെ നേതൃത്വത്തിൽ യുദ്ധത്തിന്റെ പെരുമ്പറ മുഴക്കിക്കൊണ്ടിരിക്കുന്നു. ഇറാഖിനെ നിർമ്മൂലനം ചെയ്യേണ്ടത് അത്യാവശ്യമാണെന്നു അവർ നിരന്തരം ഘോഷിച്ചുകൊണ്ടിരിക്കുന്നു. എങ്കിൽ മാത്രമേ ലോകം അവശേഷിക്കുകയുള്ളുവത്രെ! അതായത്, ഇറാഖ് ഇതേ ശക്തികയോടെ നിലനിൽക്കുന്നപക്ഷം ലോകത്തിന്റെ സമാധാനം അപകടത്തിലായിരിക്കുമെന്നു മാത്രമല്ല, ലോകം തന്നെ നശിച്ചൊടുങ്ങിപ്പോകുമെന്നു പേടിക്കേണ്ടിയിരിക്കുന്നുവെന്നും അവർ പറയുന്നു! ഇന്റർവ്യൂകളിലും പത്രസമ്മേളനങ്ങളിലും ആവർത്തിച്ചാവർത്തിച്ചു പാശ്ചാത്യനേതാക്കൾ ഇതാണ് ഉച്ചത്തിൽ ലോകത്തോടു പറയുന്നത്. നോക്കൂ, ഇറാഖ് കുവൈത്തിനെ അധീനപ്പെടുത്തിയിരിക്കുന്നു. എത്രവലിയ അക്രമമാണ് നടത്തയിട്ടുള്ളത്! ഈ അക്രമത്തിന്നെതിരെ ഉയർന്നിട്ടുള്ള ലോകാഭിപ്രായത്തെ നമുക്കെങ്ങനെ അവഗണിക്കാൻ കഴിയും? ഇത്തരം അക്രമികൾക്ക്, കൊല്ലും കൊലയും നടത്തുന്നവർക്ക്, കൊള്ളയും കൊള്ളിവെപ്പും നടത്തുന്നവർക്ക് ജീവിച്ചിരിക്കാൻ എന്തവകാശം? നാം ഈ അക്രമത്തിന്നെതിരെ തക്കസമയത്ത് തന്നെ ഒന്നിച്ചുചേരുകയും ഉടൻ നടപടികൾ സ്വീകരിക്കുകയും അക്രമിയെ ശിക്ഷിക്കുകയും ചെയ്തില്ലെങ്കിൽ അക്രമങ്ങൾക്ക് അറുതിവരുത്താനാവില്ല. അക്രമികളെ തടയാൻ കഴിയാതെയും വരും. ഇതാണ് ഒരു വിഭാഗത്തിന്റെ നിലപാട്.

ഇതിനെതിരിൽ ഇറാഖിന്റെ നിലപാട് ഇതാണ്: നിങ്ങളൊക്കെ വലിയ വലിയ തത്ത്വങ്ങളും ഉൽക്കൃഷ്ടമായ ധാർമ്മിക പാഠങ്ങളും ഉയർത്തിക്കാട്ടി സംസാരിക്കുന്നു. എന്നാൽ, മദ്ധ്യപൗരസ്ത്യദേശത്തെ അറബ് പ്രദേശങ്ങളിൽ ഉള്ള അസംതൃപ്തികൾക്കും അസ്വാസ്ഥ്യങ്ങൾക്കും അതു കാരണമായുള്ള നിരന്തരമായ സമാധാനഭഞ്ജനങ്ങൾക്കും ഉത്തരവാദി നിങ്ങൾതന്നെയാണെന്ന കാര്യം മറന്നുകളയുകയുമാണ്. മദ്ധ്യപൗരസ്ത്യദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ച ഘട്ടങ്ങളിലെല്ലാം അതിന്ന് തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നവർ നിങ്ങൾ തന്നെയാണ്. നിങ്ങൾ അന്യായമായി ചിത്രീകരിച്ചുകൊണ്ടിരിക്കുന്ന കുവൈത്ത് കീഴടക്കൽ ഇറാഖിന്റെ പക്കൽ അന്യായമായിരിക്കുന്നില്ല. ഇറാഖ് കുവൈത്തിനെ കീഴടക്കിയതു പോലെതന്നെയായിരുന്നു അടുത്തകാലത്ത് ഇസ്രായീൽ ബോർഡറിന്റെ പശ്ചിമതീരം കയ്യടക്കിവെച്ചിരിക്കുന്നത്. നിങ്ങൾ ഐക്യരാഷ്ട്രങ്ങളെപ്പറ്റി പറയുന്നു. ഈ കയ്യടക്കിയ പ്രദേശങ്ങളിൽ നിന്നു ഇസ്രയീൽ ഒഴിഞ്ഞുപോകുന്നതിന്ന് ആവശ്യപ്പെട്ടു എത്രയോ പ്രമേയങ്ങൾ യു എൻ ഒ പാസ്സാക്കിയെങ്കിലും നടപ്പാക്കിയില്ല. അമേരിക്ക പ്രത്യേക നിലയിൽ ഈ ശ്രമങ്ങളെ വീറ്റോ ചെയ്കയുണ്ടായി.

ഇറാഖ് അമേരിക്കയോടും ബ്രിട്ടനോടും പറയുന്നു: നിങ്ങൾ ധാർമ്മിക നീതികളും ഉൽകൃഷ്ടതത്ത്വങ്ങളും ഉച്ചത്തിൽ ഉൽഘോഷിക്കുന്നതും നിർത്തുക. ആ തത്ത്വങ്ങൾക്ക് നിങ്ങളുടെ പക്കൽ യാതൊരു വിലയും ഇല്ല. ഉണ്ടെങ്കിൽ, പശ്ചിമേഷ്യയിലെ എല്ലാ പ്രശ്നങ്ങളും ഒരേ തത്ത്വമനുസരിച്ചു പരിഹരിക്കാൻ ശ്രമിക്കുക. ഇറാഖ്-കുവൈത്ത് പ്രശ്നംപോലുള്ള വേറെയും പ്രശ്നം മുമ്പേ നിലനിൽക്കുന്നു. ഈ പ്രശ്നത്തിലും അതേ തത്ത്വങ്ങളനുസരിച്ചു നീതിപൂർവ്വം തീരുമാനമുണ്ടാക്കുമെങ്കിൽ ഞങ്ങൾ അനുകൂലിക്കാൻ തയ്യാറാണ്. അതിന്റെ മുമ്പിൽ ഞങ്ങൾ തലകുനിക്കും. എന്നാൽ മറ്റേ നിലപാട് ഇതാണ്: ഏതെങ്കിലും ഒരു രാഷ്ട്രത്തെ ആക്രമിച്ചു കീഴടക്കാനുള്ള അനുവാദം മറ്റൊരു രാഷ്ട്രത്തിന്ന് അതു ശക്തിയുള്ള രാഷ്ട്രമാണെന്ന അടിസ്ഥാനത്തിൽ അംഗീകരിച്ചു കൊടുക്കുന്നപക്ഷം ലോകത്ത് സമാധാനം എന്നെന്നേയ്ക്കുമായി നശിച്ചുപോകും. അതായത്, ആക്രമണപ്രശ്നം വേറെയും അധീന പ്രശ്നം വേറെയും ആയി കാണണം. രണ്ടും രണ്ടാണ്. എന്നാൽ, ഇപ്രകാരം പറയുന്ന രാഷ്ട്രങ്ങളുടെ പൂർവചരിത്രം അവർക്കെതിരായ തെളിവുകളാണ് നൽകുന്നത്.

(അമേരിക്ക റെഡ് ഇന്ത്യക്കാർക്കെതിരെയും ആഫ്രിക്കൻ അടിമകൾക്കെതിരെയും നടത്തിയിട്ടുള്ള അക്രമങ്ങളെയും ബ്രിട്ടൻ ആസ്ത്രേലിയയിലെ പൂർവ്വനിവാസികൾക്കെതിരായി നടത്തിയിട്ടുള്ള അതിക്രമങ്ങളും ഇന്ത്യയിലും ആഫ്രിക്കയിലും ചെയ്ത അക്രമങ്ങളും വിവരിച്ചശേഷം ഹസ്റത്ത് സാഹിബ് ഇപ്രകാരം തുടർന്നു):

## ഇറാഖിനെതിരെ ഉപരോധം

ഇപ്പോൾ ഉപരോധത്തിന്റെ കാര്യം പറയുന്നു. തെക്കെ ആഫ്രിക്കക്കെതിരിൽ ഉപരോധം ഏർപ്പെടുത്തി. കൊല്ലം മുഴുവനും ഉപരോധം നടത്തിയെങ്കിലും പ്രത്യക്ഷമായ യാതൊരു ഫലവും ഉണ്ടായില്ല. ആ ഉപരോധം നീണ്ടുപോയി. എന്നാൽ, അത് ഫലകരമല്ലാത്തതുകൊണ്ട് ലോക രാഷ്ട്രങ്ങളെല്ലാം ഏകോപിച്ചു തെക്കെ ആഫ്രിക്കയെ ആക്രമിക്കണമെന്ന ശബ്ദം ഉയർന്നുകേട്ടില്ല. പാശ്ചാത്യ രാഷ്ട്രങ്ങളിൽ ഇംഗ്ലണ്ട് തന്നെയും ഉപരോധത്തിന്റെ പല ഘട്ടങ്ങളിലും സഹകരിച്ചില്ല. ഇംഗ്ലണ്ടിലെ ജനങ്ങൾ തങ്ങളുടെ സർക്കാറിന്നെതിരെ ശബ്ദമുയർത്തിയെങ്കിലും അതൊന്നും ഗൗനിച്ചതേയില്ല! അവർക്കെതിരെ നടപടികളും ഉണ്ടായില്ല. ഇതൊന്നും തന്നെ പഴയകാലങ്ങളിലെ ചരിത്രത്തിന്റെ ഭാഗമല്ലെന്ന് ഓർക്കേണ്ടതാണ്. അടുത്തകാലം മാത്രം നടന്നതാണ് ഇതെല്ലാം. ഉപരോധത്തെ അനുകൂലിക്കാത്ത രാഷ്ട്രങ്ങൾക്കെതിരെ സൈനികശക്തി പ്രയോഗിക്കണമെന്നു ആരും ഭീഷണിപ്പെടുത്തിയില്ല. ഉപരോധം നീണ്ടുപോയിട്ടും ഫലകരമാകാത്തതുകൊണ്ട് മറ്റെന്തെങ്കിലും നടപടി വേണം എന്നാരും പറഞ്ഞില്ല. എന്നാൽ, ഇറാഖിനെതിരെ രണ്ടുപ്രകാരത്തിലുള്ള ശബ്ദവും ഉയർന്നു. അതായത് ഇറാഖിന്റെ മേലുള്ള ഉപരോധം-സാമ്പത്തിക ഉപരോധം-പരിപൂർണ്ണമായിരിക്കണം. ഭക്ഷ്യവസ്തുക്കളോ മരുന്നുകളോ യാതൊന്നുംതന്നെ അങ്ങോട്ടു കടക്കരുത്. അവിടെനിന്ന് യാതൊന്നും പുറത്തേക്ക് പോകയുമരുത്. നാലുഭാഗത്ത് നിന്നും ഇറാഖിനെതിരെ കർശനമായ ഉപരോധം നടപ്പിലാക്കണം. ജോർഡാനെയും ഉപരോധിക്കണം. എന്തെന്നാൽ, ഈ മാർഗ്ഗത്തിൽ ഉപരോധം പൊളിഞ്ഞേക്കാനിടയുണ്ട്.

ജോർഡാൻ നദിയുടെ പശ്ചിമതീരം ഇസ്രായീൽ പിടിച്ചടക്കിയിരിക്കുന്നു. അതിനെതിരെ യാതൊരു ഉപരോധവും നടപ്പിലാക്കുകയുണ്ടായില്ല. ഇസ്രായീൽ ഫലസ്തീനികൾക്ക് നേരെ നടത്തിയ അക്രമങ്ങൾക്ക് എതിരായി ഒരു ശബ്ദവും ഉയർന്നില്ല. ഇറാഖിനെതിരായി ഉന്നയിക്കുന്ന കാര്യങ്ങൾ ഇസ്രായീലിനെതിരിലും ഉന്നയിക്കുകയും ബാധകമാക്കുകയും ചെയ്തിരുന്നെങ്കില് പശ്ചിമേഷ്യൻ പ്രശ്നം എത്രയോ മുമ്പേ പരിഹരിക്കപ്പെട്ടിരിക്കുമായിരുന്നു.

## മുസ്‌ലിം രാഷ്ട്രങ്ങൾ

ഞാൻ പ്രശ്നത്തിന്റെ മൂന്നാമത്തെ വശത്തിലേക്ക് കടക്കുകയാണ്. ഇറാഖിന്റെ നിലപാടും പാശ്ചാത്യരാഷ്ട്രങ്ങളുടെ നിലപാടും ഞാൻ വിവരിച്ചു. മറ്റു മുസ്‌ലിം രാഷ്ട്രങ്ങളും ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഭൂരിപക്ഷവും സഊദി അറേബ്യയുടെ നിലപാടിനെ പിന്താങ്ങിയിരിക്കുന്നു. എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളും ഒന്നിച്ചുചേർന്നുകൊണ്ടു അഥവാ ഭൂരിപക്ഷം മുസ്‌ലിം രാഷ്ട്രങ്ങളും ഒരുമിച്ചുകൂടി ഇറാഖിനെ നശിപ്പിക്കാൻ ശ്രമിക്കുക എന്നതാണത്. അതുകൊണ്ടുമാത്രമല്ല, സഊദി അറേബ്യ പുണ്യരാജ്യമാണ്! മക്ക, മദീന എന്നീ പുണ്യസ്ഥലങ്ങൾ ഇവിടെയാണ്. ഇതു കുവൈത്തിന്റെ മാത്രം പ്രശ്നമല്ല. പുണ്യസ്ഥലങ്ങളുടെ രക്ഷയുടെ പ്രശ്നം കൂടിയാണ്! ഈ പുണ്യസ്ഥലങ്ങളുടെ പരിശുദ്ധിയെ രക്ഷിക്കേണ്ട പ്രശ്നമാണ്. ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ഇവിടെവെച്ചാണ് ശ്വാസം കഴിച്ചത്. ഇവിടെയാണ് അവിടുന്നു പദമൂന്നി നടന്നത്. അങ്ങനെയൊക്കെ ഈ പുണ്യരാജ്യത്തിന്റെ പരിശുദ്ധിയെകുറിച്ചു വളരെയെല്ലാം ഉയർത്തിപ്പറഞ്ഞുകൊണ്ട് മുസ്‌ലിംകളുടെ വികാരങ്ങളെ ഇളക്കിവിട്ടു. പാക്കിസ്താനും അടിക്കടിയായി ഇക്കാര്യങ്ങൾതന്നെ പ്രഖ്യാപിച്ചുകൊണ്ടിരുന്നു. വിശുദ്ധ രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി തങ്ങളും രണ്ടായിരം ഭടന്മാരെ, 5000 പട്ടാളക്കാരെ അയച്ചിരിക്കുന്നു! വിശുദ്ധരാജ്യത്തിന്റെ രക്ഷയ്ക്കായി ഞങ്ങളിതാ മഹാത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു! അപ്പോൾ ഈ വിശുദ്ധ രാജ്യത്തിന്റെ ചരിത്രം എന്താണെന്നു ഒന്നു മറിച്ചുനോക്കേണ്ടതാണ്. വിശുദ്ധ രാജ്യത്തിന്റെ പേരു പറഞ്ഞു, മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പേരിന്റെ പുണ്യം പറഞ്ഞ് മുസ്‌ലിം ബഹുജനങ്ങളുടെ വികാരങ്ങൾ ഇളക്കിവിട്ട് ലോകമുസ്‌ലിംകളെ തങ്ങൾക്കനുകൂലമാക്കിത്തീർക്കുന്ന ഇവരുടെ സ്വന്തം ചെയ്തികളെന്താണെന്ന് നോക്കേണ്ടതാണ്.

## സഊദികളുടെ പൂർവ്വചരിത്രം

സഊദികൾ, അതായത് ഈ കുടുംബം ഹിജാസിനെ വാളിന്റെ ബലം കൊണ്ടു അധീനപ്പെടുത്തുകയാണ് ചെയ്തിരുന്നത്. 1801ൽ ആണ് ഈ സൈനികഗൂഢാലോചന ആരംഭിച്ചത്. ഈ കുടുംബത്തിന്റെ തലവൻ അബ്ദുൽ അസീസ് എന്നയാളായിരുന്നു. അബ്ദുൽ അസീസിന്റെ മകനാണ് സഊദ്. അയാൾ യുദ്ധങ്ങൾ നടത്തി പ്രശക്തി നേടിയിരുന്നു. സൈനികമായ വലിയ വൈദഗ്ധ്യവും കരസ്ഥമാക്കിയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഈ ആക്രമങ്ങൾക്ക് തുടക്കമുണ്ടായി. ആദ്യമായി അദ്ദേഹം ഇറാഖിലാണ് കാലുകുത്തിയത്. അവിടെ കർബലാ പിടിച്ചടക്കി. അവിടത്തെ പുണ്യമേറിയ 'മസാറു'കളൊക്കെ അടിച്ചുതകർത്തു. അതൊക്കെയും ശിർക്കാണെന്നും അവയ്ക്കൊരു പുണ്യവും പരിശുദ്ധിയും ഇല്ലെന്നും വെറും കല്ലും ഇഷ്ടികകളും മാത്രമാണെന്നും പറഞ്ഞു എല്ലാം തകർത്തു. പിന്നെ കർബലയിൽ വസിച്ചുപോന്ന ഭൂരിപക്ഷക്കാരായ ശിയാമുസ്‌ലിംകളെ കൂട്ടക്കൊല ചെയ്തു. പിന്നീട് ബസറയ്ക്ക് നേരെ തിരിഞ്ഞു. കർബല മുതൽ ബസറ വരെയുള്ള മുഴുവൻ പ്രദേശങ്ങളിലും നാശം വിതറി. നഗരങ്ങൾ ചുട്ടുകരിച്ചു. കൂട്ടക്കൊല നടത്തി. കൊള്ളയും കൊള്ളിവയ്പും കൊലയും നടത്തി. എല്ലാ തരത്തിലുള്ള അക്രമങ്ങളും അഴിച്ചുവിട്ടു. ഇന്നു അവർ ഇറാഖിന്റെ മേൽ ആരോപിക്കുന്ന എല്ലാ അതിക്രമങ്ങളും നടത്തി. അല്ലാ, അതിലും കടുത്ത നിലയിലും അതിലും വ്യാപകമായ വിധത്തിലും ഈ കുടുംബക്കാർ ഇറാഖ് പ്രദേശത്ത് അക്രമങ്ങൾ ചെയ്തുകൂട്ടി. അവിടെ ശക്തി സംഭരിച്ചശേഷം പുണ്യരാജ്യത്തേക്ക് നീങ്ങി തായിഫ് പിടിച്ചടക്കി.

1903ൽ ഇവർ ഹിജാസിൽ-മക്കയിലും മദീനയിലും-പ്രവേശിച്ചു. മക്കയിലും മദീനയിലും കടന്നശേഷം അവിടെയും കൂട്ടക്കൊലയാണ് നടത്തിയത്. അനേകം മൃതകുടീരങ്ങളും സ്മാരകമന്ദിരങ്ങളും പൊളിച്ചിട്ടു. അനേകം വിശുദ്ധ സ്മരാകങ്ങളും പരിശുദ്ധസ്ഥലങ്ങളും അനാദരിക്കപ്പെട്ടു. ഉദാഹരണമായി റസൂൽ കരിം (സ) ജനിച്ച വീട്, ഹസ്റത്ത് അബൂബക്കർ (റ) പിറന്ന വീട്, മറ്റനേകം വിശുദ്ധഭവനങ്ങൾ എല്ലാം തകർത്തിട്ടു. അവയുടെ നേരെ വലുതായ അനാദരം പ്രവർത്തിച്ചു. ഇസ്‌ലാമിൽ ഇത്തരം സ്മാരകങ്ങൾക്ക് യാതൊരു സ്ഥാനവും വിലയും ഇല്ല എന്നു പറഞ്ഞുകൊണ്ടാണിതൊക്കെ ചെയ്തുകൂട്ടിയത്. ഇതെല്ലാം ശിർക്ക് ആണെന്നുപറഞ്ഞു. അവർ നടത്തിയ രക്തച്ചൊരിച്ചിലിന്റെ ശരിയായ കണക്കുകളും റിക്കാർഡുകളും ഇല്ലെങ്കിലും ചരിത്രത്തിൽ ഇതെല്ലാം രേഖപ്പെട്ടുകിടക്കുന്നുണ്ട്. നിരായുധരും നിരപരാധികളും യാതൊരു എതിർപ്പിലും പങ്കെടുത്തിട്ടില്ലാത്തവരും നിർദ്ദാക്ഷിണ്യം കൂട്ടക്കൊല ചെയ്യപ്പെട്ടിരുന്നു.

1813ൽ, മക്കയിലെ ശരീഫ്മാർ ഈ പ്രദേശത്തെ സഊദികളിൽനിന്ന് വിടുവിപ്പിച്ചു. പിന്നെ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വീണ്ടും സഊദികൾ ഹിജാസിൽ ആക്രമണം നടത്തി. ഇത്തവണ ഇംഗ്ലീഷുകാരുടെ പൂർണ്ണമായ സഹായങ്ങൾ അവർക്കുണ്ടായിരുന്നു. അവരുടെ എല്ലാ മുന്നേറ്റങ്ങളുടെയും ആസൂത്രണങ്ങൾ ഇംഗ്ലീഷു ജനറൽ ആണ് തയ്യാറാക്കിക്കൊടുത്തിരുന്നത്. ഇംഗ്ലീഷുകാരാണ് ആയുധങ്ങളും തോക്കുകളും നൽകിയിരുന്നത്. ഇംഗ്ലീഷുകാരാണ് അവർക്ക് പണവും നൽകിയിരുന്നത്. ഇംഗ്ലീഷുകാരുമായി വ്യവസ്ഥാപിതമായ കരാറുണ്ടാക്കിക്കഴിഞ്ഞിരുന്നു. അങ്ങനെ 1924ൽ, വീണ്ടും സഊദി കുടുംബക്കാർ ഹിജാസ് അധീനപ്പെടുത്തി ഈ ആക്രമണകാലത്തും നേകം വിശുദ്ധസ്ഥാനങ്ങൾ അനാദരിക്കപ്പെടുകയും കൂട്ടക്കൊലകൾ നടത്തുകയുമുണ്ടായി. 1924ൽ ഇംഗ്ലീഷുകാരുടെ പിന്തുണയോടെയാണ് ഇവർ ഹിജാസിൽ പ്രവേശിച്ചത്. അതുകൊണ്ടുതന്നെ, ഈ അടുത്ത കാലത്ത് ബി. ബി. സി. പ്രക്ഷേപണം ചെയ്ത ഒരു ഡോക്കുമെന്ററിയിൽ 1924നും മുമ്പും ഇംഗ്ലീഷുകാർ നൽകിയിരുന്ന പിന്തുണയെക്കുറിച്ചു പറഞ്ഞുകൊണ്ട് ബി ബി സി പ്രോഗ്രം പ്രക്ഷേപകർ, അതു ഇംഗ്ലീഷുകാരുടെ പിന്തുണയോടും ശക്തിയുടെ സഹായത്താലും ആണ് പിടിച്ചടക്കിയതെന്നും തങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാണെന്നും വ്യക്തമാക്കുകയുണ്ടായി.

## വീണ്ടും തുണയ്ക്ക് ഇംഗ്ലീഷുകാർ!

ആകയാൽ ഈ വീക്ഷണകോണിൽ കൂടി നോക്കിയാൽ വസ്തുതകളുടെ കിടപ്പ് മറ്റൊരു രൂപത്തിൽ ദൃശ്യമാകുന്നതാണ്. അതായത്, ഈ വിശുദ്ധ സ്ഥലങ്ങളെ ആരാണോ അധീനത്തിൽ വെച്ചുകൊണ്ടിരിക്കുന്നത് അവർ ഇംഗ്ലീഷുകാരുടെ ശക്തി മുഖേനയാണ് അതു സ്വാധീനപ്പെടുത്തിയത്; അഥവാ പാശ്ചാത്യ ശക്തികളുടെ സഹായത്തോടെ! അതുകൊണ്ട്, ഇപ്പോൾ തങ്ങൾക്ക് അതിനെ രക്ഷിക്കാനുള്ള കഴിവ് ഇല്ലാത്തതിനാൽ ആ ഇംഗ്ലീഷുകാരെത്തന്നെ മടക്കിവിളിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു! ഇപ്പോൾ ഇംഗ്ലീഷുകാരുടെ രൂപം പഴയതരത്തിലുള്ളതല്ല. പണ്ട് മുഴുവൻ ലോകത്തും ഇംഗ്ലീഷുകാരുടെ ഒരു പ്രകാരത്തിലുള്ള ഭരണമായിരുന്നു. ഇപ്പോൾ ഇംഗ്ലീഷുകാരും അമേരിക്കക്കാരും പരസ്പരം ചേർന്നു ഒന്നായി ത്തീർന്നിരിക്കുകയാണ്. അവരുടെ വീക്ഷണങ്ങളും ദർശനങ്ങളും ഒന്നുതന്നെ. പ്രായോഗികതലത്തിൽ അമേരിക്കക്കാർ ഇംഗ്ലീഷുകാർ തന്നെയാണ്. ഇംഗ്ലീഷുകാർ അമേരിക്കക്കാരും. എന്നു വെച്ചാൽ ഇംഗ്ലണ്ട് എന്നാൽ അമേരിക്കയാണ്. അമേരിക്ക ഇംഗ്ലണ്ടും തന്നെ. ഈ വീക്ഷണത്തിൽ ഇംഗ്ലീഷുകാർ തങ്ങളുടെ ചരിത്രത്തിന്റെ പിന്തുടർച്ചാവകാശം അമേരിക്കയെ ഏൽപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടത്രെ ഈ കാലഘട്ടത്തിൽ അവരുടെ തീരുമാനങ്ങൾ എപ്പോഴും ഒന്നായിരിക്കുന്നത്. യൂറോപ്പ് ഇതിൽനിന്ന് അൽപ്പം ഭിന്നമാണ്. ഞാനിതിന്റെ വിശദവിവരത്തിലേയ്ക്ക് കടക്കുന്നില്ല.

## അതു കൊടുംവഞ്ചന!

ചുരുക്കത്തിൽ, വിശുദ്ധ രാജ്യത്തിന്റെ, 'മക്കാ മുഅസ്സമ'യുടെയും 'മദീനാ മുനവ്വറ'യുടെയും ആദരത്തെപറ്റി പറയുമ്പോൾ, ഇസ്‌ലാമികലോകത്തിന്റെ ഈ വിശുദ്ധസ്ഥലങ്ങളുടെ സംരക്ഷണത്തിന്ന് വേണ്ടി മുസ്‌ലിംലോകം ഒന്നിക്കണമെന്നൊക്കെ പറയുന്നത് ഒരു കൊടുംവഞ്ചന മാത്രമാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു!

ഈ പുണ്യസ്ഥലങ്ങളുടെ രക്ഷയുടെ കാര്യത്തിൽ മറ്റു മുസ്‌ലിംകളുടെ സൈനികമായ പങ്കിന്നു യാതൊരു പ്രസക്തിയും ഇല്ല. യഥാർത്ഥത്തിൽ ഇപ്പോൾ അവയ്ക്ക് യാതൊരു ഭീഷണിയും ഉണ്ടായിട്ടില്ലതാനും. ഈ പുണ്യപ്രദേശത്ത് എന്തെങ്കിലും ഭീഷണിയുണ്ടാകാമെങ്കിൽ അത് അമുസ്‌ലിംകളിൽനിന്നുള്ളതാകാനേ തരമുള്ളൂ. മുസ്‌ലിംകളിൽ നിന്ന് വല്ല ഭീഷണിയും ഉണ്ടാകുമായിരുന്നെങ്കിൽ അതിപ്പോൾ സഊദികളിൽനിന്നുതന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഭീഷണി നേരിടാൻ അവർ അമുസ്‌ലിംകളിൽനിന്നു സഹായം തേടുന്നതുവരെ ഈ പ്രദേശങ്ങളെ അധീനത്തിൽ വച്ചുകൊണ്ടിരിക്കാൻ അവർക്ക് സാധിക്കുമായിരുന്നില്ല. അപ്പോൾ പ്രശ്നത്തിന്റെ മർമ്മം ഇതാണ്: ഈ വിശുദ്ധദേശങ്ങളുടെ സംരക്ഷണം ഇപ്പോൾ അമുസ്‌ലിംകളെ അവർ ഏൽപ്പിച്ചിരിക്കുന്നു! ഭാവനാപരമായ ഈ പ്രതിരോധയത്നത്തിൽ മുസ്‌ലിം രാഷ്ട്രങ്ങൾ പങ്കെടുത്താലും ഇല്ലെങ്കിലും അവർക്കെതിരിൽ യാതൊരു പ്രസക്തിയും ഇല്ല! പ്രതിരോധത്തിന്റെ പ്രശ്നം തന്നെ ഉദിക്കുന്നില്ല. സാധ്യത മാത്രമാണുള്ളത്.

എന്നാൽ, നിങ്ങൾ സത്യസന്ധതയോടെ ചിന്തിക്കുന്നപക്ഷം ഇറാഖ് സഊദി അറേബ്യയെ ആക്രമിക്കുന്ന പ്രശ്നം തന്നെയില്ലെന്നു കാണാം. വൻകോയ്മകളുടെ കൂട്ടായ ആക്രമണങ്ങളിൽനിന്ന് തങ്ങളെ രക്ഷിക്കാനുള്ള ശക്തി ഇറാഖിന്ന് ഇല്ലതാനും. ■

***(1991 ജനുവരി 11-ാം തിയ്യതി ലണ്ടൻ ഫസ്‌ൽ പള്ളിയിൽ ചെയ്ത ഖുത്ബ).***

Christianity
a journey from fact
to Fiction
എന്ന പുസ്തകത്തിൽ നിന്ന്

# ക്രൂശിച്ചത് മനുഷ്യപുത്രനെയോ ദൈവപുത്രനെയോ?

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## ദൈവപുത്രനും മനുഷ്യപുത്രനുമായി ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ക്രിസ്തുവിനെ ഒരു വ്യക്തിത്വമായി അവതരിപ്പിക്കാൻ ബൈബിൾ വചനങ്ങളുടെ സൂക്ഷ്മ പഠനം അനുവദിക്കുന്നില്ല.

ക്രിസ്ത്യാനികളുടെ കഥ സ്വയം തന്നെ വെളിപ്പെടുത്തുന്ന വസ്തുതയിതാണ്: യേശുവിന്റെയും അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെയും പ്രാർത്ഥനകളും അഭയയാചനകളും പിതാവായ ദൈവം സ്വീകരിച്ചില്ലെന്നു മാത്രമല്ല, യേശുവിന്റെ ശക്തമായ പ്രതിഷേധം നിലനിൽക്കേ അവസാനം അദ്ദേഹം ക്രൂശിതനുമായി. മാനവരാശിയുടെ സകല പാപഭാരങ്ങളും സുധീരം സ്വന്തം ചുമലിൽ വഹിച്ച ത്യാഗമൂർത്തിയും നിഷ്ക്കളങ്കതയുടെ രാജകുമാരനുമായ യേശു ക്രിസ്തീയ കഥനങ്ങളിൽ കാണുന്ന അതേ യേശു തന്നെയായിരുന്നോ? ക്രൂശീകരണത്തിനായി പിടിക്കപ്പെട്ട വേളയിലും ക്രൂശിപ്പിന്റെ അവസരത്തിലും അദ്ദേഹത്തിന്റെ പെരുമാറ്റം യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിലോ അതല്ല യേശു എന്ന വ്യക്തിക്കു ചുറ്റും നെയ്തെടുത്ത മിഥ്യാബിംബത്തിലോ ഇതിലേതെങ്കിലുമൊന്നിനുമേൽ സംശയത്തിന്റെ കരിനിഴൽ വീഴ്ത്തുന്നു. രണ്ടാമത് പറഞ്ഞ മിഥ്യാബിംബത്തിലാണ് സംശയത്തിന്റെ നിഴൽ വീഴുന്നത്. നമ്മുടെ വിമർശന പഠനം നിർത്തിവെച്ച സ്ഥലത്തേക്ക് തന്നെ മടങ്ങാം.

കഠിനദുഃഖത്താൽ യേശുവിൽ നിന്നുയർന്ന വിലാപങ്ങൾ ഉയർത്തുന്ന സന്ദേഹങ്ങൾ ഇപ്രകാരമാണ്: ആരാണ് അഗാധ വേദനയുടെ ഹൃദയസ്പർശിയായ ആ വാക്കുകൾ ഉച്ചരിച്ചത്? മനുഷ്യനായ ക്രിസ്തുവോ അതല്ല ദൈവപുത്രനായ ക്രിസ്തുവോ? അത് മനുഷ്യനായ ക്രിസ്തുവായിരുന്നുവെങ്കിൽ ആരാണ് അദ്ദേഹത്തെ ഉപേക്ഷിച്ചത്? ആരാലാണ് അദ്ദേഹം ഉപേക്ഷിക്കപ്പെട്ടത്? എന്തുകൊണ്ട് ഉപേക്ഷിക്കപ്പെട്ടു? ഈ ചോദ്യങ്ങൾ നാം ചർച്ച ചെയ്യുമ്പോൾ ഒരുകാര്യം ഓർക്കേണ്ടതുണ്ട്. വ്യക്തിപരമായ ചിന്തയും സ്വന്തമായ അനുഭവങ്ങളുമുള്ള സ്വതന്ത്രവും വ്യത്യസ്തവുമായ ഒരു വ്യക്തിത്വം യേശു എന്ന മനുഷ്യൻ അവസാനം വരെ നിലനിർത്തിയിരുന്നു എന്നതാണത്.

ദൈവപുത്രനായ യേശുവിന്റെ ആത്മാവ് അതുവരെ വസിച്ചിരുന്ന മനുഷ്യശരീരത്തിൽ നിന്നു വേർപെടുന്ന ആ നിമിഷത്തിൽ അദ്ദേഹം മരിച്ചിരുന്നുവോ? അങ്ങനെയാണെങ്കിൽ? എങ്ങനെ മരിച്ചു? എന്തുകൊണ്ട് മരിച്ചു? മരിച്ചുന്നുവെങ്കിൽ ദൈവാത്മാവ് വേർപിരിഞ്ഞ ശേഷം മനുഷ്യ ശരീരമായിരുന്നു മരിച്ചിരിക്കുക. അപ്പോൾ അവശേഷിക്കുന്ന ചോദ്യമിതാണ്. മരിച്ചുകഴിഞ്ഞ അതേ മനുഷ്യശരീരത്തിലേക്ക് ദൈവത്തിന്റെ ആത്മാവ് വീണ്ടും തിരിച്ചെത്തിയപ്പോൾ ഉയിർത്തെഴുന്നേറ്റത് ആരാണ്? വീണ്ടും ഉയർന്നുവരുന്ന പ്രശ്നങ്ങൾ നമ്മെ ചില നിഗമനങ്ങളിലേക്ക് നയിക്കുന്നു. അതായത് യേശു എന്ന പുത്രനായിരുന്നില്ല ഈ പീഡനങ്ങളെല്ലാം സഹിച്ചത്. യേശുവിലെ മനുഷ്യനായിരുന്നു അതത്രയും അനുഭവിച്ചത്. അങ്ങേയറ്റത്തെ ആകുലാവസ്ഥയിൽ വിലാപങ്ങൾ പൊഴിച്ച് യേശു കരഞ്ഞപ്പോൾ ദൈവപുത്രനായ യേശു നിർവികാരനും അനുഭാവശൂന്യനുമായി നോക്കിനിൽക്കുകയായിരുന്നു. അപ്പോൾ മനുഷ്യരാശിക്കുവേണ്ടി പീഡനങ്ങൾ ഏറ്റുവാങ്ങിയത് മനുഷ്യനായ യേശുവല്ല മറിച്ച് ദൈവപുത്രനായ യേശുവാണെന്ന അവകാശവാദം എങ്ങനെ ന്യായീകരിക്കാനാകും.

ഇനി മറ്റൊരു സാധ്യത, മനുഷ്യനായ യേശുവിൽ ഉണ്ടായിരുന്ന ദൈവപുത്രനായിരിക്കാം വിലപിച്ചതെന്ന് കരുതുക. ഒരുപക്ഷേ പുതിയൊരു ജീവിതം തനിക്ക് കൂടി ലഭിക്കുമല്ലോ എന്ന പ്രതീക്ഷയിൽ യേശുവിലുള്ള മനുഷ്യനും ആൾതാരയിൽ പുത്രനോടൊപ്പം ബലിയായിരുന്നിരിക്കാം. പുത്രനായ യേശുവിനോടൊപ്പം ബലി അനുഭവിച്ച യേശുവിലെ മനുഷ്യന് സാക്ഷാൽക്കാരത്തെപ്പറ്റിയുള്ള പ്രതീക്ഷക്ക് വലിയ ഉറപ്പൊന്നുമില്ലായിരുന്നു. അദ്ദേഹം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ബലിയാവുകയാ

ണുണ്ടായത്. ഒരു കല്ലേറ് കൊണ്ട് രണ്ട് പക്ഷികളെ കൊന്ന ദൈവത്തിന്റെ നീതിബോധം ഏത് തരത്തിലുള്ളതായിരുന്നു എന്നത് ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു പ്രഹേളികയാണ്.

കുരിശിൽ ബലിയായ യേശു ദൈവ പുത്രനാണെന്നാണ് ക്രിസ്തുസഭയും പൊതുവെ വിശ്വസിക്കുന്നത്. അത് ദൈവപുത്രനായ യേശു തന്നെയാണെങ്കിൽ ഈ ആദ്യത്തെ ചോദ്യത്തിന് ലഭിക്കുന്ന ഉത്തരത്തിൽ നിന്നാണ് രണ്ടാമത്തെ ചോദ്യം ഉത്ഭവിക്കുന്നത്. അതായത്, യേശുവിന്റെ ആത്മഗതത്തിലെ (പിതാവേ കഴിയുമെങ്കിൽ ഈ പാന പാത്രം എങ്കൽ നിന്നു നീങ്ങിപ്പോകേണമേ എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു.... രണ്ടാമതും പോയി പിതാവേ ഞാൻ കുടിക്കാതെ അത് നീങ്ങിക്കൂടാ. എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു. അനന്തരം അവൻ വന്നു -മത്താ: 26:39-42, മത്താ: 26:39,42) ഈ വചനങ്ങളിൽ രണ്ട് കക്ഷികളെ വ്യക്തമായികാണാം. അതിൽ രണ്ടാം കക്ഷി ആരാണെന്നതിനെക്കുറിച്ചുള്ളതാണ് ആദ്യത്തെ ചോദ്യം. നമുക്ക് അതിനെ സംബന്ധിച്ച് രണ്ട് സാധ്യതകൾ തുറന്നുകിടപ്പുണ്ട്.

ഒന്നാമത്തേത് വിപത് ഘട്ടത്തിൽ താൻ ഉപേക്ഷിക്കപ്പെട്ടു എന്ന് പിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ദൈവപുത്രന്റെ പരാതിയായിരുന്നു ഇത്. മറ്റൊന്ന്, ചിന്തിക്കാൻ യാതൊരു പഴുതും അവശേഷിക്കാത്ത വിധം നമ്മെ നയിക്കുന്നത് അവർ രണ്ടുപേരും യാതൊരു യോജിപ്പുമില്ലാത്ത രണ്ട് വ്യക്തിത്വങ്ങളായിരുന്നു എന്ന വസ്തുതയിലേക്കാണ്; അതായത്, എല്ലാ ഗുണങ്ങളും അവയുടെ പ്രവർത്തനങ്ങളും ഒരുപോലെ പങ്കുവെച്ച് ഒരു ആളത്വത്തിൽ പരസ്പരം ലയിച്ചുചേർന്ന് സഹവസിക്കാൻ കഴിയാത്ത രണ്ട് വിഭിന്ന വ്യക്തികളായിരുന്നു അവർ എന്ന യാഥാർത്ഥ്യത്തിലേക്ക്. ഇവിടെ ഒരാൾ പരമോന്നത വിധികർത്താവും സകല കാര്യങ്ങളുടെയും അന്തിമ തീരുമാനമെടുക്കാൻ കഴിവുള്ള സർവ്വശക്തനായ വിധാതാവാണ്. മറ്റയാൾ പാവം 'പുത്രനും'. അതായത്, പിതാവിന്റെ സകല ഗുണങ്ങളും അപഹരിക്കപ്പെട്ട, ഒരുപക്ഷേ താൽക്കാലികമായെങ്കിലും എടുത്തുമാറ്റപ്പെട്ട പാവം പുത്രൻ. അവർ ഇരുവരുടെയും ഉപദേശങ്ങളും ആഗ്രഹങ്ങളും പരസ്പരവിരുദ്ധമായും വിയോജിച്ച നിലയിലും ഏറ്റവും കൂടുതൽ പ്രകടമായിക്കാണുന്നത് ക്രൂശീകരണ നാടകത്തിലെ ഈ അവസാനരംഗത്താണ്. ഈ മുഖ്യമായ കേന്ദ്രബിന്ദു നാം മനസ്സിൽ സൂക്ഷിക്കേണ്ട ഒരു വസ്തുതയാണ്.

രണ്ടാമത്തെ ചോദ്യം ഇതാണ്: വ്യക്തിപരമായ ചിന്തയും വ്യക്തിപരമായ മൂല്യബോധവും വ്യക്തിപരമായ കഴിവുകളുമുള്ള രണ്ട് വിഭിന്ന വ്യക്തികളായ ഇവർ രണ്ടുപേർ വേദനയും യാതനയും അനുഭവിക്കുന്നത് അവർ രണ്ടുപേരും ഒന്നായിരിക്കുമ്പോഴോ (Two in one) അതല്ല ഒന്ന് രണ്ടായിരിക്കുമ്പോഴോ (One in Two)? ദൈവശാസ്ത്രിമാരുമായി സുദീർഘമായ സംവാദം ആവശ്യമായ വേറൊരു ചോദ്യം, ദൈവത്തിന് വേദനയും ശിക്ഷയും അനുഭവിക്കേണ്ടിവരുന്ന സാധ്യതകളെ സംബന്ധിച്ചാണ്. അങ്ങനെയാണെങ്കിൽത്തന്നെ ദൈവത്തിന്റെ ഒരു പാതി മാത്രമായിരിക്കുമല്ലോ അത് സഹിച്ചിട്ടുണ്ടാകുക. മനുഷ്യനായ മറുപാതിക്ക് തന്റെ പ്രകൃതിയും സൃഷ്ടിയുടെ പ്രത്യേകതയും മൂലം ഈ ശിക്ഷ അനുഭവിക്കാനുള്ള കഴിവുണ്ടായിരുന്നില്ല. ദുരൂഹവും വക്രീകൃതവുമായ ഈ തത്ത്വശാസ്ത്രത്തിലൂടെ നാം വീണ്ടും മുന്നേറുമ്പോൾ പ്രകാശം വീണ്ടും വീണ്ടും മങ്ങിപ്പോകുന്നു. ആശയക്കുഴപ്പങ്ങൾക്ക്മേൽ ആശയക്കുഴപ്പങ്ങൾ കുമിഞ്ഞുകൂടുകയും ചെയ്യുന്നു.

മറ്റൊരു പ്രശ്നം, യേശു സ്വയം ദൈവമായിരുന്നെങ്കിൽ അദ്ദേഹം ആരെയാണ് അഭിസംബോധന ചെയ്തത്? യേശു പിതാവിനോടാണ് അഭയയാചനകൾ നടത്തിയിരുന്നതെങ്കിൽ അദ്ദേഹം അപ്പോൾ പിതാവിന്റെ അവിഭാജ്യമായ ഘടകമാണെന്നായിരുന്നു നമ്മോട് പറയപ്പെട്ടത്. ഈ ചോദ്യത്തിന്ന് ഡോഗ്മയിൽ (ചോദ്യം ചെയ്യാൻ പാടില്ലാത്ത ക്രിസ്തീയ മത സിദ്ധാന്തങ്ങൾ) അഭയം തേടാതെ മനസ്സാക്ഷിക്കനുസൃതമായി ഉത്തരം പറയണം. മനുഷ്യയുക്തിക്ക് മനസിലാക്കാകും വിധം വിശദീകരിക്കാൻ കഴിയാതെ വരുമ്പോഴാണ് അതൊരു ഡോഗ്മയാകുന്നത്. ബൈബിൾ പ്രകാരം അദ്ദേഹത്തെ പരിശുദ്ധാത്മാവ് കൈവെടിഞ്ഞപ്പോൾ അദ്ദേഹം ദൈവത്തോടായി വിലപിച്ചു. എന്തുകൊണ്ട് നീ എന്നെ കൈവെടിഞ്ഞു? ആര് ആരെ കൈവെടിഞ്ഞുവെന്നാണ് പറയുന്നത്? ദൈവത്തിന് ദൈവത്തെ കൈവെടിയാൻ സാധ്യമാണോ?

---

*പേജ് 11-ൽ നിന്ന്*

മെന്ന് എത്ര കെഞ്ചി യാചിച്ചാലും അവരുടെ സ്വപ്നങ്ങൾ ഒരിക്കലും സാക്ഷാത്ക്കരിക്കില്ല. യഹൂദന്മാർ മൂവായിരം വർഷങ്ങൾ മുമ്പ് പണിത വിലപിക്കുന്ന ഭിത്തിയെപ്പോലെ ഒരെണ്ണം പണിതാലും ആ ഭിത്തിയിൽ അവർ തല തല്ലിപ്പൊളിച്ചാലും ആ സ്വപ്നങ്ങൾക്ക് സാക്ഷാത്ക്കാരമുണ്ടാവില്ല. മസീഹ് വന്നപ്പോൾ യഹൂദികളുടെ കാര്യത്തിൽ സംഭവിച്ചതെന്തോ അത് തന്നെ വീണ്ടും സംഭവിക്കുന്നതാണ്. അവരുടെ വിലാപങ്ങൾക്കും സ്വയം പീഡനങ്ങൾക്കും മസീഹ് ഇറങ്ങിവരുന്നത് കാണാൻ സാധ്യമല്ല; തലമുറകൾക്ക് ശേഷം തലമുറകൾ കാത്തിരുന്നാലും ശരി. ഒരിക്കലും അവസാനിക്കാത്ത നിതാന്ത നിരാശയും അനന്തശൂന്യതയുമല്ലാതെ യേശുവിനെക്കുറിച്ചുള്ള പ്രതീക്ഷകൾ അവർക്കൊന്നും തന്നെ നൽകില്ല. നിശ്ചയമായും അതൊരു ശൂന്യമായ ദർശനമാകുന്നു.

യേശു ദൈവത്തിന്റെ ജഡിക പുത്രനായിരിക്കുമെന്ന് കരുതുന്ന ക്രിസ്ത്യാനികളോട് ഖുർആൻ പറഞ്ഞ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് ഈ ചർച്ച ഇവിടെ അവസാനിപ്പിക്കാം.

"അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടിയുമാണ് (ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്). അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് ഒരറിവുമില്ല അവരുടെ വായകളിൽനിന്നു പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല." (18:5-6)

# ഇരുണ്ട ഭൂഖണ്ഡത്തിലെ അമൃതാനുഭവങ്ങൾ

## ആഫ്രിക്കയിലെ കെനിയയിൽ സന്ദർശനം നടത്തിയ ലേഖകന്റെ അനുഭവക്കുറിപ്പ്

കാളിക്കോട്ടിൽ നൂറുദ്ദീൻ, അലനല്ലൂർ

ഉഡുപ്പി ലോ കോളജിൽ പഠിക്കുന്ന കാലത്ത് സഹപാഠിയായിരുന്ന അലിജ ഓമൻഡി എന്ന കെനിയക്കാരൻ നീഗ്രോ വിദ്യാർത്ഥിയുടെ പ്രേരണയാലാണ് ഞാൻ കെനിയ സന്ദർശിക്കുവാൻ തീരുമാനിച്ചത്. അദ്ദേഹം നാട്ടിൽ പോയതിന് ശേഷം ഒരു ഫാക്സ് സന്ദേശം മുഖേന അങ്ങോട്ട് ചെല്ലാനും വിപണന സാദ്ധ്യതയുള്ള ചില ലെതർ ഉൽപ്പന്നങ്ങൾ കൊണ്ടുചെല്ലാനും അറിയിച്ചിരുന്നു. അതുകൊണ്ട് തന്നെ ഒരു സന്ദർശനയാത്ര എന്നതിലുപരി ബിസിനസ് പരമായി കെനിയയിലുള്ള സാധ്യതകൾ കൂടി മനസ്സിലാക്കാൻ താൽപ്പ ര്യം തോന്നി. യാത്രക്കുള്ള ഒരുക്കങ്ങൾ പെട്ടെന്ന് തന്നെ ആരംഭിച്ചു.

പി എൽ വേൾഡ് ബേസ് ലിമിറ്റഡ് എന്ന ട്രാവൽ ഏജൻസി മുഖേനയാണ് സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ നടത്തിയത്. അലീജ ഒമൻഡി കെനിയയിലെ എയർപോർട്ടിൽ എന്നെ കാത്തുനിൽക്കാം എന്നറിയിച്ചതനുസരിച്ച് ബോംബെയിൽ നിന്നു നെയ്റോബിയിലേക്കുള്ള കെനിയൻ എയർവേയ്സ് എന്ന ഫ്ളൈറ്റിൽ 24.3.98ന് രാത്രി 11മണിക്ക് ബോംബെ നഗരത്തിൽ നിന്ന് യാത്ര തിരിച്ചു. ഫ്ളൈറ്റിനുള്ളിലെ ശൈത്യാവസ്ഥയിലും ഞാൻ കുറെശ്ശെ വിയർക്കാൻ തുടങ്ങി. കാരണം ഭയം എന്ന വികാരം എന്നെ കീഴ്പ്പെടുത്തിക്കൊണ്ടിരുന്നു. ആഫ്രിക്കയെ കുറിച്ച് നാട്ടിൽ നിന്ന് ലഭിച്ച പല വിവരണങ്ങളും ഉപദേശങ്ങളും സങ്കൽപ്പങ്ങളും ഭീതി ജനിപ്പിക്കും വിധമായിരുന്നു. ബോംബെയെക്കാൾ എത്രയോ മോശപ്പെട്ട എയർപോർട്ടാണ് നെയ്റോബിയെന്ന് ട്രാവൽസിലെ ഒരു ഉദ്യോഗസ്ഥൻ എന്നോട് തുറന്നുപറഞ്ഞിരുന്നു. അതുകൊണ്ട് തന്നെ പുറത്തിറങ്ങുമ്പോൾ വളരെ സൂക്ഷിക്കണമെന്നും അദ്ദേഹം ഉപദേശിക്കുകയുണ്ടായി. ധാരാളം കവർച്ചക്കാരും കൊള്ളക്കാരും വിലസുന്ന നാടാണ് കെനിയയെന്ന് പലരും ഉപദേശിച്ചിരുന്നു. ഈ ചിന്തകളെല്ലാം എന്നെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു.

വിമാനം നെയ്റോബി എയർപോർട്ടിനോടടുക്കുംതോറും എന്റെ ഉൽക്കണ്ഠ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരുന്നു. ഞാൻ സഞ്ചരിച്ചിരുന്ന വിമാനം രാവിലെ ഇന്ത്യൻ സമയം 6.30ന് അറബിക്കടൽ മുഴുവൻ തരണം ചെയ്ത് നെയ്റോബി എയർപോർട്ടിൽ ലാൻഡ് ചെയ്തു. എയർപോർട്ടിൽ നിന്നുണ്ടായ ഓരോ അനുഭവത്തിൽ നിന്നും ആ രാജ്യം അഴിമതിയുടെ കാര്യത്തിൽ അങ്ങേയറ്റം മുന്നിലാണെന്ന് എനിക്ക് മനസ്സിലായി. മാനസിക പ്രയാസം വർധിപ്പിക്കുന്ന ചില അസുഖകരമായ രംഗങ്ങൾ എയർപോർട്ടിൽ എനിക്ക് നേരിടേണ്ടിവന്നു. മറ്റ് യാത്രക്കാരിൽ നിന്നു വ്യത്യസ്തമായി എന്റെ മുഖത്തുണ്ടായിരുന്ന ഉൽക്കണ്ഠയും വെപ്രാളവും എയർപോർട്ടിലെ ഉദ്യോഗസ്ഥർക്ക് കൂടുതലായി എന്നെ ബുദ്ധിമുട്ടിക്കുവാൻ പ്രേരണ നൽകുകയായിരുന്നു. എല്ലാം തരണം ചെയ്ത് ഞാൻ ലഗ്ഗേജുമായി എയർപോർട്ടിന് പുറത്തുള്ള കാബിനിലെത്തി. എന്റെ സഹയാത്രികരെല്ലാം അവരെ കാത്തുനിൽക്കുന്നവരുടെ കൂടെയും മറ്റും യാത്രയായി. അവരിൽ കൂടുതലും നീഗ്രോകൾ തന്നെയായിരുന്നു. എന്നെ കാത്തുനിൽക്കുമെന്ന് പറഞ്ഞ അലിജ ഒമാൻഡിയുടെ മുഖം ഞാൻ തിരഞ്ഞു. അദ്ദേഹത്തെ അവിടെ എവിടെയും തന്നെ കാണാൻ കഴിഞ്ഞില്ല! ചുറ്റും അപരിചിതരും ഭീകരരെപ്പോലെ ഉറ്റുനോക്കുന്ന നീഗ്രോകളും മാത്രം! അവരിൽ ചിലരെന്നെ അവരുടെ ടാക്സിയിലേക്ക് വിളിക്കുകയും ചിലർ കയ്യിൽ പിടിച്ച് നിർബന്ധിക്കുകയും ചെയ്തു. സിംഹവലയത്തിൽ അകപ്പെട്ട മാൻപേടയെപ്പോലെ എന്തുചെയ്യണമെന്നറിയാതെ ഭയത്തിന്റെ മൂർധന്യാവസ്ഥയിലായിരുന്നു ഞാൻ. ഏത് നിമിഷവും കരയും എന്നെനിക്ക് തോന്നിപ്പോയി.

സർവ്വശക്തനായ അല്ലാഹുവിനോടൊരു നിമിഷം ഞാൻ മനമുരുകി പ്രാർത്ഥിച്ചു. യാത്ര തിരിക്കുന്നതിന് മുമ്പ് എന്റെ അളിയനും കോഴിക്കോട് ജമാഅത്തിലെ ഖാദിമുമായ ബി മുനവ്വർ അഹ്മദ് സാഹിബിന്റെ പ്രേരണയാൽ ബഹുമാന്യനായ ചീഫ് മിഷനറി മൗലവി മുഹമ്മദ് ഉമർ സാഹിബിന്റെ

കൈയിൽ നിന്നു നെയ്റോബി അഹ്മദിയ്യാ ജമാഅത്തിന്റെ വിലാസവും ഫോൺനമ്പറും വാങ്ങിയിരുന്നു. ഉടൻ ഞാൻ എയർപോർട്ടിൽ നിന്ന് കെനിയൻ ജമാഅത്തിലേക്ക് ഫോൺ ചെയ്തു. അവിടെ നിന്നു കിട്ടിയ മറുപടി ഒരു കുളിർതെന്നൽ കണക്കെ എന്നെ ആശ്വസിപ്പിച്ചു. കെനിയയിലെ അമീറായ വസീം അഹ്മദ് ചീമ എന്ന പാക്കിസ്ഥാനിയായിരുന്നു ഫോണിൽ മറുപടി നൽകിയത്. അദ്ദേഹം പറഞ്ഞു: "താങ്കൾ എയർപോർട്ടിനടുത്തുതന്നെ നിൽക്കുക. വിളിക്കുന്ന ആരുടെയും കൂടെ പോകരുത്. ഞാൻ കാർ ഉടൻ അങ്ങോട്ടയക്കാം. കൂടെ അബ്ദുല്ല എന്നെ അഹ്മദിയും ഉണ്ടായിരിക്കും. അദ്ദേഹം 'നൂറുദ്ദീൻ' എന്നുച്ചത്തിൽ വിളിക്കും. "പച്ചക്കളറുള്ള കാറായിരിക്കുമത്". ഈ അറിയിപ്പനുസരിച്ച് ഞാൻ എയർപോർട്ടിൽ തന്നെ കാത്ത് നിന്നു. ഏതാണ്ട് ഒരു മണിക്കൂറിന് ശേഷം അമീർ സാഹിബ് പറഞ്ഞതുപോലെ തന്നെ അബ്ദുല്ല എന്ന നീഗോ 'നൂറുദ്ദീൻ' എന്ന് എന്നെ ഉറക്കെ വിളിച്ചുകൊണ്ടു ഞാൻ നിൽക്കുന്ന ഭാഗത്തേക്ക് വരുന്നതു കണ്ടു. സ്നേഹത്തോടെയുള്ള അദ്ദേഹത്തിന്റെ വിളിയും സലാംപറച്ചിലും ആ മുഖവും കണ്ടപ്പോൾ എനിക്കെന്തെന്നില്ലാത്ത സന്തോഷം തോന്നി.

ആദ്യമായി ഒരാഫ്രിക്കൻ അഹ്മദിയുടെ മുഖം ഞാൻ ദർശിക്കുകയായിരുന്നു. എന്റെ ലഗ്ഗേജുകൾ എല്ലാമെടുത്ത് അദ്ദേഹം തന്നെ ആ കാറിൽ വെക്കുകയും പച്ചനിറമുള്ള ആ കാറിലേക്ക് എന്നെ കൊണ്ടുപോകുകയും ചെയ്തു. മഞ്ഞയും ചുവപ്പും പൂക്കൾ പൂത്തുനിൽക്കുന്ന മരങ്ങളുടെ ഇടയിലൂടെ ആ കാർ സഞ്ചരിച്ചുകൊണ്ടിരുന്നു. എന്റെ ഏറ്റവുമടുത്ത എന്നെ സ്നേഹിക്കുന്ന ആരോ ആണ് എന്റെ അടുത്തിരിക്കുന്നതെന്ന് എനിക്ക് തോന്നി. എന്നെ ആരും ഉപദ്രവിക്കില്ല. ഈ അന്യരാജ്യത്ത് എനിക്കെല്ലാവരുമുണ്ട് എന്ന തോന്നൽ. ആ യാത്ര എനിക്കൊരു ഉല്ലാസയാത്രയുടെ പ്രതീതി നൽകി. ഒരു മണിക്കൂർ യാത്രയ്ക്ക് ശേഷം യാത്ര അവസാനിക്കുന്നതിന് ഏതാനും വാര അകലെ നിന്നുതന്നെ കറുത്ത ബോർഡിൽ വെളുത്ത അക്ഷരത്തിൽ 'അഹ്മദിയ്യാ മുസ്ലിം മിഷൻഹൗസ് നെയ്റോബി' എന്ന് ഇംഗ്ലീഷിൽ എഴുതിയ ബോർഡ് ഞാൻ കണ്ടു. അതിന് തൊട്ട്മുമ്പുള്ള വലിയ ഗേറ്റിനടുത്തേക്ക് ഞങ്ങളെത്തുമ്പോൾ ഞങ്ങളെ കാത്തിരുന്നതുപോലെ ഗേറ്റിനടുത്തെ പാറാവുകാരൻ നീഗ്രോ അഹ്മദി യുവാവ് ഗേറ്റിന്റെ ഇരുപാളികളും മലർക്കെ തുറന്ന് ഞങ്ങളോട് സലാം പറഞ്ഞു. ഒരു വലിയ സുരക്ഷയിൽ അകപ്പെട്ട പ്രതീതിയാണ് എനിക്കുണ്ടായത്.

ജമാഅത്തിലെ അതിഥികളെ സ്വീകരിക്കുന്ന ഒരുദ്യോഗസ്ഥൻ എന്നെ സ്വീകരിക്കുകയും ഗസ്റ്റ്ഹൗസിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും ചെയ്തു. അവിടെ എനിക്ക് വേണ്ട ഭക്ഷണവും മറ്റു സൗകര്യങ്ങളും തയ്യാറാക്കപ്പെട്ടിരുന്നു. പിന്നീട് അമീർ സാഹിബ് വരുകയും കാര്യങ്ങളെല്ലാം മനസ്സിലാക്കി ആതിഥേയന്റെ എല്ലാ ആനുകൂല്യങ്ങളും ചെയ്തുതരുകയും ചെയ്തു. എന്റെ നീഗ്രോ സഹപാഠി അസുഖമായി ഹോസ്പിറ്റലിൽ കിടക്കുന്നത് കാരണമാണ് എയർപോർട്ടിൽ വരാതിരുന്നതെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. ഏതായാലും ആ സഹപാഠിയിൽനിന്നും അവരുടെ ആളുകളിൽ നിന്നും സുഖകരമായ അനുഭവങ്ങളല്ല എനിക്കുണ്ടായത്.

മൂന്നു മാസത്തോളം ഞാൻ നെയ്റോബിയിലെ അഹ്മദി സഹോദരങ്ങളോട് കൂടി അവിടെ തങ്ങി. കറുത്ത ശരീരവും വെളുത്ത മനസ്സുമുള്ള ആഫ്രിക്കൻ അഹ്മദി സഹോദരങ്ങളുടെ സ്നേഹസാന്നിദ്ധ്യം സയ്യിദുനാ ബിലാൽ (റ)ന്റെ സ്മരണകൾ എന്നിലുണർത്തി. കേരളത്തിന്റെ ഇത്തിരിവെട്ടത്തിൽ ജീവിക്കുന്ന ഈ വിനീതൻ അങ്ങകലെ മറ്റൊരു രാഷ്ട്രത്തിലെ അഹ്മദീ സഹോദരങ്ങളുമായി കണ്ടുമുട്ടുമ്പോഴുണ്ടാകുന്ന അവാച്യമായ സ്നേഹാനുഭൂതികൾ വാഗ്ദത്ത മസീഹ് മുഖേനയുണ്ടായ അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്ന ഒരാത്മീയ പ്രസ്ഥാനത്തിന്റെ തണലിൽ ജീവിക്കുന്നതുകൊണ്ടാണെന്ന് ഞാൻ ഓർത്തു. ലോകത്തെല്ലായിടത്തും ഒരേ ആശയാദർശങ്ങൾ മുറുകെപിടിച്ചുകൊണ്ട് ഒരാത്മീയ ഖലീഫയുടെ നേതൃത്വത്തിൽ ജീവിക്കുന്ന ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ മനുഷ്യസാഹോദര്യത്തിന്റെ അടിവേരുകൾ എത്രത്തോളമാണെന്ന് സ്വയം സാക്ഷ്യം വഹിക്കാൻ ആഫ്രിക്കയിലെ അമൃതാനുഭവങ്ങൾ എനിക്കു പകരിച്ചു. ■

# 'സത്യദൂതൻ'
## ഇന്റർനെറ്റിൽ

**സത്യദൂതൻ മാസിക അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വെബ്സൈറ്റ് ആയ** http://alislam.org **യിലൂടെ ഇപ്പോൾ ലഭ്യമാണ്.**

http://alislam.org **ലെ Other Languages ലെ മലയാളം വിഭാഗത്തിൽ സത്യദൂതൻ ലഭ്യമാണ്.** http://alislam.org/malayalam **എന്ന അഡ്രസ്സ് നേരിട്ട് ടൈപ്പ് ചെയ്താൽ PDF ഫോർമാറ്റിലുള്ള സത്യദൂതന്റെ ലക്കങ്ങൾ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. താമസിയാതെ തന്നെ മറ്റു മലയാളം വിഭവങ്ങളും ഈ സൈറ്റിൽ ലഭ്യമായിത്തുടങ്ങുതാണ്.**

ലേഖനം



# ഇസ്‌ലാമിന്റെ ഉദാരതയും വിജ്ഞാനങ്ങളുടെ വളർച്ചയും

ഡോ. അബ്ദുസ്സലാം

## 1984 സെപ്. നാലിന് റോമിൽ വെച്ച് ചേർന്ന ലോക മതസ്വാതന്ത്ര്യ സമ്മേളനത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിച്ചു ചെയ്ത പ്രഭാഷണത്തിന്റെ അവസാനഭാഗം

'നിങ്ങൾക്ക് സമാധാനം (സലാം) ആശംസിക്കുന്നവരോട് നീ സത്യവിശ്വാസിയല്ല' എന്ന് പറയരുത്" (4:94).

വിശുദ്ധഖുർആനിൽ ഈയൊരനുജ്ഞയുണ്ടായിരിക്കെ നൂറ്റാണ്ടുകളോളമായി മുസ്‌ലിംകളിലെ വിവിധ വിഭാഗങ്ങളിലെ പണ്ഡിതന്മാർ അവരുടെ ഇസ്‌ലാമികമായ ആശയ വ്യത്യാസങ്ങൾ കാരണമായും ചിലപ്പോൾ രാഷ്ട്രീയമായും അവരോടു യോജിക്കാത്ത മറ്റു മുസ്‌ലിംകളെ അവിശ്വാസിയാണെന്ന് പ്രഖ്യാപിച്ചു. അങ്ങനെ അവിശ്വാസിയായി പ്രഖ്യാപിച്ചവരുടെ കൂട്ടത്തിൽ ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും ആദരണീയരായ വ്യക്തികളുമുണ്ടായിരുന്നു.

ആദ്യത്തെ അത്തരം അവിശ്വാസപ്രഖ്യാപനം വന്നത് നബി (സ)യുടെ നാലാം ഖലീഫയായിരുന്ന ഇമാം അലി (റ) യെക്കുറിച്ചായിരുന്നു. അലി (റ) യുടെ ശത്രുക്കളായ ഖവാരിജുകളായിരുന്നു അദ്ദേഹത്തെ ഇസ്‌ലാമിന് പുറത്തുള്ള അവിശ്വാസിയായി പ്രഖ്യാപിച്ചത്. അലി (റ)യുടെ ഖലീഫാ പദവിയെ അംഗീകരിക്കാൻ ഖവാരിജുകൾ യാതൊരു വിധത്തിലും സമ്മതിച്ചില്ല. അവരോടു അതേ നാണയത്തിൽ തിരിച്ചടിക്കാൻ അലി (റ) തയ്യാറായില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വിയോജിച്ചവരെല്ലാം മുസ്‌ലിം സഹോദരന്മാരായിരുന്നു. അവസാനം ഖവാരിജുകൾ ഇമാം അലി (റ)യെ രക്തസാക്ഷിയാക്കുകയാണുണ്ടായത്.

രാഷ്ട്രീയ പ്രേരിതമായ രണ്ടാമത്തെ മതബഹിഷ്കരണം നടന്നത് പ്രവാചകന്റെ പൗത്രനും ഹസ്റത്ത് അലിയുടെ പുത്രനുമായ ഇമാം ഹുസൈൻ(റ) നെതിരെയായിരുന്നു. അദ്ദേഹത്തെയും അദ്ദേഹത്തിന്റെ എഴുപത് കുടുംബാംഗങ്ങളെയും കർബലയിൽ വെച്ച് ഖലീഫയാണെന്ന് വാദിച്ച യസീദിന്റെ പട്ടാളം അതിനിഷ്ഠൂരമായി വധിക്കുകയുണ്ടായി. ഇമാം ഹുസൈനെ അവിശ്വാസിയായി പ്രഖ്യാപിച്ച മനുഷ്യൻ ഖാസി ശുറൈഹ് ആയിരുന്നു. ഏതാനും സ്വർണത്തുട്ടുകൾക്ക് പകരമായായിരുന്നു അദ്ദേഹം ഫത്‌വ നൽകിയതെന്ന് ചരിത്രകാരന്മാർ പറയുന്നു. ഫത്‌വ ഇപ്രകാരമായിരുന്നു: "അലിയുടെ പുത്രൻ ഹുസൈൻ ഇസ്‌ലാം മതത്തിൽ നിന്നു പുറത്ത് പോയിരിക്കുന്നു. അക്കാരണത്താൽ അദ്ദേഹം വധാർഹനാണ്." (ജവാഹിറുൽ കലാം പേ 88, തബരി)

ഇസ്‌ലാം മതത്തിൽ ആളെ ചേർക്കാൻ നിർബന്ധം അരുതെന്ന് കൽപ്പിച്ച ആദരണീയനായ ഖലീഫാ ഹാറൂൺ അൽറഷീദിനെ സംബന്ധിച്ച് ഞാൻ പറഞ്ഞുവല്ലോ. വിരോധാഭാസമെന്ന് പറയട്ടെ. ഇദ്ദേഹമാണ് 'മിഹ്ന' എന്ന് വിളിക്കപ്പെടുന്ന ഇസ്‌ലാമിലെ ആദ്യത്തെ മതവിചാരണക്കോടതി (ഇൻക്വിസിഷൻ) സ്ഥാപിച്ചതിന്റെ ഉത്തരവാദി. ഈ സ്ഥാപനം മുഅ്തസില വിഭാഗത്തിന്റെ കണ്ടുപിടിത്തമായിരുന്നു. 'ഖുർആൻ സൃഷ്ടിക്കപ്പെട്ടതാണ്' എന്ന് രാജ്യത്തെ എല്ലാ ഇസ്‌ലാമിക പണ്ഡിതരും പ്രവർത്തകരും പ്രതിജ്ഞയെടുക്കണമെന്ന് ഇവർ നിർബന്ധിക്കുകയുണ്ടായി. ഇസ്‌ലാമിലെ സമുന്നത വ്യക്തിത്വങ്ങളിലൊരാളായ ഇമാം അഹ്മദ്ബിനു ഹംബൽ (റ) ഈ പ്രതിജ്ഞയെടുക്കാത്തതിന്റെ പേരിൽ നിഷ്ക്കരുണം ചാട്ടവാറടിക്ക് വിധേയനാക്കപ്പെടുകയുണ്ടായി.

മതവിഷയത്തിൽ സഹജീവികളായ മുസ്‌ലിം സഹോദരന്മാർക്കെതിരിൽ മതവിചാരണക്കോടതി സ്ഥാപിക്കുക എന്നത് ഇസ്‌ലാമിക ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത ഒരു സംഭവമാണെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. പക്ഷേ ഈ മതവിചാരണക്കോടതി സ്ഥാപിച്ച ഖലീഫ ഹാറൂൺ അൽ റഷീദ് (അൽ മാമൂൻ) അങ്ങേയറ്റം

വിയോജിപ്പുള്ള ശാസ്ത്രീയമായ അഭിപ്രായങ്ങളോട് വളരെ സഹിഷ്ണുതാപൂർണമായ സമീപനമായിരുന്നു സ്വീകരിച്ചത്. അദ്ദേഹമാണ് ഇസ്‌ലാമിക ലോകത്ത് ആദ്യമായി 'ബൈത്തുൽ ഹിക്മ' എന്ന സ്ഥാപനം സൃഷ്ടിച്ചത്. ഗ്രീക്കുകാർ, ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, ജൂതന്മാർ മുസ്‌ലിംകൾ എന്നിവരിൽപ്പെട്ട ശാസ്ത്ര പ്രതിഭകൾ പഠനങ്ങൾക്കും ചർച്ചകൾക്കുമായി ഒത്തുചേർന്ന് അവരുടെ ക്ലാസിക്ക് രചനകൾ അറബിയിലേക്ക് വിവർത്തനം ചെയ്തതും വിജ്ഞാനത്തിന്റെ ഗേഹം (ബൈത്തുൽ ഹിക്മ) എന്നറിയപ്പെട്ടിരുന്ന ഇവിടങ്ങളിൽ വെച്ചായിരുന്നു.

സ്വന്തം സഹജീവികളായ മുസ്‌ലിം സഹോദരന്മാരെ പീഡിപ്പിച്ച മുസ്‌ലിംകളുടെ ചരിത്രത്തിലേക്ക്തന്നെ തിരിച്ചുവരാം. പ്രാദേശികവും വിഭാഗീയവുമായ മതവിശ്വാസ വ്യത്യാസങ്ങളുടെ പേരിൽ ഇസ്‌ലാമിലെ സമാദരണീയരും ഭക്തന്മാരുമായ മഹനീയ വ്യക്തിത്വങ്ങളെക്കൂടി ഇവർ പീഡിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിലെ നാല് അംഗീകൃത മതചിന്താസരണിയുടെ (മദ്ഹബ്) സ്ഥാപകരിൽപ്പെട്ട ഇമാം അബൂ ഹനീഫ, ഇമാം മാലിക്ബ്നു അനസ് എന്നിവരും ഇമാം ഗസ്സാലി, അല്ലാമാ ഇബ്നുറുശ്ദ്, ശൈഖുൽ അക്ബർ-ഇബ്നുഅറബി, ഇബ്നു തയ്മിയ, ഇമാം ഇബ്നു ഖയ്യൂം, സയ്യിദ് മുഹമ്മദ് ജോൻപുരി മുതലായ പ്രധാനികളും ഇതിൽപെടും. ഈ മതബഹിഷ്കരണവും പീഡനങ്ങളുമെല്ലാം തികച്ചും വിഭാഗീയമായ മതവ്യാഖ്യാന വൈകൃതങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. വധശിക്ഷകൾ വരെ ഇതിന്റെ പേരിൽ അരങ്ങേറി. ഇസ്‌ലാമിലെ സൂഫി സിദ്ധനായിരുന്ന ഹല്ലാജ്, ശൈഖുൽ ഇശ്റാഖ് ശഹാബുദ്ദീൻ സുഹ്റ വർദി, ശൈഖ് അലായീ, ശൈഖ് സർമദ് എന്നീമഹാത്മാക്കളെ ഇക്കൂട്ടർ ശഹീദാക്കുകയുണ്ടായി.

സർമദിന്റെ രക്തസാക്ഷിത്വത്തെ അനുസ്മരിച്ചുകൊണ്ട് മൗലാനാ അബുൽ കലാം ആസാദ് എഴുതി.

"കഴിഞ്ഞ 1300 വർഷക്കാലമായി മതവിധി എഴുതുന്ന തൂലികകൾ ഉറ

**ഖുർആനിലെ 750 വചനങ്ങൾ വിശ്വാസികളോട് പ്രകൃതിയെ സംബന്ധിച്ച് പഠിക്കാനുള്ള ആഹ്വാനങ്ങൾ അടങ്ങിയതാണ്. യുക്തിചിന്തയെ ഉപയോഗപ്പെടുത്തി പ്രകൃതിയെപ്പറ്റി കൂലങ്കശമായി മനനം ചെയ്ത് വിജ്ഞാനം ആർജ്ജിക്കാനും ശാസ്ത്രീയബോധം സമൂഹജീവിതത്തിന്റെ ഭാഗമാക്കാനുമാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്.**

യിൽ നിന്നൂരിയ വാൾ പോലെയായിരുന്നു. അല്ലാഹുവിന്റെ ധാരാളം ഇഷ്ടദാസരുടെ രക്തംകൊണ്ട് അത് പങ്കിലമായിട്ടുണ്ട്. ഈ രക്തസാക്ഷിത്വം സൂഫികളിലും സ്വതന്ത്രചിന്തകന്മാരിലും മാത്രം പരിമിതമല്ല, പ്രഗത്ഭരായ യാഥാസ്ഥിതിക പണ്ഡിതന്മാർ വരെ അക്കൂട്ടത്തിലുണ്ട്."

തന്റെ സഹജീവികളായ മുസ്‌ലിം സഹോദരന്മാരെ മതത്തിൽ നിന്ന് ബഹിഷ്കൃതരാക്കുന്ന സമ്പ്രദായം ഇക്കാലത്തും നിലച്ചുപോയി എന്ന് ഞാൻ കരുതുന്നില്ല. ഒരർഥത്തിൽ ഇസ്‌ലാംമതത്തിലെ സ്വാതന്ത്ര്യം പുറത്തുള്ളതിനേക്കാൾ രൂക്ഷവും സങ്കുചിതവുമാണ് അകത്തുള്ളത്. രണ്ട് മുഖ്യമായ ഇസ്‌ലാമിക പാരമ്പര്യധാരകൾ ഇസ്‌ലാമിൽ എപ്പോഴും സഹവർത്തിച്ചു നിന്നിരുന്നു. ഒന്ന് സൂഫികളുടെ അദ്ധ്യാത്മിക മൂല്യങ്ങളിലൂന്നിയ മിസ്റ്റിസത്തിന്റെ പാരമ്പര്യമാണ്. ഇത് സഹിഷ്ണുതാ പൂർണ്ണമായ ഇസ്‌ലാമിക പാരമ്പര്യ സരണിയാണ്. മറ്റൊന്ന് ഇസ്‌ലാമിലെ കർമ്മശാസ്ത്രികളുടെ പാരമ്പര്യമാണ്. ആചാരപരവും ആദർശപരവും രാഷ്ട്രീയവും ഭരണപരവുമായ വിഷയങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള അനൗദ്യോഗിക പുരോഹിതവർഗമാണ് ഇതിന്റെ വക്താക്കൾ. ഇക്കാലത്ത് രണ്ടാമത്തെ പാരമ്പര്യമാണ് മിക്ക മുസ്‌ലിം രാജ്യങ്ങളിലും പ്രാബല്യത്തിലുള്ളത്. ഇവരാണ് പാശ്ചാത്യരോട് സാംസ്കാരികമായും രാഷ്ട്രീയ അധിനിവേശങ്ങൾക്കെതിരെയും ചെറുത്തുനിൽപ്പുമായി നിൽക്കുന്നത്.

## ശാസ്ത്രീയ ഗവേഷണത്തിനുള്ള സ്വാതന്ത്ര്യം

ശാസ്ത്രീയ വിഷയങ്ങളെ സംബന്ധിച്ച ചർച്ചകൾക്കും സംവാദങ്ങൾക്കും വിദ്യാഭ്യാസങ്ങൾക്കും ഇസ്‌ലാമിലെ സ്വാതന്ത്ര്യം എങ്ങനെ സ്വാധീനിച്ചു എന്ന് നോക്കാം. ശാസ്ത്രം എന്റെ മുഖ്യ വിഷയവുമാണ്. ഖുർആൻ പറയുന്നു. "മേഘങ്ങളിലേക്ക് അവർ നോക്കുന്നില്ലേ അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന്? ആകാശത്തിലേക്കും (അവർ നോക്കുന്നില്ലേ) അതെങ്ങനെ ഉയർത്തപ്പെട്ടുവെന്ന്? പർവ്വതത്തിലേക്ക് നോക്കുന്നില്ലേ അത് എപ്രകാരമാണ് നാട്ടി നിർത്തപ്പെട്ടിരിക്കുന്നതെന്ന്? അവർ ഭൂതലത്തിലേക്ക് നോക്കുന്നില്ലേ, അതെങ്ങനെ വിതാനിക്കപ്പെട്ടിരിക്കുന്നുവെന്ന്?" (88:17)

വീണ്ടും ഖുർആൻ പറയുന്നു:

"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) 'ഞങ്ങളുടെ നാഥാ, നീ ഇതെല്ലാം വ്യർത്ഥമായല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ' എന്ന് പറയും" (2:191,192)

ഖുർആനിലെ 750 വചനങ്ങൾ വിശ്വാസികളോട് പ്രകൃതിയെ സംബന്ധിച്ച് പഠിക്കാനുള്ള ആഹ്വാനങ്ങൾ അടങ്ങിയതാണ്. യുക്തിചിന്തയെ ഉപ

യോഗപ്പെടുത്തി പ്രകൃതിയെപ്പറ്റി കൂല ങ്കശമായി മനനം ചെയ്ത് വിജ്ഞാനം ആർജ്ജിക്കാനും ശാസ്ത്രീയബോധം സമൂഹജീവിതത്തിന്റെ ഭാഗമാക്കാനുമാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്.

വിജ്ഞാനാർജ്ജനം ഏതൊരു മുസ്‌ലിം സ്ത്രീയുടെയും പുരുഷന്റെയും ബാദ്ധ്യതയാണെന്ന് തിരുനബി (സ) അരുളിയിട്ടുണ്ട്. കാത്തേയിൽ (ചൈന) പോയെങ്കിലും വിജ്ഞാനം കരസ്ഥമാക്കണമെന്ന് അദ്ദേഹം തന്റെ അനുയായികളോട് ഉപദേശിക്കുകയുണ്ടായി. തീർച്ചയായും ഈ ഉപദേശം നൽകുമ്പോൾ മതപരമായ വിജ്ഞാനത്തെക്കാൾ ഭൗതിക വിജ്ഞാനമായിരിക്കും തിരുനബി (സ)യുടെ മനസ്സിൽ ഉണ്ടാവുക. അപ്രകാരംതന്നെ ശാസ്ത്ര പഠനത്തിൽ അന്തർദേശീയത കൈക്കൊള്ളാനാണ് അദ്ദേഹം ഇവിടെ ഊന്നിപ്പറയുന്നത്.

ഇസ്‌ലാമിൽ ശാസ്ത്രീയ സംരംഭങ്ങൾ വിജയം പ്രാപിക്കാൻ രണ്ട് സുപ്രധാന കാരണങ്ങളുണ്ടായിരുന്നു. ഒന്നാമത്തെത് മതപരമായ സ്വാതന്ത്ര്യത്തോടൊപ്പം പ്രവാചകൻ മുസ്‌ലിംകളിലേക്ക് പകർന്ന അത്യുദാരമായ ശാസ്ത്രീയ പഠന സ്വാതന്ത്ര്യമാണ്. രണ്ടാമത്തെതാകട്ടെ ഇസ്‌ലാമിലെ ശാസ്ത്രീയ സംരംഭങ്ങളുടെ അന്തർദേശീയ സ്വഭാവമാണ്. വർണ-ദേശ വ്യത്യാസങ്ങൾക്കതീതമായി ആദ്യകാല മുസ്‌ലിം സമൂഹം ഇസ്‌ലാമിക് കോമൺവെൽത്തായി നിലകൊണ്ടു. അവർ അന്യമായ ആശയങ്ങളോടും മറ്റ് അന്യമായതിനോടുമെല്ലാം അങ്ങേയറ്റത്തെ സഹിഷ്ണുത പുലർത്തിയിരുന്നവരായിരുന്നു.

## നിലച്ചുപോയ ശാസ്ത്രീയ ഗവേഷണ പാരമ്പര്യം

എ. ഡി. 1100 ഓടുകൂടി ഈ ശാസ്ത്രീയ പാരമ്പര്യത്തിന്റെ അപചയം ആരംഭിച്ചു. ഇരുന്നൂറ്റി അൻപത് വർഷം കൊണ്ട് ആ മരവിപ്പും മരണവും സമ്പൂർണ്ണമായി. എന്തുകൊണ്ടാണ് സർഗ്ഗാത്മക ശാസ്ത്രം ഇസ്‌ലാമിൽ തിരോഭവിച്ചത്? എന്റെ വീക്ഷണത്തിൽ സജീവശാസ്ത്രം ഇസ്‌ലാമികലോകത്ത് നിന്ന് തിരോഭവിക്കാൻ കാരണം ഒന്നാമതായി ആന്തരികമായുണ്ടായ മാറ്റവും ശാസ്ത്രസംരംഭങ്ങളിൽ നിന്നുള്ള ഒറ്റപ്പെടലുമാണ്. രണ്ടാമതായി, പരിഷ്ക്കരണങ്ങളോടുള്ള (ജിദ്ദത്ത്) പരാങ്മുഖത്വമാണ്. ഇസ്‌ലാമിക ചരിത്രത്തിലെ പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനവും പന്ത്രണ്ടാം നൂറ്റാണ്ടും രാഷ്ട്രീയോന്മുഖവും വിഭാഗീയവും മതപരവുമായ സംഘർഷങ്ങൾകൊണ്ട് നിറഞ്ഞുനിന്നു. സഹിഷ്ണുതയി ല്ലാത്ത ഈ കാലഘട്ടം അനുകരണാത്മകവും (തഖ്‌ലീദ്) ഗവേഷണ (ഇജ്തിഹാദ്) രഹിതവുമായിരുന്നു. ശാസ്ത്രമടക്കം എല്ലാ മേഖലയിലും ഇത് വ്യാപിക്കുകയുണ്ടായി.

ഇസ്‌ലാമിലുണ്ടായ ശാസ്ത്രസംരചനയോടുള്ള ഈ ഉദാസീനത വിവരിക്കാൻ എക്കാലത്തെയും ഏറ്റവും വലിയ സാമൂഹ്യ ചരിത്രകാരനും അത്യുജ്ജ്വല പ്രതിഭാശാലിയുമായിരുന്ന ഇബ്നുകൽദൂനെ (1332-1406) ഞാൻ ഉദ്ധരിക്കട്ടെ.

"ഫ്രാൻസ് രാജ്യത്തും വടക്കൻ മെഡിറ്ററേനിയൻ തീരത്തും തത്ത്വശാസ്ത്രത്തിന്റെ പുതിയൊരു ഉജ്ജീവനത്തെപ്പറ്റി നാം കേൾക്കുകയുണ്ടായി. അവർ അവിടെ വീണ്ടും ധാരാളം പാഠശാലകളിൽ വെച്ച് പഠനങ്ങളാരംഭിച്ചിരിക്കുന്നു. നിലവിലുള്ള അവരുടെ വ്യാഖ്യാന സമ്പ്രദായം സമഗ്രമാണെന്ന് പറയപ്പെടുന്നു. അവരെ അറിയുന്നവരും അവരുടെ വിദ്യാർത്ഥികളും അനവധിയാണ്. അവിടുത്തെ സ്ഥിതിയുടെ യാഥാർത്ഥ്യം അല്ലാഹുവിന്നറിയാം. പക്ഷേ, ഒരു കാര്യം വ്യക്തമാണ്. നമ്മുടെ മതകാര്യങ്ങളിൽ ഭൗതിക ശാസ്ത്ര പ്രശ്നങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ല. അതുകൊണ്ട് തീർച്ചയായും നമുക്കവരെ അവഗണിക്കാം."

ഇവിടെ ശാസ്ത്രവിജ്ഞാനങ്ങളോട് ഇബ്നുകൽദൂൻ നിർജ്ജീവമായ ജിജ്ഞാസയും നിശ്ചേതനമായ ആകാംക്ഷയുമാണ് കാണിക്കുന്നത്. പുറംലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂതന ശാസ്ത്രീയ സംഭവവികാസങ്ങൾക്ക് നേരെയുള്ള അനുഭാവശൂന്യമായ നിലപാടും അതിൽ നിന്ന് ഉൾവലിയാനുള്ള പ്രവണതയും പ്രതിലോമപരതയുമാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രതിഫലിച്ചിരിക്കുന്നത്. എല്ലാവർക്കും അറിയുന്നതുപോലെ ശാസ്ത്രീയരംഗത്തുനിന്നുള്ള ഒറ്റപ്പെടലും അധികാരികളോടുള്ള പ്രീണനങ്ങളും ധൈഷണിക മൃത്യുവിന് ബീജാവാപം നടത്തുകയും ചെയ്തു. നമ്മുടെ പ്രതാപമുഗ്ദമായ 9, 10 നൂറ്റാണ്ടുകളിൽ ബാഗ്ദാദിലും കൈറോവിലും ശാസ്ത്രീയ ഉപരിപഠന സ്ഥാപനങ്ങൾ (ബൈത്തുൽ ഹിക്മ) പടുത്തുയർത്തിയിരുന്നു. പണ്ഡിതന്മാരുടെ അന്തർദേശീയ സമ്മേളനങ്ങൾ അവിടങ്ങളിൽ വിളിച്ചുകൂട്ടിയിരുന്നു. എന്നാൽ ഇതെല്ലാം പൊടുന്നനെ നിലച്ച്പോയി. 1350 ന് ശേഷം അങ്ങനെയൊന്ന് സംഭവിച്ചിട്ടില്ല. മതപഠനകേന്ദ്രങ്ങളിലാണ് പിന്നീട് ശാസ്ത്രം അഭ്യസിക്കപ്പെട്ടത്. അവിടെ വിമർശനാത്മകമായ പഠനങ്ങൾക്ക് പകരം പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നിർണയിക്കപ്പെട്ടത്. സർവ്വ വിജ്ഞാന കോശ സമ്പ്രദായത്തിലുള്ള പഠനരീതി തന്നെ വിശേഷവത്കരണത്തിന്റെ ഈ യുഗത്തിൽ വിലങ്ങുതടിയായി. യുവഗവേഷകരെ സംബന്ധിച്ചിടത്തോളം ക്രിയാത്മക വിമർശനത്തിന്റെ അന്തഃസത്തയായ നിലവിലുള്ള പഠനവിഷയങ്ങളെ ചോദ്യം ചെയ്ത് പുനഃപരിശോധിച്ച് പുതിയ ആശയങ്ങൾ കണ്ടെത്തുന്ന രീതി മദ്റസകളിൽ പ്രോത്സാഹിക്കപ്പെടുകയോ പൊറുപ്പിക്കപ്പെടുകയോ ചെയ്തില്ല. ആദ്യത്തെ മദ്റസ സ്ഥാപിക്കപ്പെട്ടപ്പോൾ ട്രാൻസ് ഓക്സാനിയയിലെ ഒരു പണ്ഡിതൻ വേർപെട്ടുപോയ ശാസ്ത്രത്തിന്റെ സ്മരണയ്ക്കായി ഒരു അനുസ്മരണചച്ചടങ്ങ് നടത്തിയിരുന്നതായി ഒരു ചരിത്ര നിവേദനത്തിൽ പറയുന്നു. അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ തികച്ചും യാഥാർത്ഥ്യമാ യിരുന്നുവെന്ന് പിൽക്കാലചരിത്രം തെളിവുനൽകുന്നു.

കൽദൂണിയൻ കാലഘട്ടം മുതൽക്കുള്ള ധൈഷണികമായ ഈ

ഒറ്റപ്പെടലും മരവിപ്പും തുർക്കിയിലെ ഉസ്മാനിയാ ഇറാനിലെ സഫ്‌വി, ഇന്ത്യയിലെ മുഗൾ എന്നീ മഹത്തായ സാമ്രാജ്യങ്ങളുടെ കാലവും പിന്നിട്ടുകൊണ്ട് ശൈഥില്യത്തിന്റെ ഒരു സമ്പൂർണ ചിത്രം രചിക്കുകയുണ്ടായി.

ഈ അധഃപതനം യാദൃച്ഛികമായിരുന്നില്ല. തുർക്കി സാമ്രാജ്യത്തിലെ ബ്രിട്ടീഷ് കൗൺസിലർ ആയിരുന്ന വില്യം എട്ടോൺ 1800ൽ എഴുതി:

"നാവിക രംഗത്ത് മുസ്‌ലിംകൾക്ക് കാന്തമുപയോഗിക്കുന്നതിൽ ശാസ്ത്രീയ പരിജ്ഞാനമുണ്ടായിരുന്നില്ല. വികസനത്തിനും മനസ്സിന്റെ കഴിവുകൾ വർദ്ധിപ്പിക്കാനും ഏറ്റവും അനുപേക്ഷണീയമായ പര്യടന യാത്രകൾ മതത്തിന്റെ പേരിലുള്ള മിഥ്യാഭിമാനം കാരണം പൂർണ്ണമായും തടയപ്പെട്ടു... വിദേശികളുമായുള്ള ഇടപെടലുകളിൽനിന്നും ബോധപൂർവ്വം അവർ അകന്നുനിന്നു..."

ഈ നില ഇപ്പോഴും തുടരുന്നില്ലേ? ഇസ്‌ലാമിക രാജ്യങ്ങളിൽ ശാസ്ത്രീയ ഗവേഷണങ്ങളും സ്വതന്ത്രാന്വേഷണങ്ങളും അനുവദിക്കുന്നുണ്ടോ?

## ശാസ്ത്രവും വിശ്വാസവും യോജിപ്പോ വിയോജിപ്പോ?

ഈ ഭൂമുഖത്തെ എല്ലാ സംസ്കാരങ്ങളിലും വെച്ച് ശാസ്ത്രം ഇന്ന് ഏറ്റവും ദുർബ്ബലമായിരിക്കുന്നത് ഇസ്‌ലാമികരാഷ്ട്ര സമുച്ഛയങ്ങളിലാണ്. ചില മുസ്‌ലിംകൾ വിശ്വസിക്കുന്നത് സാങ്കേതിക വിദ്യ (Technology) നിരുപദ്രവവും കുഴപ്പമില്ലാത്തതുമാണെന്നാണ്. സാങ്കേതിക വിദ്യ എത്ര അധികമായാലും ഇസ്‌ലാമിക ധാർമ്മിക ജീവിതം പാലിക്കുന്നതിൽ നിന്ന് അത് നമ്മെ തടയുന്നില്ലെന്നും എന്നാൽ സൈദ്ധാന്തിക ശാസ്ത്രമാകട്ടെ ചില മൂല്യങ്ങൾ ഉൾക്കൊള്ളുന്നതാണെന്നും നാം കരുതുന്നു. അതായത് ആധുനിക സൈദ്ധാന്തിക ശാസ്ത്രം നമ്മെ യുക്തിവാദത്തിലേക്കും അവസാനം ഇസ്‌ലാംമതം ഉപേക്ഷിക്കുന്നതിലേക്കും നയിച്ചേക്കാം എന്നാണ് നമ്മുടെ ഭീതി. അത്തരം ശാസ്ത്രീയ വിദ്യാഭ്യാസം നേടിയ നമ്മളിലുള്ള വ്യക്തികൾ നമ്മുടെ മതത്തിലെ ആത്മീയ സങ്കൽപ്പങ്ങളെ നിഷേധിക്കുന്നവരായിത്തീരും എന്നും മുസ്‌ലിംകൾ കരുതുന്നു. ഈ വസ്തുത നാം പരിശോധിക്കുമ്പോൾ വാസ്തവത്തിൽ ഉന്നത നിലവാരത്തിലുള്ള സൈദ്ധാന്തിക ശാസ്ത്രപഠനങ്ങളില്ലാതെ ഒരു സാങ്കേതികശാസ്ത്രവും ഉന്നത നിലവാരത്തിൽ വികസിക്കില്ല എന്നാണ് മനസ്സിലാകുന്നത്. ശാസ്ത്രത്തോടുള്ള അത്തരം സമീപനം ഭൂതകാലത്തെ ശാസ്ത്രവും വിശ്വാസവുമായുള്ള സംഘട്ടനത്തിന്റെ പാരമ്പര്യമാണ് എന്ന് ഞാൻ സംശയിക്കുന്നു. 'യുക്തിവാദികളായ തത്ത്വശാസ്ത്രജ്ഞന്മാർ'(Rational Philosophers) എന്ന് പണ്ട്കാലങ്ങളിൽ അറിയപ്പെട്ടിരുന്നത് അയുക്തികതയിലും സിദ്ധാന്തവാശിയിലുമധിഷ്ഠിതമായ (Dogmatic) അരിസ്റ്റോട്ടിലിന്റെ പ്രകൃതി സങ്കൽപ്പങ്ങളുടെ പിന്തുടർച്ചക്കാരായിരുന്നു. അവരുടെ ദാർശനിക വൈകല്യങ്ങളെ വിശ്വാസവുമായി സമന്വയിപ്പിക്കാൻ ഇക്കൂട്ടർക്ക് സാധ്യമായില്ല എന്നതാണ് വാസ്തവം. അതുപോലെയാണ് ഇന്നത്തെ ശാസ്ത്രദർശനങ്ങൾ എന്നാണ് മുസ്‌ലിംകളായ നാം ഭയപ്പെടുന്നതെന്ന് തോന്നുന്നു.

ഇത്തരത്തിൽ ശാസ്ത്രവും വിശ്വാസവുമായുള്ള സംഘട്ടനങ്ങൾ മുഴുവനും അതിശക്തമായി പിടിച്ചു കുലുക്കിയത് മധ്യകാലത്തെ ക്രിസ്തീയ ദാർശനികന്മാരെയായിരുന്നു.അവരെ അലട്ടിയിരുന്ന മുഖ്യമായ പ്രശ്നങ്ങൾ പ്രപഞ്ചോൽപത്തി ശാസ്ത്രത്തിന്റെയും (Cosmology) അതിഭൗതിക ശാസ്ത്രത്തിന്റെ (Metaphysics) തുമായിരുന്നു. ഭൂമി ചലിക്കാത്ത വസ്തുവാണോ? അതിനെ താങ്ങി നിർത്തുന്ന മറ്റെന്തെങ്കിലുമുണ്ടോ? കാര്യക്ഷമമായ കാരണം എന്ന നിലക്ക് ആദിചലനത്തെ ദൈവം നേരിട്ടാണോ ചലിപ്പിച്ചത്? ആകാശങ്ങളെല്ലാം ചലിക്കുന്നത് ഒരു കർത്താവിനെകൊണ്ടാണോ അതല്ല പല കർത്താക്കന്മാരെ കൊണ്ടാണോ? ഈ ബ്രഹ്മാണ്ഡകടാഹം പ്രവർത്തിക്കുന്നത് ആരുടെയെങ്കിലും ബുദ്ധിവൈഭവത്താലാണോ? അല്ല പദാർത്ഥങ്ങളുടെ സ്വയംസിദ്ധമായ ചലനനിയമങ്ങൾ മൂലമോ? ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് ക്രിസ്തീയ ചിന്തകന്മാർ ഉത്തരം തേടിയിരുന്നത് അരിസ്റ്റോട്ടിലിന്റെ അശാസ്ത്രീയ നിഗമനങ്ങളിൽ നിന്നാണ്. ഭൗതിക ശാസ്ത്രത്തിന്റെ പ്രശ്നങ്ങളായി മാത്രം ഇതെല്ലാം കാണുകയും ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ ഉത്തരം കാണുവാൻ ശ്രമിക്കുകയും ചെയ്തതിന്നാണ് ഗലീലിയോയെ ക്രിസ്തീയലോകം പീഡിപ്പിച്ചത്. മൂന്നര നൂറ്റാണ്ടിന് ശേഷമാണ് ക്രിസ്ത്യാനികൾക്ക് ഇക്കാര്യത്തിൽ പാപബോധം ജനിച്ചത്.

1983 മെയ് ഒമ്പതിന് വത്തിക്കാനിലെ ഒരു പ്രത്യേക ചടങ്ങിൽവെച്ച് പോപ്പ് പ്രഖ്യാപിക്കുകയുണ്ടായി.

ഗലീലിയോ സംഭവവും അതിന് ശേഷമുണ്ടായ സംഭവങ്ങളും പക്വമായ ഒരു സമീപനം കൈക്കൊള്ളുവാൻ സഭയെ പഠിപ്പിച്ചിരിക്കുന്നു. സഭക്ക് അതിന്റെ അനുഭവങ്ങളിലൂടെയും മനനങ്ങളിലൂടെയും മനുഷ്യന്റെ ഉദാത്തമായ ഒരു ഗുണശേഷമായ ഗവേഷണത്വരക്ക് സ്വാതന്ത്ര്യം നൽകണമെന്നതിന്റെ യഥാർത്ഥ അർത്ഥം ബോദ്ധ്യമായിരിക്കുന്നു. ഗവേഷണത്തിൽകൂടി മാത്രമെ സത്യം കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്തെന്നാൽ, വിശ്വാസവും ശാസ്ത്രവും തമ്മിൽ യഥാർത്ഥത്തിൽ സംഘട്ടനമില്ലെന്ന് സഭക്ക് മനസ്സിലായി. എങ്കിലും ഉത്കൃഷ്ടവും എളിമത്വവുമാർന്ന നിരന്തര പഠനം നമുക്ക് മനസ്സിലാക്കിത്തരുന്നത് വിശ്വാസത്തിന്റെ മൂലതത്ത്വങ്ങളെ ഒരു പ്രത്യേക കാലഘട്ടത്തിലെ ശാസ്ത്രീയ വ്യവസ്ഥിയിൽ നിന്നും വേർപെടുത്തുമെന്നാണ്. പ്രത്യേകിച്ച് സാംസ്കാരികോന്മുഖമായ ബൈബിൾ പാരായണത്തിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത് ധാർമികബദ്ധമായ ഒരു പ്രപഞ്ചോൽപത്തി ശാസ്ത്രവുമായിട്ടാണ് (Obligatory Cosmology) അത് ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നത് എന്നാണ്.

ശാസ്ത്രവുമായുള്ള സഭയുടെ സമീപനങ്ങളിൽ പക്വത കൈവന്നതിനെ

സംബന്ധിച്ചും പോപ്പ് പറയുകയുണ്ടായി. വിലോമ പ്രതിഭാസത്തെ (Converse Phenomena-ഒരു പ്രമേയത്തിന്റെ സങ്കൽപ്പവും നിഗമനവും പരസ്പരം മാറുമ്പോൾ കിട്ടുന്ന പുതിയ പ്രമേയം. ഇത് എപ്പോഴും ശരിയായിരിക്കണമെന്നില്ല. പരി:) ഗലീലിയോയുടെ കാലം മുതൽ ശാസ്ത്രീയ മേഖലകൾക്കപ്പുറത്തുള്ള സമസ്യകൾക്ക് ഉത്തരം കാണാൻ വിലോമ പ്രതിഭാസത്തെയാണ് ശാസ്ത്രജ്ഞന്മാർ ആശ്രയിച്ചു പോരുന്നത്. ഈ ശാസ്ത്രീയ സിദ്ധാന്തത്തിന്റെ പരിമിതികളെ അറിഞ്ഞുകൊണ്ടുതന്നെയാണ് അത് അംഗീകരിച്ചിട്ടുള്ളത്. സമകാലീന ശാസ്ത്രത്തിന്റെയോ, ഭാവിയിൽ വരാനിരിക്കുന്ന ശാസ്ത്രത്തിന്റെയോ പരിധിയിൽപോലും പെടാത്ത പല പ്രശ്നങ്ങളുമുണ്ടെന്ന് ശാസ്ത്രത്തിന്നറിയാം. ശാസ്ത്രം അതിന്റെ വിജയം കൈവരിച്ചത് അതിന്റെ അന്വേഷണ രീതി ഒരു പ്രത്യേക തലത്തിൽ മാത്രം സ്വയം പരിമിതപ്പെടുത്തിക്കൊണ്ടാണ്.

ശാസ്ത്രത്തിന്റെ ചില പ്രശ്നങ്ങളെ സംബന്ധിച്ച് നമുക്ക് ഊഹിച്ച് നിഗമനത്തിലെത്തിച്ചേരാൻ കഴിഞ്ഞേക്കും. പക്ഷേ, അവ അനുഭവജ്ഞാനപരമായി (Empirical) നമുക്ക് മൂല്യനിർണയം ചെയ്യാൻ സാധ്യമല്ല. ഈ അനുഭവജ്ഞാനപരമായ പരിശോധന (Empirical Verification) യാണ് ശാസ്ത്രത്തിന്റെ അന്തഃസത്ത.

നാം വിനയാന്വിതനായിക്കൊണ്ട് ഇബ്നു മുശ്ദിനെ ഓർക്കുകയാണ്. വൈദ്യശാസ്ത്രരംഗത്തെ മഹാനായൊരു മൗലിക പ്രതിഭയായിരുന്നു ഇബ്നുറുശ്ദ്. പനിയെ സംബന്ധിച്ചും കണ്ണിന്റെ കൃഷ്ണമണിയെ സംബന്ധിച്ചും അദ്ദേഹത്തിന്റെ പഠനങ്ങൾ അനശ്വരങ്ങളാണ്. പക്ഷേ, ഇതിൽനിന്നു വ്യത്യസ്തമായ ഒരു ശാസ്ത്രീയ ദർശനമായിരുന്നു അദ്ദേഹത്തിന്റെ പ്രപഞ്ചസങ്കൽപ്പത്തെ രൂപപ്പെടുത്തിയത്. അവിടെ അദ്ദേഹം സ്വീകരിച്ചത് അരിസ്റ്റോട്ടലിന്റെ ഊഹങ്ങളെയാണ്. ഭാവിയിലെ ശാസ്ത്രീയ പരീക്ഷണങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന ഊഹങ്ങളാണ് ഇവയെന്ന് അദ്ദേഹം തിരിച്ചറിഞ്ഞില്ല. ആധുനിക ശാസ്ത്രജ്ഞന് എവിടെ എപ്പോൾ ഊഹങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരണമെന്നറിയാം. ചിന്തകൾ തെറ്റുപറ്റാത്താണെന്നോ അവസാനവാക്കാണെന്നോ ഉള്ള അവകാശവാദം അയാൾ ഉന്നയിക്കുന്നില്ല. അംഗീകരിച്ച് വ്യവസ്ഥാപിതമായിക്കഴിഞ്ഞ ചില ശാസ്ത്രീയ വസ്തുതകൾപോലും മാറ്റി നിർത്തി നാം പുതിയ വസ്തുതകൾ കണ്ടെത്തുകയും സ്വീകരിക്കുകയും ചെയ്യുന്നു. അതാകട്ടെ പഴയ കണ്ടുപിടിത്തങ്ങൾ തെറ്റാണെന്ന് സ്ഥാപിക്കാതെ തന്നെ അതിനെ അംഗീകരിച്ചുകൊണ്ട് സാമാന്യവത്കരണത്തിലേക്ക് നമ്മെ നയിക്കുന്നു. ഈ പുതിയ കണ്ടുപിടിത്തങ്ങൾമൂലം നമ്മുടെ പ്രപഞ്ചസങ്കൽപ്പങ്ങളിലും വീക്ഷണങ്ങളിലും യഥാക്രമം വിപ്ലവകരമായ മാറ്റങ്ങളും ആവശ്യമായിവരുന്നു. ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഭൗതികശാസ്ത്രത്തിൽ രണ്ടുതവണ ഇത്തരം വിപ്ലവങ്ങൾ ആർത്തിക്കുകയുണ്ടായി. ഒന്നാമതായി കാലത്തിന്റെയും സ്ഥലത്തിന്റെയും ആപേക്ഷികതെ സംബന്ധിച്ച കണ്ടുപിടിത്തമായിരുന്നു. രണ്ടാമത്തേത് ക്വാണ്ടം സിദ്ധാന്തവുമായിരുന്നു. അത്തരം കണ്ടുപിടുത്തങ്ങൾ വീണ്ടും സംഭവിക്കാം. സമ്പൂർണ്ണവും സമഗ്രവുമാണെന്ന് വിശ്വസിച്ച് നാം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ശാസ്ത്രീയ സങ്കൽപങ്ങൾ അപര്യാപ്തങ്ങളാണെന്ന് തെളിയിച്ചുകൊണ്ട് കൂടുതൽ സമഗ്രവും കൂടുതൽ വിശ്വസനീയവുമായ പുതിയ കണ്ടുപിടിത്തങ്ങളും കണ്ടെത്തലുകളും വീണ്ടും സംഭവിക്കാം.

ഇന്നലകളുടെ തത്ത്വശാസ്ത്രയുദ്ധങ്ങൾ ഇന്ന് നാം തുടരേണ്ടതില്ല എന്ന് ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. എന്റെ വിശ്വാസവും എന്റെ ശാസ്ത്രവും തമ്മിൽ യാതൊരു അസ്വാരസ്യങ്ങളും കാണാൻ എനിക്ക് സാധിക്കുന്നില്ല. കാരണം ഭൗതിക ശാസ്ത്രങ്ങൾ മൗനം പാലിക്കുന്ന ഇസ്‌ലാമിന്റെ കാലാതീതമായ ആത്മീയ സന്ദേശത്താലാണ് എന്നിൽ മതവിശ്വാസം ജനിക്കുന്നത്.

ഖുർആന്റെ പ്രാരംഭാദ്ധ്യായത്തിന് ശേഷം അത് പ്രഖ്യാപിക്കുന്നു:

"ഇത് പരിപൂർണ്ണമായ ഗ്രന്ഥമാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. ഭയഭക്തി അവലംബിക്കുകയും അദൃശ്യങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് ഇത് മാർഗ്ഗദർശകമാകുന്നു."

ഞാൻ ഉപസംഹരിക്കട്ടെ. ഖുർആനും തിരുനബി (സ)യും മുന്നോട്ടുവെച്ച മതസ്വാതന്ത്ര്യത്തിന്റെയും ഉദാരതയുടെയും പാരമ്പര്യം തീർച്ചയായും ഇസ്‌ലാമിൽ ശാസ്ത്രത്തെ പുഷ്ക്കലമാക്കുക തന്നെ ചെയ്യും. ശാസ്ത്രവും മതവും അത്രമാത്രം ഇസ്‌ലാമിൽ പരസ്പരം ബന്ധപ്പെട്ടതാണ്. ■

REFERENCES


1) Muhammed Seal of prophets by Muhammed Zafarullah khan,

2. The preaching of Islam by T.W. Arnold (1886)



## വരിക്കാരുടെ ശ്രദ്ധയ്ക്ക്

2002 വർഷത്തെ സത്യദൂതൻ വരിസംഖ്യ കുടിശ്ശികയുള്ള വരിക്കാർ കുടിശ്ശികയും 2003 വർഷത്തേക്കുള്ള വരിസംഖ്യയും ഉടൻതന്നെ താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരുവാൻ അപേക്ഷിക്കുന്നു. ഇനിയും വരിസംഖ്യ പുതുക്കാത്ത വരിക്കാർ ദയവ്ചെയ്ത് ഉടൻ തന്നെ അവരുടെ വരിസംഖ്യ അയച്ചുതരുവാൻ അപേക്ഷിക്കുന്നു. വരിസംഖ്യ ഒരു വർഷത്തേയ്ക്ക് 100 രൂപ.

*വിലാസം:*

**മാനേജർ, സത്യദൂതൻ**
**G.H. റോഡ്, കോഴിക്കോട് - 1**

# മാസംകണ്ട അബ്ദുല്ല

കെ. പി. അഹ്മദ്

വർഷങ്ങൾക്കപ്പുറം സംഭവിച്ച ഒരു കഥയാണിത്. കാലപ്പഴക്കം കൊണ്ട് കഥയിലെ മുഖ്യകഥാപാത്രത്തിന്റെ പേര് പോലും ഇന്നാരും ഓർക്കുന്നില്ല. എങ്കിലും നമുക്കയാളെ അബ്ദുല്ല എന്നുവിളിക്കാം.

കടലിൽ പോയ അബ്ദുല്ല ആകാശച്ചെരിവിൽ ഒരു 'വെള്ളിനൂൽവര' കണ്ടു! സമയം സന്ധ്യയോടടുക്കുകയായിരുന്നു. പുരികം മേലോട്ടുയർത്തി, കണ്ണുകൾ മലർക്കെ തുറന്ന് സൂക്ഷിച്ചു നോക്കിയപ്പോൾ പെരുന്നാൾ മാസപ്പിറവിയായിരുന്നു അത്! അബ്ദുല്ലയുടെ മനസ്സ് പിടഞ്ഞു. ജുമാഅത്ത് പള്ളിയുടെ മച്ചിൻപുറത്ത് പൊടിപിടിച്ചു കിടക്കുന്ന 'തമ്പേറി'ന്റെ മുട്ടുപോലെ അയാളുടെ മനസ്സും തുടികൊട്ടാൻ തുടങ്ങി. പിന്നെ ഒട്ടും വൈകിയില്ല, തന്റെ കൊച്ചുതോണിയുമായി അബ്ദുല്ല കരയിലേക്ക് കുതിച്ചു! കരയിലെത്തിയ അയാൾ കിതപ്പോടെ വിളിച്ചുകൂവി!

"കണ്ടൂ......കണ്ടൂ.... മാസം കണ്ടു."

ഓടിക്കൂടിയ നാട്ടുകാർ അബ്ദുല്ലയെ പൊതിഞ്ഞു. ഒരു ജേതാവിനെ എഴുന്നള്ളിക്കുന്ന ആഹ്ലാദാരവങ്ങളോടെ പ്രാദേശിക ഖാസിയുടെ വീട്ടിലേക്ക് അവർ അബ്ദുല്ലയെ ആനയിച്ചു കൊണ്ടുപോയി. ശബ്ദകോലാഹലം കേട്ട് പുറത്തേക്ക് തലനീട്ടിയ ഖാസിയാർ മെതിയിടപ്പുറത്ത് കയറിയാണ് പ്രത്യക്ഷപ്പെട്ടത്! അപ്പോൾ മുറ്റത്ത് തടിച്ചുകൂടിയ നാട്ടുകാർ 'മാസം കണ്ട അബ്ദുല്ല'യെ ഖാസിയുടെ മുമ്പിലേക്കെറിഞ്ഞുകൊടുത്തു. സങ്കീർണ്ണമായ ഒരു പ്രശ്നമാണ് ചോദ്യചിഹ്നമായി നിൽക്കുന്നത്. അത് കയ്യാളാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് പ്രാദേശിക ഖാസി സത്യാസത്യ പരീക്ഷണം നടത്താൻ അബ്ദുല്ലയെ തന്റെ പ്രൈവറ്റ് റൂമിലേക്ക് ക്ഷണിച്ചു. പരീക്ഷണമുറിയുടെ അടഞ്ഞ കവാടത്തിന് വെളിയിൽ ആകാംക്ഷയോടെ ജനം കാതോർത്തു. ഏറെ നേരം കഴിഞ്ഞാണ് ഖാസിയും അബ്ദുല്ലയും പുറത്തുവന്നത്! പെരുന്നാൾ മാസപ്പിറവിയുടെ കാര്യത്തിൽ പ്രാദേശികഖാസി ഉറപ്പുവരുത്തിയെങ്കിലും സമീപത്തുള്ള ചെറുപട്ടണം ഖാസിയെ വിവരമറിയിക്കാനുള്ള നിർദ്ദേശമാണ് അദ്ദേഹം നൽകിയത്. ഉടനെ അബ്ദുല്ലയെ രണ്ടുപേരോടൊപ്പം ഒരെഴുത്തും കൊടുത്ത് ചെറുപട്ടണം ഖാസിയെ മുഖം കാണിച്ചുവരാൻ യാത്രയാക്കി.

കിട്ടിയ ബസ്സിൽ പാഞ്ഞുകയറിയ മാസപ്പിറവി സന്ദേശവാഹകർക്ക് ചെറുപട്ടണം ഖാസിയുടെ വീട്ടുപടിക്കലെത്തിയപ്പോഴേ ശ്വാസം നേരെ വീണുള്ളൂ. പ്രാദേശികഖാസിയുടെ കൈപ്പടയിൽ എഴുതപ്പെട്ട കുറിമാനം കയ്യിലേന്തി ഭവ്യതയോടെ കുനിഞ്ഞു നിൽക്കുന്ന അബ്ദുല്ലയെ ചെറുപട്ടണം ഖാസിയെ ഏൽപ്പിച്ചുകൊണ്ട് കൂടെ അനുഗമിച്ചവർ യാത്ര പറഞ്ഞു. കുറ്റം പറയരുതല്ലൊ, പെരുന്നാൾ ഉറപ്പിക്കപ്പെടുമെന്ന ഉറച്ചവിശ്വാസം അവർക്കുള്ളതുകൊണ്ടും പെരുന്നാൾ സദ്യക്ക് ഇറച്ചി സംഘടിപ്പിക്കാനുള്ള തിടുക്കം കൊണ്ടുമാണ് അവർ നേരത്തെ സ്ഥലം വിട്ടത്! എന്നാൽ 'മാസം കണ്ട അബ്ദുല്ല്'ക്ക് അങ്ങനെ പോകാൻ പറ്റില്ലല്ലോ!

വെളിച്ചം മങ്ങിയ ഇരുണ്ട ഇടനാഴിയിലൂടെ കോണിപ്പടി കയറി അബ്ദുല്ല ഖാസിയാരുടെ മുറിയിലെത്തി. അപ്പോഴേക്കും വീട്ടുമുറ്റത്തും പരിസരത്തും ജനം തിങ്ങിക്കൂടുകയായിരുന്നു! പ്രാദേശിക ഖാസി കൊടുത്തയച്ച എഴുത്തിന്റെ ഉള്ളടക്കത്തിലേക്ക് ഊളിയിട്ടിറങ്ങിയ ചെറുപട്ടണം ഖാസി ഒരു മണിക്കൂറോളം അബ്ദുല്ലയെ എക്സ്റേ-ടെസ്റ്റിന് വിധേയനാക്കിയെങ്കിലും പ്രശ്നം അവിടംകൊണ്ടും തീർന്നില്ല!

അൽപ്പം അകലെയുള്ള വലിയ നഗരത്തിലെ വലിയ ഖാസിയുമായി അബ്ദുല്ലയെ ബന്ധിപ്പിക്കാനാണ് ചെറുപട്ടണം ഖാസി ശ്രമിച്ചത്. ഈ ആവശ്യത്തിനായി ഒരു കാറിൽ മൂന്നു പേരോടൊപ്പം ഒരെഴുത്തും കൊടുത്ത് അബ്ദുല്ലയെ പറഞ്ഞുവിടുകയായിരുന്നു അദ്ദേഹം. പക്ഷേ, കാലക്കേടിന് കണ്ണില്ലല്ലോ. അബ്ദുല്ലയും കൂട്ടരും സഞ്ചരിച്ചിരുന്ന പഴഞ്ചൻ ശകടം ദൗത്യം പൂർത്തിയാക്കാതെ പാതിവഴിയിൽ പിണങ്ങിക്കിടന്നു. കാര്യം പിശകാണെന്ന് മനസ്സിലാക്കിയ മാസപ്പിറവി സന്ദേശവാഹകർ സമയനഷ്ടത്തെ ശപിച്ചുകൊണ്ട് ഗത്യന്തരമില്ലാതെ ഒരു ബസ്സിൽ കയറിപ്പറ്റി. എന്നാൽ ഇടക്കിടെ യാത്രക്കാരെ കയറ്റിയും ഇറക്കിയും പൊതുജന സേവനം നിർവിഘ്നം നിർവ്വഹിച്ചുകൊണ്ട് ആദർശധീരത കാണിച്ച ആ വാഹനം ഏറെ വൈകിയാണ് വലിയ നഗരത്തിലെത്തിയത്. ചുരുക്കിപ്പറഞ്ഞാൽ വലിയ ഖാസിയുടെ ഭവനത്തിന്റെ പടിപ്പുരക്ക് മേലുള്ള വളഞ്ഞ കമാനം കടന്ന് കതകിൽ മുട്ടുമ്പോൾ രാത്രി പതിനൊന്നു മണി!

പാതിമയക്കത്തിന്റെ ആലസ്യം വലിച്ചെറിഞ്ഞുകൊണ്ട് പ്രസന്നവദനനായി വലിയ ഖാസി പ്രത്യക്ഷപ്പെട്ടു. പ്രാദേശിക ഖാസിയുടെയും ചെറുപട്ടണം ഖാസിയുടെയും കുറിപ്പുകൾ കുഴൽക്കണ്ണാടിയിലൂടെ കൂലങ്കശമായി പരിശോധിച്ച അദ്ദേഹം അബ്ദുല്ലയെ അടിമുതൽ മുടിവരെ സ്കാൻ ചെയ്യാൻ അകത്തളത്തിലെ അറയിലേക്ക് കൂട്ടിക്കൊണ്ടുപോയി. പക്ഷേ, വിശദമായ

# മൈത്രിയുടെ രാജപാത

(കെ. പി. എ. പുന്നോൽ)

ക്രോധകാമാദികളില്ലാതെ ഞങ്ങളെ
ബോധവാന്മാരാക്കിത്തീർക്കണേ ദൈവമേ.
മാലിന്യം ഹൃത്തിലശേഷവും തീണ്ടാത്ത
മാലാഖമാർക്കൊപ്പം ചേർക്കണേ ഞങ്ങളെ.
ആര്യധർമ്മം സ്വീകരിച്ചുള്ള മനങ്ങളും
ആര്യാവർത്തത്തിലെ മുസ്ലിം ജനങ്ങളും
ആചാര്യവൈജാത്യമേറെയുണ്ടെങ്കിലും
ആഗോളസ്രഷ്ടാവിൽ ആശ്രയം കാൺമവർ.
മാനുഷരെന്നാപൊരുളിൽ നാമേവരും
മാന്യരാമിന്ത്യരാണതും ഓർക്കണം.
ആത്മ സുഹൃത്തുക്കളായി വർത്തിക്കുവിൻ
ആത്മാർത്ഥമായി സഹകരിച്ചീടുവിൻ.
അനുകമ്പാനാസ്തിയായുള്ള മതമൊട്ടും
അനുതാപമർഹിക്കാമതമാണെന്നോർക്കണം.
സമസൃഷ്ടിയോടൊട്ടും സഹതാപം കാട്ടാത്തോർ
സന്മനസ്സുള്ള മനുഷ്യനായീടുമോ?
ലോകൈകനാഥന്റെ വരദാനമൊന്നുമേ
ലോകജനത മറക്കാതിരിക്കട്ടെ.
സർവ്വാധിനാഥാ നീ യുർവ്വിയെ ഞങ്ങൾക്കു
സർവ്വർക്കുമായി വിരിപ്പാക്കിയില്ലയോ.
സർവ്വേശ്വരൻ തന്റെ ആകാശ ജ്യോതികൾ
സർവ്വ ജനങ്ങൾക്കു മാസ്വാദ്യമല്ലയോ.
രക്ഷകൻ സൃഷ്ടിച്ച ഭൂമിയിൽ നിന്നവർ
രക്ഷയും തേടുന്നു ഭക്ഷണം തേടുന്നു.
ഉള്ളത്തിൽ നന്മകളേറെ വിതക്കണം.
എള്ളോളമെങ്കിലും സ്നേഹം കൊയ്തീടണം.
ദൈവത്തിൻ സത്തയിലുള്ള ഗുണങ്ങളെ
ദൈവത്തിൻ ദാസർ പകർത്താതിരിക്കുകിൽ
നാശമടഞ്ഞീടും കാലാന്തര ജനം;
നാശത്തിൽ തന്നെയിളമുറ നിശ്ചയം.
ഹിന്ദുക്കൾ ചേർന്നങ്ങു മുസ്ലിം ജനതയെ
ഇന്ത്യയിൽ നിന്നോടിച്ചീടുവാൻ ശക്യമോ?
ആര്യാവർത്തത്തിലെ യാർഷമതമായ
ആര്യധർമ്മത്തെ നിഷ്കാർഷിതമാക്കാമോ?
ഏകനാം ദൈവത്തെ ധ്യാനിച്ചു പോരുന്ന
ഗേഹം തകർത്തങ്ങു നീക്കാതിരിക്കട്ടെ.
ഹൈന്ദവം പൂജനം ചെയ്യുന്ന ഗോവിന്റെ
കണ്ഠത്തിൽ കോടാലി വെക്കാതിരിക്കട്ടെ.
ഇന്ത്യയിലെന്നെന്നും ശാന്തി പരത്തുവാൻ
സന്ധിയിൽ ചേരട്ടെ ഇന്ത്യനും ഇന്ത്യനും.

സ്കാനിംഗ് കഴിഞ്ഞ് അബ്ദുല്ല പുറത്തു വന്നപ്പോഴേക്കും തന്നോടൊപ്പം കൂട്ടിന് വന്നവർ മുങ്ങിക്കഴിഞ്ഞിരുന്നു! കുറ്റം പറയരുതല്ലോ! പാതിവഴിയിൽ പഞ്ചറായിക്കിടക്കുന്ന കാറിന്റെ കാര്യത്തിലുള്ള ഉത്കണ്ഠയായിരുന്ന അവരെ മുങ്ങാൻ പ്രേരിപ്പിച്ചത്. നിമിഷങ്ങൾക്കുള്ളിൽ വലിയ ഖാസിയുടെ സിഗ്നൽ കിട്ടിയതോടെ ജനങ്ങളുടെ ആർപ്പുവിളികളും, പള്ളിപ്പറമ്പിൽ സജ്ജമാക്കി വെച്ചിരുന്ന 'തമ്പേനി'ന്റെ ഇടിമുഴക്കവും അലമാലകളായി ഉയർന്നപ്പോൾ 'മാസം കണ്ട അബ്ദുല്ല'യെന്ന കഥാപുരുഷൻ ആ ശബ്ദഘോഷങ്ങൾക്കിടയിൽ പെട്ട് അലിഞ്ഞലിഞ്ഞ് ഇല്ലാതായി!

ഒടുവിൽ നാട്ടിലേക്ക് തിരിച്ചുപോകാൻ വാഹനം കിട്ടാതെ അലഞ്ഞുനടന്ന അബ്ദുല്ലക്ക് പാതിരാക്കോഴികൾ സാക്ഷിയായിരിക്കെ ഒരു ലോറിയിൽ ഇരിപ്പിടം ലഭിച്ചു. എന്നാൽ നിറയെ ലോഡ് കയറ്റിയ ലോറിയാണെങ്കിൽ ലാസ്യഭാവത്തോടെ കുണുങ്ങിക്കുണുങ്ങി പലയിടങ്ങളിലായി തങ്ങിയും ഭാരമിറക്കിയും അബ്ദുല്ലയുടെ ക്ഷമ ആവുന്നത്ര പരീക്ഷിച്ചുകൊണ്ടാണ് നാട്ടിലെത്തിച്ചത്! അപ്പോഴേക്കും പെരുന്നാൾ നമസ്കാരം കഴിഞ്ഞ് മിഷ്ടാന്ന ഭോജനത്തിന്റെ സംതൃപ്തി നുകർന്നുകൊണ്ട് നാട്ടുകാർ ഏമ്പക്കം വിടുകയായിരുന്നു! കുപിതനായ അബ്ദുല്ലക്ക് സഹിക്കാവുന്നതിലപ്പുറമായിരുന്നു ആ കാഴ്ചകൾ! തനിക്ക് നഷ്ടപ്പെട്ട പെരുന്നാളിനെകുറിച്ച് പരിതപിച്ചുകൊണ്ട് അയാൾ നാട്ടുകാരോട് പറഞ്ഞു.

"ഈ കച്ചവടം ഇതോടെ ഞാൻ നിർത്തി! ഇനിമേലാൽ ചിറ്റാചെമ്മീന്റെ വലിപ്പത്തിൽ മാസം കണ്ടാലും ഒരാളോടും അത് പറയുന്ന പ്രശ്നമേയില്ല." ■

# ജിഹാദിന്റെ വിവക്ഷ

**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

## ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഇസ്‌ലാമിക സാങ്കേതിക പദമാണ് ജിഹാദ്. ആ പദത്തിന്റെ യഥാർത്ഥ വിവക്ഷയെക്കുറിച്ച് വാഗ്ദത്ത മസീഹ് സംസാരിക്കുന്നു

ജിഹാദ് എന്ന പേരിലറിയപ്പെടുന്ന ദൈവമാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുക എന്ന സിദ്ധാന്തത്തിന്റെ തത്ത്വജ്ഞാനം വളരെ വ്യക്തമായ നിലയിൽ മനസ്സിലാക്കേണ്ടതാണ്. ഇസ്‌ലാമിന്റെ മദ്ധ്യനൂറ്റാണ്ടുകളിലും ഇക്കാലത്തും ജിഹാദിന്റെ യഥാർത്ഥ വിവക്ഷ മനസ്സിലാകാത്തത് കാരണമായി വളരെയധികം ആളുകൾ ഗുരുതരമായ തെറ്റിദ്ധാരണയിൽ അകപ്പെടുകയും അത് ഇസ്‌ലാമിന്റെ വൈരികൾക്ക് കടുത്ത വിമർശനമുന്നയിക്കാൻ അവസരം നൽകുകയും ചെയ്തു. എന്നാൽ ദൈവമഹത്വത്തിന്റെയും പ്രകൃതി നിയമങ്ങളുടെയും കണ്ണാടിയാണ് പരിശുദ്ധ ഇസ്‌ലാംമതം.

ജിഹാദ് എന്ന അറബിപദത്തിന്റെ അർത്ഥം കഠിനാദ്ധ്വാനം ചെയ്യുകയെന്നതാണ്. മതമാർഗ്ഗത്തിൽ യുദ്ധം ചെയ്യുക എന്ന അർത്ഥം ആലങ്കാരികമായാണ് അതിന്ന് നൽകപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടാണ് ഇസ്‌ലാമിന് യുദ്ധത്തിൽ അഭയം തേടേണ്ടിവന്നത്? ജിഹാദിന്റെ ഉദ്ദേശ്യമെന്താണ്? ഇസ്‌ലാമിന് ആരംഭത്തിൽത്തന്നെ വളരെയധികം വിഷമങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. ജനങ്ങൾ ഒന്നടങ്കം അതിനോട് ശത്രുത പുലർത്തി. എക്കാലത്തും ഒരു പ്രവാചകന്റെ, ഒരു ദൈവദൂതന്റെ ആഗമനത്തോടെ ആത്മാർത്ഥതയുള്ളവരും സാത്വികരും ധൈര്യശാലികളുമായ അദ്ദേഹത്തിന്റെ അനുയായികൾ വളരെ വേഗം പുരോഗതി പ്രാപിക്കുവാൻ സാദ്ധ്യതയുണ്ടെന്ന് കാണുന്ന ശത്രുക്കൾ പകയും അസൂയയും വെച്ചുപുലർത്തുന്നു. പ്രത്യേകിച്ചും മറ്റു മതങ്ങളിലെ പ്രമുഖരും പണ്ഡിതന്മാരും ഈ പുത്തൻ വിശ്വാസത്തിന് ക്ഷതമേല്പിക്കാൻ സുശക്തമായ പദ്ധതികൾ ആവിഷ്കരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടദാസന് പീഡനമേൽക്കുന്നത് ദൈവകോപത്തിന് കാരണമാകുമെന്ന് അവർ മനസ്സിലാക്കുന്നുണ്ടെങ്കിലും, അവരുടെ ഹൃദയത്തിൽ കുറ്റബോധമങ്കുരിക്കുന്നെങ്കിലും അസൂയയുടെ അഗ്നി അവരെ ശത്രുതയുടെ ഗർത്തത്തിലേക്കാഴ്ത്തുന്നു. ഇത് തന്നെയായിരുന്നു ബഹുദൈവവിശ്വാസികളെയും ജൂതക്രൈസ്തവനേതാക്കളെയും സത്യം സ്വീകരിക്കുന്നതിൽനിന്ന് തടഞ്ഞത്. ഈ അസൂയ അവരിൽ കഠിനമായ ശത്രുത കുത്തിവെക്കുകയും ഇസ്‌ലാമിനെ ഭൂമുഖത്ത് നിന്നു തുടച്ചുനീക്കുവാൻ അവർ പരിശ്രമിക്കുകയും ചെയ്തു. തുടക്കത്തിൽ മുസ്‌ലിംകൾ എണ്ണത്തിൽ വളരെ കുറവായതിനാൽ, സമ്പത്തിലും എണ്ണത്തിലും സ്ഥാനമാനങ്ങളിലും മേൽക്കോയ്മ വെച്ചുപുലർത്തുന്നതിലുള്ള സ്വാഭാവികമായ അഹങ്കാരങ്ങൾ കാരണമായി അവർ മുസ്‌ലിംകളോട് കഠിനമായ ശത്രുത പുലർത്തി. ഇസ്‌ലാമാകുന്ന സ്വർഗ്ഗീയ ചെടി ഭൂമിയിൽ വേരുറക്കുന്നത് അവർക്കിഷ്ടമായില്ല. സാത്വികരായ മുസ്‌ലിംകളെ നശിപ്പിക്കാൻ അവർ കഠിനയത്നം ചെയ്തു. മുസ്‌ലിംകളെ ഉപദ്രവിക്കാൻ കിട്ടിയ ഒരവസരവും അവർ പാഴാക്കിയില്ല. ഈ പുതുവിശ്വാസം ഭൂമിയിൽ സ്ഥാപിക്കപ്പെടുകയും പുരോഗതി പ്രാപിക്കുകയും ചെയ്താൽ അത് തങ്ങളുടെ മതത്തെയും സംസ്കാരത്തെയും നശിപ്പിക്കുമെന്നവർ ഭയപ്പെട്ടിരുന്നു. തങ്ങളുടെ ഹൃദയങ്ങളെ കിടിലം കൊള്ളിച്ച ഇതേ ഭയം കാരണമായി അവർ ഇസ്‌ലാമിനെ നശിപ്പിക്കാനുള്ള പരിശ്രമത്തിൽ എല്ലാവിധ ക്രൂരതകളും കാട്ടിയിരുന്നു. അതിക്രൂരമായ രീതിയിൽ അവർ മുസ്‌ലിംകളെ വധിക്കുകയും നീണ്ട പതിമൂന്നുവർഷക്കാലം മർദ്ദനമുറകൾ തുടരുകയും ചെയ്തു. മനുഷ്യകുലത്തിന്റെ അഭിമാനമായിരുന്ന വിശ്വസ്തരായ ദൈവദാസന്മാർ ഈ കശ്മലന്മാരുടെ വാളിന്നിരയായി തുണ്ടം തുണ്ടമാക്കപ്പെട്ടു. അനാഥ ശിശുക്കളും ദുർബ്ബലരായ സ്ത്രീകളും മക്കയുടെ തെരുവീഥികളിൽ നിഷ്ക്കരുണം വധിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ ഇത്തരം തിന്മകളെ നേരിടേണ്ടതില്ലെന്നായിരുന്നു ദൈവാജ്ഞ. അതിനാൽ എപ്പോഴും മുസ്‌ലിംകൾ ഈ ദൈവാജ്ഞ പാലിച്ചു. തെരുവുകളിൽ ചെഞ്ചോര ചിന്തപ്പെട്ടു. എന്നാൽ മുസ്‌ലിംകൾ ബഹളമുണ്ടാക്കിയില്ല. ബലിയാടുകളെപ്പോലെ മുസ്‌ലിംകൾ അറുക്കപ്പെട്ടു. എന്നാൽ അവർ നെടുവീർപ്പിട്ടില്ല. സത്യത്തിന്റെയും സ്ഥിരചിത്തതയുടെയും പർവ്വതമായിരുന്ന ആ വിശുദ്ധപ്രവാചക(സ)ന്റെ തിരുശരീരം നിരന്തരമായ കല്ലേറുകളാൽ രക്തത്തിൽ കുതിർന്നു. എന്നാൽ ആ തിരുമേനി ദുരിതങ്ങൾ ആഹ്ലാദത്തോടെയും സ്നേഹനിർഭരമായ ഹൃദയത്തോടെയും സഹിച്ചു. വിനയത്തിന്റെയും സ്ഥിരചിത്തതയുടെയും ഈ മനോഭാവം തങ്ങളുടെ പീഡനങ്ങളുടെ ശക്തി കൂട്ടാൻ ശത്രുക്കൾക്ക് പ്രോത്സാഹനമായി. ഈ വിശുദ്ധസമൂഹത്തെ അവർ തങ്ങളുടെ ക്രൂര

തക്കിരയാക്കി. ക്രൂരതയിലും കരുണയി ല്ലായ്മയിലും അതിരുകടക്കാൻ അനു വദിക്കാത്ത തന്റെ പീഡിതരായ ദാസന്മാരുടെ നേരെ കാരുണ്യത യോടെ ദൈവം തിരിഞ്ഞു. ദൈവ ക്രോധം ദുഷ്ടരുടെ നേരെ ആളിക്ക ത്തി. തന്റെ ദാസന്മാരുടെ നേരെ കാണി ക്കപ്പെടുന്ന എല്ലാ ക്രൂരതകളും താൻ കണ്ടുകൊണ്ടിരിക്കയാണെന്നും അതി നാൽ ശത്രുക്കളെ നേരിടാൻ താൻ അനുമതി തന്നിരിക്കുന്നുവെന്നും വിശു ദ്ധഖുർആൻ മുഖേന ദൈവം തന്റെ ഇഷ്ടദാസന്മാരെ അറിയിച്ചു. താൻ സർവ്വശക്തനാണെന്നും ദുഷ്ക്കർമ്മി കൾ ശിക്ഷിക്കപ്പെടാതെപോകില്ലെന്നും അവൻ ഉറപ്പുനൽകി. ഇതാണ് ജിഹാദ് എന്ന പേരിലറിയപ്പെടുന്ന ദൈവികാ ജ്ഞ. താഴെപ്പറയുന്ന വാക്കുകളിൽ അത് വിവരിക്കപ്പെട്ടിരിക്കുന്നു. "ആർക്കെതിരെയാണോ യുദ്ധം ചെയ്യ പ്പെട്ടിരിക്കുന്നത് അവർക്ക് യുദ്ധം ചെയ്യാൻ അനുമതി നൽകപ്പെട്ടിരിക്കു ന്നു. എന്തെന്നാൽ അവർ ദ്രോഹിതരാ ണ്. അല്ലാഹുവിന് അവരെ സഹായി ക്കാൻ കഴിവുണ്ട്. അന്യായമായി തങ്ങ ളുടെ ഭവനങ്ങളിൽ നിന്ന് ആട്ടിയോടി ക്കപ്പെട്ടവരാണവർ."(22:40,41) *(ബ്രിട്ടീഷ് ഗവൺമെന്റും ജിഹാദും പേജ് 1-4)*

ക്രിസ്തീയ പ്രചാരകന്മാർ ശ്രദ്ധിക്കു മെങ്കിൽ ഞാനവരെ ഉപദേശിക്കുന്നു; ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് ഉപേ ക്ഷിക്കണമെന്ന്. എന്തെന്നാൽ ആക്ഷേപങ്ങൾ അവരുടെ പ്രമാണഗ്ര ന്ഥങ്ങളുടെ നേർക്കുതന്നെയാണ് തിരി ച്ചടിക്കുന്നത്. ഉദാഹരണമായി നബിതിരുമേനിക്കെതിരിലുള്ള അവ രുടെ ആക്ഷേപങ്ങളിലൊന്ന് പതിമൂന്നു വർഷക്കാലം അദ്ദേഹത്തെയും അനു യായികളെയും മർദ്ദിക്കുകയും പീഡന മേൽപ്പിക്കുകയും ചെയ്ത അവിശ്വാ സികൾക്കെതിരിൽ ദൈവാജ്ഞ പ്രകാരം അദ്ദേഹം യുദ്ധം ചെയ്തുവെ ന്നതാണ്. അവിശ്വാസികൾ തിരുമേ നിയെ കൊല്ലാൻ ശ്രമിച്ചത് കാരണം അദ്ദേഹവും അനുയായികളും മക്കവി ടാൻ നിർബന്ധിതരാവുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ മർദ്ദകർ അതുകൊണ്ടും അടങ്ങിയില്ല. അവർ അദ്ദേഹത്തെ പിൻതുടരുകയും എല്ലാ വിധത്തിലുള്ള അക്രമങ്ങളും കൈക്കൊ ള്ളുകയും അദ്ദേഹത്തെ വ്യാജനെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. മുസ്ലിംകളിൽ ദുർബ്ബലരായവരെ അവർ അങ്ങേയറ്റം ദ്രോഹിച്ചു. ഇത്തരം ഭീകരപ്രവർത്തനങ്ങൾ കാരണമായി അല്ലാഹുവിന്റെ ദൃഷ്ടിയിൽ, അവന്റെ സനാതനനിയമമനുസരിച്ച് അവർ തികച്ചും ശിക്ഷയർഹിക്കുന്നവരായിരു ന്നു. മക്കക്കാരുടെ പ്രവൃത്തികളിൽ അവരെ സഹായിച്ചവർക്കും സ്വന്തം നിലയിൽ മുസ്ലിംകളെ ദ്രോഹിക്കു കയും അവരുടെ വിശ്വാസത്തെ പരിഹ സിക്കുകയും ചെയ്തവർക്കും ഇസ്ലാമിന്റെ പ്രചാരണത്തെ തടസ്സപ്പെ ടുത്താൻ ശ്രമിച്ചവർക്കും ശിക്ഷ കിട്ടി. അങ്ങനെ ഇസ്ലാമിനെതിരിൽ വാളേ ന്തിയവർ തങ്ങളുടെ ദുഷ്ടതകാരണം വാളാൽത്തന്നെ നശിപ്പിക്കപ്പെട്ടു. ഈ വിധത്തിലുള്ള യുദ്ധങ്ങളെ ആക്ഷേപി ക്കുന്നത് നീതിയാണോ? ആയിരക്കണ ക്കായ പിഞ്ചോമനകളുടെ മരണത്തിന് കാരണമാവുംവിധം മോശെയും മറ്റു ഇസ്റാഈൽ പ്രവാചകന്മാരും ചെയ്ത യുദ്ധങ്ങളെ വിസ്മരിച്ചുകൊണ്ട് അത്തരം ആക്ഷേപങ്ങൾ ദ്രോഹബു ദ്ധിയും ചതിയും അക്രമവും കാരണ മായാണുന്നയിക്കപ്പെടുന്നത്. ചില പ്പോൾ ക്രിസ്ത്യാനികൾ പ്രതികരിക്കു ന്നതിപ്രകാരമാണ്. നബി ചെയ്ത യുദ്ധ ങ്ങളിൽ അമിതമായ മൃദുലത കാണി ച്ചു. അതായത് ഇസ്ലാംമതം സ്വീകരി ച്ചാൽ എല്ലാവിധ ശിക്ഷയിൽനിന്നും ഒഴി വാക്കപ്പെട്ടു. പിഞ്ചുകുഞ്ഞുങ്ങളെയും സ്ത്രീകളെയും സന്യാസിമാരെയും യാത്രക്കാരെയും ശിക്ഷയിൽ നിന്നൊ ഴിവാക്കി. ചർച്ചുകളും ജൂതദേവാലയ ങ്ങളും ഒഴിവാക്കപ്പെട്ടു. എന്നാൽ ഇസ്ര യേൽ പ്രവാചകർ അതെല്ലാം നിയമവി ധേയമാക്കിയിരുന്നു. എത്രത്തോളമെ ന്നാൽ ഒരവസരത്തിൽ മൂന്നുലക്ഷ ത്തോളം ശിശുക്കൾ വധിക്കപ്പെട്ടിരുന്നു. മോശെയും മറ്റു ഇസ്രായേലി പ്രവാച കന്മാരും നടത്തിയ യുദ്ധത്തിന്റെ കാഠി ന്യമോർക്കുമ്പോൾ ഇസ്ലാമിൽ യുദ്ധ ത്തിൽ കാണിക്കപ്പെട്ട ഔദാര്യം കാര ണമായി ഇസ്ലാം വിമർശിക്കപ്പെടുന്നു എന്നത് എത്രമാത്രം വിചിത്രമാണ്! ബൈബിളിൽ പറയപ്പെട്ട യുദ്ധങ്ങളി ലുള്ള അത്രതന്നെ കാഠിന്യം ഇസ്ലാമിൽ ചെയ്യപ്പെട്ട യുദ്ധങ്ങളിൽ ദർശിക്കാമായിരുന്നെങ്കിൽ ഈ യുദ്ധ ങ്ങളും സർവ്വശക്തനായ ദൈവത്തിന്റെ ആജ്ഞപ്രകാരം ചെയ്യപ്പെട്ടതാണെന്ന് ക്രിസ്തീയ പ്രചാരകന്മാർ അംഗീകരി ക്കുമായിരുന്നു. ഈ മനോഭാവം സത്യസന്ധമായതാണോ എന്ന് ബുദ്ധി മാനായ ഓരോ മനുഷ്യനും ചിന്തിക്കേ ണ്ടിയിരിക്കുന്നു. ഒരു വശത്ത് ദൈവം കാരുണ്യവാനാണെന്നും അവന്റെ ശിക്ഷക്ക്പോലും കാരുണ്യത്തിന്റെ ഒരു വശമുണ്ടെന്നും ക്രിസ്ത്യാനികൾ പ്രഖ്യാപിക്കുന്നു. മോശെ ചെയ്ത യുദ്ധങ്ങൾ കഠിനതരമായിട്ടുപോലും അത് സർവ്വശക്തനായ ദൈവത്തിന്റെ ആജ്ഞയാൽ നിർദ്ദേശിക്കപ്പെട്ടതാണെ ങ്കിൽ ദൈവകാരുണ്യത്തിന്റെ സുഗന്ധ മുൾക്കൊള്ളുന്ന യുദ്ധങ്ങൾ സർവ്വശ ക്തനായ ദൈവത്തിന്റെ ആജ്ഞയനു സരിച്ചല്ലെന്ന് പറയുന്നതെങ്ങനെ? മാതാക്കളുടെ കൺമുമ്പിൽവെച്ച് പിഞ്ചോമനകളെ വധിക്കുന്നതും പിഞ്ചോമനകളുടെ മുമ്പിൽവെച്ച് മാതാ ക്കളെ നിഷ്കരുണം വധിക്കുന്നതും ദൈവാജ്ഞയാണെങ്കിൽ മർദ്ദകരുടെ ആക്രമണത്തെ തുരത്തുവാൻ മർദ്ദിതർ നടത്തിയ യുദ്ധങ്ങളെ എന്തുകൊണ്ട് ആ വിഭാഗത്തിൽപ്പെടുത്തിക്കൂടാ? *(ആര്യധർമ്മം സിയാഉൽ ഇസ്ലാം പ്രസ്സ്, ഖാദിയാൻ-റൂഹാനീ ഖസായിൻ വാല്യം 10 പേജ് 81-83 അടിക്കുറിപ്പ്.*

വാളുകൊണ്ടുള്ള ശിക്ഷ ദൈവിക ഗുണങ്ങൾക്ക് നിരക്കാത്തതാണെങ്കിൽ ഈ ആക്ഷേപം പ്രധാനമായും ശക്ത മായും ബാധിക്കുന്നത് മോശെയെത്ത ന്നെയാണ്. എന്തെന്നാൽ അദ്ദേഹം മുഴുജനങ്ങളെയും വധിച്ച് രക്തപ്പുഴ ഒഴു ക്കുകയും പശ്ചാത്താപത്തിന് അവ സരം നൽകാതിരിക്കുകയും ചെയ്തു. വിശുദ്ധഖുർആന്റെ അദ്ധ്യാപനമനുസ രിച്ച് നടന്ന യുദ്ധങ്ങൾ പശ്ചാത്താപ ത്തിന്റെ കവാടങ്ങൾ തുറന്നിടുന്നതും പ്രകൃതിനിയമത്തിനും ദൈവകാരുണ്യ ത്തിനും അനുസൃതവുമായിരുന്നു.

*ശേഷം പേജ് 37-ൽ*

# അഹ്മദ് എന്ന പ്രവാചകൻ: വിശുദ്ധഖുർആനിലെ പ്രവചനം

ഏ. പി. കുഞ്ഞാമു

**മുഹമ്മദ് നബി(സ)യുടെ ഉമ്മത്തിൽ തിരുനബിയുടെ ശിഷ്യപ്രവാചകനായി വരുന്ന അഹ്മദ് എന്ന പ്രവാചകനെകുറിച്ച് വളരെ വ്യക്തമായി വിശുദ്ധഖുർആനിൽ പ്രവചനമുണ്ട്. അക്ഷരാർത്ഥത്തിൽ പുലർന്നുകഴിഞ്ഞ ഈ പ്രവചനത്തെക്കുറിച്ച് മുസ്‌ലിംകൾ ആത്മാർത്ഥ മായി പര്യാലോചിക്കേണ്ടതുണ്ട്**

റസൂൽ തിരുമേനിക്ക് ശേഷം തിരുമേനി കൊണ്ടുവന്ന ശരീഅത്തിനെ സത്യപ്പെടുത്തുകയും പ്രബോധിക്കുകയും ചെയ്യുന്ന പ്രവാചകന്മാർക്ക് വരാമെന്ന് കാണിക്കുന്ന ദിവ്യവചനങ്ങളിൽനിന്ന് ഒന്നുമാത്രം ഇവിടെ ചേർക്കുന്നു. വിശുദ്ധഖുർആനിൽ, പ്രവാചകന്മാർ മുഖേന അവരുടെ ജനങ്ങളിൽ നിന്ന് വാങ്ങിയ ഒരു കരാറിനെപ്പറ്റി പറയുന്നുണ്ട്. പ്രവാചകന്മാർ അല്ലാഹുവിൽനിന്ന് ന്യായപ്രമാണ ഗ്രന്ഥവുമായി അവതരിക്കുകയും അതിന് ശേഷം അതിനെ സത്യപ്പെടുത്തുന്ന പ്രവാചകന്മാർ അവരിൽ അവതരിക്കുകയും ചെയ്യുന്നതായാൽ അവരിൽ വിശ്വസിക്കാനും അവരെ സഹായിക്കാനും അനുചരന്മാരോട് കരാറ് വാങ്ങിയിട്ടുണ്ടെന്ന് വിശുദ്ധഖുർആനി (3:82)ൽ പറയുന്നുണ്ട്. എന്നുവെച്ചാൽ ന്യായപ്രമാണത്തോടുകൂടി ഒരു പ്രവാചകൻ വന്നാൽ പ്രസ്തുത ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന പ്രവാചകന്മാർ വരുമെന്നാണ് ഈ ആയത്ത് വ്യക്തമാക്കിത്തരുന്നത്. മുമ്പ് മൂസാനബി (അ)ക്ക് ന്യായപ്രമാണഗ്രന്ഥം വന്നപ്പോൾ അല്ലാഹു ആ ഗ്രന്ഥത്തെ സത്യപ്പെടുത്തുന്ന പ്രവാചകന്മാരെ അവരിലേക്കയച്ചു. ഈസാനബി (അ) തൗറാത്തിനെ സത്യപ്പെടുത്തുന്ന പ്രവാചകനായിട്ടാണ് വന്നത് (സൂറ:അൽസഫ്). അതേപോലെ റസൂൽതിരുമേനി (സ) ക്ക് ശേഷവും അദ്ദേഹത്തിന് വന്ന ന്യായപ്രമാണത്തെ സത്യപ്പെടുത്തുന്ന പ്രവാചകൻമാർ വന്നാൽ അവരെയും വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യൽ ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ബാദ്ധ്യതയാണ്. എന്നാൽ റസൂൽതിരുമേനിയോട് പ്രത്യേകമായി അത്തരം കരാർ വാങ്ങിയിട്ടുണ്ടെന്ന് കൂടി വിശുദ്ധഖുർആനിൽ കാണുമ്പോൾ ഈ വിഷയത്തിൽ മുസ്‌ലിംകളുടെ ബാദ്ധ്യത ഗൗരവമായിത്തീരുന്നു. അല്ലാഹു പറയുന്നു: "ഓർക്കുക, ഞാൻ പ്രവാചകന്മാരിൽ നിന്നു വാങ്ങിയ കരാർ **നിന്നിൽ നിന്നും** നൂഹ്, ഇബ്രാഹിം, മൂസ, മർയമിന്റെ മകൻ ഈസ. ദൃഢമായ ഒരു കരാറാണ് അവരിൽ നിന്നു വാങ്ങിയത് (33:8). റസൂൽതിരുമേനി തന്റെ അനുചരന്മാർക്ക് തെറ്റുപറ്റാതിരിക്കാൻ പല വീക്ഷണകോണിൽകൂടെയും ഈ കാര്യം പരാമർശിച്ചുതന്നിട്ടുണ്ട്. എനിക്കും വാഗ്ദത്ത മസീഹിന്നുമിടയിൽ വേറെ പ്രവാചകന്മാരില്ല എന്നും അദ്ദേഹം പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ ബനൂഇസ്രായിലിൽ മൂസാനബിയുടെ മസീഹ് തൗറാത്തിന് സേവനം ചെയ്യാൻ വന്നത്പോലെ എന്റെ ഉമ്മത്തിലും പതിനാലാം നൂറ്റാണ്ടിന്റെ തലക്കൽ മുഹമ്മദീമസീഹ് വരുമെന്നും അദ്ദേഹം വന്നാൽ തിരുമേനി (സ)യുടെ സലാം എത്തിക്കണമെന്നും മഞ്ഞിൻകട്ടമേൽ ഇഴഞ്ഞ്പോയിട്ടെങ്കിലും അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യണമെന്ന് ഉണർത്തുകയുണ്ടായി. അതൊക്കെ മേൽവിവരിച്ച കരാറിന്റെ അടിസ്ഥാനത്തിലാണ്. തുടർന്നുള്ള ആയത്തിൽ നിഷേധികൾക്ക് വേദനാജനകമായ ശിക്ഷ ഉണ്ടാകുമെന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ഞാൻ മേൽ വിവരിച്ച രണ്ടു അദ്ധ്യായങ്ങളിലും വന്ന കരാർ ഒന്ന് തന്നെയാണെന്ന് മുഫസ്സിരീങ്ങൾ-അതിൽ മലയാളത്തിൽ എഴുതപ്പെട്ട തഫ്സീറുകളും ഉൾപ്പെടും-സമർത്ഥിച്ചിട്ടുണ്ട്.

ഇനി ഹദീസിൽ നിന്നു മറ്റൊരു തെളിവുകൂടി ഇവിടെ ചേർക്കട്ടെ. 'ഖാത്തമുന്നബിയ്യീൻ' എന്ന ആയത്ത് ഇറങ്ങിയ ശേഷമാണ് തിരുമേനി (സ)യുടെ മകൻ ഇബ്രാഹിം കാലഗതി പ്രാപിക്കുന്നത്. ആ കുട്ടി ദിവംഗതനായപ്പോൾ റസൂൽ തിരുമേനി (സ) ഇങ്ങനെ പറഞ്ഞു. "ഇബ്രാഹിം ജീവിച്ചിരുന്നെങ്കിൽ അദ്ദേഹം സിദ്ദീഖായ നബി ആകുമായിരുന്നു" (ഇബ്നുമാജ). ഖാത്തമുന്നബിയ്യീൻ എന്ന വചനത്തിന് അന്ത്യപ്രവാചകനെന്ന അർത്ഥമാണ് റസൂൽതിരുമേനി വിവക്ഷിച്ചിരുന്നതെങ്കിൽ ഇബ്രാഹിം ജീവിച്ചിരുന്നാലും അദ്ദേഹം നബി ആകുമായിരുന്നില്ല, കാരണം ഞാൻ അന്ത്യപ്രവാചകനാണ് എന്നാണ് പറയേണ്ടിയിരുന്നത്.

ഈ വിഷയം അതീവ ഗൗരവമർഹിക്കുന്ന ഒന്നാണ്. പ്രവാചകനിഷേധം ദൈവനിഷേധം പോലെ ഗൗരവമുള്ളതെന്നാണ് വിശുദ്ധഖുർആൻ പറഞ്ഞുതരുന്നത്. "അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപ്പിക്കുന്നതിന് ഉദ്ദേശിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു എന്നു പറയുകയും അതിനു മദ്ധ്യേ മറ്റൊരു മാർഗ്ഗം ഉദ്ദേശിക്കുന്നവർ ആരോ അവർ തന്നെയാണ് യഥാർത്ഥ അവിശ്വാസികൾ. നാം അപമാനകരമായ ശിക്ഷ അവർക്ക് ഒരുക്കിവെച്ചിരിക്കുന്നു" (4: 151, 152). ഈ ആയത്തിന്റെ അടിസ്ഥാനങ്ങളിലായിരിക്കണം അല്ലാഹുവിന്റെ റസൂൽ (സ) അവസാനകാലത്ത് എന്റെ ഉമ്മത്തും (അനുയായികൾ) 73 കക്ഷികളായി പിരിയുമെന്നും 72ഉം നരകത്തിലായിരിക്കുമെന്നും പറഞ്ഞത്. ഇതിനെതിരിൽ എല്ലാ പ്രവാചകന്മാരിലും വിവേചനം കൂടാതെ വിശ്വസിക്കുന്നവർക്ക് പാപപ്പൊറുതിയും പാരിതോഷികങ്ങളും അല്ലാഹു (4:153) തുടർന്ന് വാഗ്ദാനം ചെയ്യുന്നു. അല്ലാഹുവിന്റെ ഈ ഫത്‌വക്ക് പ്രാമാണ്യം നൽകുന്നവരാണ് മുത്തഖീങ്ങൾ.

റസൂൽ തിരുമേനിയും വിശുദ്ധഖുർആനും നൽകുന്ന ഈ ഫത്‌വ അഹ്മദികൾ മുറുകെ പിടിക്കുന്നതുകൊണ്ടാണ് ഇന്നു മുസ്‌ലിം പണ്ഡിതന്മാർ അവരെ "കാഫിർ" എന്ന് മുദ്രകുത്തുന്നത്. ഈ കാടൻ നീതിയേക്കുറിച്ചു മാന്യവായനക്കാർ തന്നെ തീരുമാനിക്കുക.

ഇനി മറ്റൊരു കാര്യം കൂടി സന്ദർഭോചിതമായി ഇവിടെ ചേർത്തുകൊണ്ട് ഈ വിഷയത്തിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യാം.

റസൂൽ തിരുമേനിയെ സംബന്ധിച്ച അഹ്മദികളുടെ വിശ്വാസം മുമ്പു ജീവിച്ചിരുന്ന ഉന്നതരായ മുജദ്ദിദ്മാർക്കോ, സഹാബിമാർക്കോ, മറ്റു സലഫുസ്സാലിഹീങ്ങൾക്കോ ഉണ്ടായിരുന്നോ എന്നൊരു ചോദ്യം മിക്കപ്പോഴും നമ്മെ സമീപിക്കുന്നവർ ചോദിക്കാറുണ്ട്. ശരീഅത്തോടുകൂടിയ പ്രവാചകത്വമാണ് നിലച്ചുപോയത് എന്നും റസൂൽ തിരുമേനിയുടെ (സ) രിസാലത്തിനെ ദുർബലപ്പെടുത്തുന്ന ഒരു നബിയും വരില്ലെന്നും എന്നാൽ റസൂൽതിരുമേനിയെയും വിശുദ്ധഖുർആനെയും സത്യപ്പെടുത്തുന്ന പ്രവാചകന്മാർക്ക് റസൂൽതിരുമേനിയുടെ ഉമ്മത്തിൽ വരാമെന്നും പറഞ്ഞ പല മഹാന്മാരും ഇസ്‌ലാമിൽ ഉണ്ടായിട്ടുണ്ട്. അവരിൽ ചിലരുടെ പേരും അവരുടെ ഗ്രന്ഥങ്ങളും താഴെ ചേർക്കാം.

ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ (റ) (തക്മിലമജ്മാഉൽ ബിഹാർ), മുജദ്ദിദ്മാരായ ഹസ്റത്ത് മുഹ്‌യിദ്ദീൻ ഇബ്നു അറബി (റഹ്) (ഫുത്തുഹാത്തുൽ മക്കിയ്യ), ഇമാം അബ്ദുൽ വഹാബ് ശഹ്റാനി (റഹ്) (അൽയവക്കീത്തുൽ ജവാഹിർ), മുജദ്ദിദ് ഹസ്റത്ത് ശൈഖ് അഹ്മദ്സർ ഹിന്ദി അഥവാ മുജദ്ദിദ് അൽ ഫഥാനി (റഹ്) (മക്തൂബാത്തെ അഹ്മദിയ്യ), പന്ത്രണ്ടാം നൂറ്റാണ്ടിലെ മുജദ്ദിദായ ശാഹ്‌വലിയുല്ലാ ദഹ്‌ലവി (റഹ്) (തഹ്ഫീമാത്തെ ഇലാഹിയ്യ), മുല്ലാ അലിയ്യുൽ ഖാരി മുഹദ്ദസ് (മസൂഅത്തുൽ കബീർ).

മുമ്പ് അവതീർണ്ണരായ പ്രവാചകന്മാർ ഭാവിയിൽ വരാനുള്ള പ്രവാചകന്മാരെക്കുറിച്ചു പ്രവചനങ്ങൾ ചെയ്യാറുണ്ട്. അവർക്ക് അവതരിച്ച ഗ്രന്ഥങ്ങളിൽ അതു വിവരിച്ചിട്ടുണ്ടായിരിക്കും. ഉദാഹരണത്തിന് റസൂൽതിരുമേനി (സ) യെ സംബന്ധിച്ച് വളരെ വ്യക്തമായ പ്രവചനങ്ങൾ ബൈബിൾ പഴയനിയമത്തിലും പുതിയ നിയമത്തിലും കാണാവുന്നതാണ്. ഹിന്ദുക്കളുടെ ഭവിഷ്യത് പുരാണത്തിലും തിരുമേനിയെ സംബന്ധിച്ച പ്രവചനങ്ങൾ നമുക്ക് വായിക്കാൻ സാധിക്കുന്നു. പ്രവചനങ്ങൾ മിക്കതും ആലങ്കാരി

**വിശുദ്ധഖുർആനിൽ നാല് സ്ഥലങ്ങളിൽ റസൂൽ തിരുമേനിയുടെ പേര് ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. അതെല്ലാം 'മുഹമ്മദ്' എന്നുതന്നെയാണ്. 'ഇസ്മ്' എന്ന അറബിപദം ശരിയായ പേരിനെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് നാല് സ്ഥലങ്ങളിലും മുഹമ്മദ് എന്നപേർ അല്ലാഹു പറഞ്ഞത്.**

കമായതുകൊണ്ടു പ്രസ്തുത ഗ്രന്ഥങ്ങളുടെ അനുവാചകർ സ്ഥൂലമായ അർത്ഥവും വ്യാഖ്യാനവും നല്കി അവരുടെ ഇംഗിതത്തിനൊത്തു വ്യാഖ്യാനിക്കുന്നതു കൊണ്ട് പ്രവചനത്തിൽ പറയപ്പെട്ട പ്രവാചകന്മാർ വരുമ്പോൾ അവരുടെ മിഥ്യാ സങ്കൽപങ്ങൾ പ്രവാചകന്മാരെ വിശ്വസിക്കുന്നതിൽ നിന്ന് അവരെ തടയുകയും പണ്ഡിതന്മാർ പ്രവചനങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് അവരുടെ അനുയായികളെ പുകമറയിൽപെടുത്തുകയും ചെയ്യുന്നു.

ഞാൻ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ബൈഅത്തു ചെയ്തതിന് ശേഷം 'അഹ്മദ്' എന്ന പ്രവാചനെക്കുറിച്ചു ഖുർആനിലും ഹദീസിലും പ്രവചനമുണ്ടോ? എന്നു എന്റെ പല സുഹൃത്തുക്കളും എന്നോട് ചോദിക്കാറുണ്ടായിരുന്നു. ഏതെങ്കിലും ഒരു പ്രവാചകൻ ആഗതരായാലാണ് ഇത്തരം ഒരു ചോദ്യത്തിനുള്ള പ്രസക്തി കാണുന്നത്. ഇല്ലെങ്കിൽ അതൊന്നും ഒരു വിഷയമായി അനുവാചകരുടെ മുമ്പിൽ വരുന്നതല്ല. ഇപ്പോൾ അഹ്മദ് എന്ന പേരുള്ള ഒരാളെ അല്ലാഹു നിയോഗിച്ചയച്ചിരിക്കുന്നു അതുകൊണ്ടുതന്നെ പ്രസ്തുത ചോദ്യത്തിന് പ്രസക്തി കൂടുന്നു.

വിശുദ്ധഖുർആനിൽ 61:7ൽ ഇങ്ങനെ കാണുന്നു. "ഈസബ്നു മറിയം പറഞ്ഞു: അല്ലയോ ഈസ്രായേൽ സന്തതികളേ എനിക്ക് മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനും എനിക്ക് ശേഷം വരുന്ന 'അഹ്മദ്' എന്നു പേരായ ഒരു പ്രവാചകനെക്കുറിച്ച് സുവിശേഷം നൽകുന്നവനുമായി അവതരിച്ച ഒരു ദൈവദൂതനാണ് ഞാൻ".

വിശുദ്ധഖുർആനിലെ ഈ വാക്യം ഇന്നത്തെ മുസ്‌ലിം സമൂഹത്തിൽ വളരെയധികം ആശയക്കുഴപ്പങ്ങൾക്ക് വഴിമരുന്നിട്ടതായി കാണുന്നു. മുസ്‌ലിംകളിലെ അവാന്തര വിഭാഗങ്ങൾ ഈസാനബി (അ) സുവിശേഷം നൽകിയ അഹ്മദ് എന്ന പ്രവാചകൻ മുഹമ്മദ് നബിയാണെന്നാണ് വ്യാഖ്യാനിക്കുന്നത്. അതിനുള്ള കാരണം റസൂൽ തിരുമേനിക്ക് ഗുണനാമങ്ങളായി പല പേരുകളും ഹദീസുഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. മാഹി, ഹാശിർ, ആഖിബ്, അഹ്മദ് എന്നീ ഗുണനാമങ്ങൾ അതിൽപ്പെടുന്നു. ഈ വാദം നാം സമ്മതിക്കുകയാണെങ്കിൽ ഈസാനബി (അ) മരിച്ചുപോയിരിക്കുന്നു എന്നവർ വിശ്വസിക്കണം. അല്ലാത്തപക്ഷം ഈസാനബി (അ) അവരുടെ വിശ്വാസപ്രകാരം ആകാശത്തിൽ നിന്ന് അവസാനകാലത്ത് തിരിച്ചുവരുമ്പോൾ ഈ ആയത്ത് എന്തുചെയ്യും? കാരണം അദ്ദേഹം വന്നാൽ ദൗത്ത്യാനന്തരം മരിക്കും. മരിച്ചാൽ അഹ്മദ് എന്നു പേരുള്ള ഒരു പ്രവാചകൻ വരേണ്ടതായി വരും. കാരണം ഈസാനബി (അ)ക്ക് ശേഷം അഹ്മദ് എന്നു പേരുള്ള പ്രവാചകൻ വരുമെന്നാണ് ഖുർആനിലുള്ളത്. ഈ വരികൾ എഴുതുമ്പോൾ ഒരു സംഭവം സ്മൃതിപഥത്തിൽ വരുകയാണ്. എന്റെ സുഹൃത്തും സഹപ്രവർത്തകനുമായ തിരൂർ അഹ്മദിയ്യാ ജമാഅത്ത് പ്രസിഡന്റ് അബ്ദുല്ലാ സാഹിബ്, അദ്ദേഹവും ചേകന്നൂർ മൗലവി സാഹിബും തമ്മിൽ നടന്ന സുഹൃദ് സംഭാഷണത്തെക്കുറിച്ചു എന്നോട് പറഞ്ഞതാണത്. ചേകന്നൂർ മൗലവി സാഹിബിന്റെ വിശ്വാസം ഈസാനബി (അ) മരിച്ചുപോയി എന്നും ആകാശത്ത് ജീവിച്ചിരിപ്പില്ല എന്നുമാണ്. അതെപോലെ തിരുമേനി (സ)യുടെ പേര് മുഹമ്മദ് എന്നാണ്. അപ്പോൾ വിശുദ്ധഖുർആനിൽ പറഞ്ഞ അഹ്മദ് എന്ന പ്രവാചകനെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ് എന്ന അബ്ദുല്ലാ സാഹിബിന്റെ ചോദ്യത്തിന് ചേകനൂർ പറഞ്ഞ മറുപടി "ഈസാനബിക്കും മുഹമ്മദ് നബിക്കും ഇടയിൽ അഹ്മദ് എന്ന ഒരു പ്രവാചകൻ വന്നുപോയിട്ടുണ്ടാകും" എന്നാണ്. അങ്ങനെയുള്ള ചരിത്രം ഇതുവരെ ആരും പറഞ്ഞുകേട്ടില്ലല്ലോ എന്ന ചോദ്യത്തിന് "അങ്ങനെ എല്ലാ പ്രവാചകന്മാരും വന്ന കാര്യം അറിയണമെന്നില്ല" എന്നാണദ്ദേഹം പറഞ്ഞത്. ചേകന്നൂർ മൗലവി സാഹിബു പറഞ്ഞതുപോലുള്ള ഒരു ന്യായമല്ലാതെ മറ്റൊരു ന്യായം ഇതിന് അവർക്ക് പറയാൻ സാദ്ധ്യമല്ല. അദ്ദേഹം തുടർന്നു പറഞ്ഞു. "തിരുമേനിക്ക് ശേഷം പ്രവാചകന്മാർക്ക് വരാമെന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ ശരീഅത്തോടുകൂടിയുള്ള പ്രവാചകനുവരെ വരാവുന്നതാണ്". എന്നും തുടർന്ന് അദ്ദേഹം അബ്ദുല്ലാ സാഹിബിനോടു പറഞ്ഞത്രെ.

അപ്പോൾ മുസ്‌ലിം അവാന്തര വിഭാഗങ്ങൾ ഒന്നുകിൽ ഈസാനബി (അ) മരിച്ചിരിക്കുന്നു അതിന്ശേഷ,ം ആഗതനാകുമെന്ന് ഈസാനബി (അ) സുവിശേഷം നൽകിയ അഹ്മദ് എന്നുപേരുള്ള പ്രവാചകൻ മുഹമ്മദ് നബി (സ) ആണെന്നു പറയണം. രക്ഷപ്പെടാനുള്ള മറ്റു വല്ല മാർഗ്ഗവും ഉണ്ടോ എന്ന് പണ്ഡിതന്മാർ ഒന്നു പറഞ്ഞുതരട്ടെ.

എനിക്ക് ഓർമ്മയുള്ളത് വിശുദ്ധഖുർആനിൽ നാല് സ്ഥലങ്ങളിൽ റസൂൽതിരുമേനിയുടെ പേര് ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട് എന്നാണ്. അതെല്ലാം മുഹമ്മദ് എന്നുതന്നെയാണ്. (3:145, 33:41, 47:3, 48:30 നോക്കുക). 'ഇസ്മ്' എന്ന അറബിപദം ശരിയായ പേരിനെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് നാല് സ്ഥലങ്ങളിലും മുഹമ്മദ് എന്നപേര് അല്ലാഹു പറഞ്ഞത്. കൂടാതെ ശഹാദത്ത് കലിമയിലും ദുആയിലും, സലാത്തിലും ബാങ്കിലും നബിതിരുമേനിയുടെ പേര് മുഹമ്മദ് എന്ന് തന്നെയാണ് വന്നിട്ടുള്ളത്. ഒരമുസ്‌ലിം മുസ്‌ലിമാകുമ്പോൾ 'അശ്ഹദു അന്ന അഹ്മദുർറസൂലുല്ലാഹ്' എന്ന് ഉരുവിട്ടാൽ കലിമ ശരിയാകുമോ? അഹ്മദികളെ സംബന്ധിച്ച ഒരു വ്യാജാരോപണം അവരുടെ കലിമ 'ലാഇലാഹ ഇല്ലല്ലാഹു അഹ്മദുർറസൂലുല്ലാഹ്' എന്നാണെന്നാണ്. അപ്പോൾ നബി തിരുമേനിയുടെ സാക്ഷാൽപേര് അഹ്മദ് എന്നല്ല എന്ന കാര്യം ഈ ആക്ഷേപത്തിൽനിന്ന് തന്നെ എതിരാളികൾ സമ്മതിക്കുകയായണ്.

നബിതിരുമേനി (സ) തന്റെ ദിവ്യദൗത്യത്തിൽ വിശ്വസിക്കുവാൻ പല ക്രിസ്ത്യൻ രാജാക്കന്മാരെയും ക്ഷണിച്ചതായി ചരിത്രത്തിൽ നിന്ന് മനസ്സിലാകുന്നു. റോമാചക്രവർത്തി ഹിർക്കൽ, മിസ്രിലെ മുഖൗഖസ്, അബിസ്സീനിയായിലെ നജ്ജാശി തുടങ്ങിയവർ അതിൽ ഉൾപ്പെടും. അവർക്കയച്ച

കത്തുകളിൽ ഒന്നിലുംതന്നെ ഈസാനബിയുടെ പ്രസ്തുത പ്രവചനത്തെക്കുറിച്ച് ആ കത്തുകളിൽ പരാമർശിക്കുകയോ തന്റെ പേര് അഹ്മദാണെന്നു പറയുകയോ ചെയ്തിട്ടില്ല. മറിച്ച്, മുഹമ്മദ് എന്നുതന്നെയാണ് എഴുതിക്കാണുന്നത്. അതുകൊണ്ടുതന്നെ വിശുദ്ധഖുർആനിൽ സൂറ അസ്സഫ്ഫിൽ പ്രസ്താവിക്കപ്പെട്ട 'അഹ്മദ്' എന്ന പ്രവാചകനെക്കുറിച്ചുള്ള സുവിശേഷം തന്നെ സംബന്ധിച്ചാണെന്ന് തിരുമേനി (സ) മനസ്സിലാക്കിയിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. അതേപോലെ സൂറ അസ്സഫ്ഫിലെ പ്രസ്തുത ആയത്ത് തന്നെ പറ്റിയാണെന്ന് റസൂൽതിരുമേനി (സ) അവകാശപ്പെടുകയോ വാദിക്കുകയോ ചെയ്തതായിട്ട് എനിക്ക് കാണാനോ, അറിയാനോ സാധിച്ചിട്ടില്ല. അഹ്മദി മുസ്ലിംകൾ ഈ ആയത്ത് റസൂൽതിരുമേനിക്കും ബാധകമാണെന്ന് പറയുന്നത് എന്തുകൊണ്ടാണെന്ന് വെച്ചാൽ, സൂറ: ജുമ്അയിൽ, അതായത്, അഹ്മദ് എന്ന പ്രവാചകനെക്കുറിച്ച് സുവിശേഷം നൽകിയ സൂറത്തിന്റെ തൊട്ട് പിന്നിലുള്ള സൂറയിൽ റസൂൽതിരുമേനി (സ)യുടെ രണ്ടു കാലഘട്ടങ്ങളിലുള്ള അവതരണത്തക്കുറിച്ചു പറയപ്പെട്ടിരിക്കുന്നു. ഒന്ന് അറേബ്യയിലെ നിരക്ഷര കുക്ഷികളുടെ ഇടയിലും മറ്റൊന്ന് അവസാനകാലത്തും. പ്രസ്തുത ആയത്ത് ഇങ്ങനെ വായിക്കാം: "അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനുമുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നു താനും. അവരോടൊപ്പം ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും (അവൻ ആ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്) അവൻ പ്രതാപവാനും അഗാധജ്ഞനുമാണ്. അത് അല്ലാഹുവിന്റെ വരപ്രസാദമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അവനത് നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനത്രെ (62:3-5). ഈ ആയത്തിൽ റസൂൽ തിരുമേനിയുടെ (സ) രണ്ടാമത്തെ അവതരണത്തെക്കുറിച്ചുള്ള ആയത്തിനെക്കുറിച്ചു അബൂഹുറയ്റ (റ)തന്റെ സംശയം മൂന്നുതവണ ആവർത്തിച്ചുചോദിച്ചപ്പോൾ റസൂൽ തിരുമേനി (സ) സൽമാനുൽ ഫാരിസി എന്ന പേർഷ്യക്കാരനായ സഹാബിയുടെ ചുമലിൽ കൈവെച്ചുകൊണ്ടു ഇങ്ങനെ പ്രതിവചിച്ചതായി ബുഖാരി കിത്താബുത്തഫ്സീറിൽ കാണുന്നു. "ഈമാൻ സുറയ്യ (കാർത്തിക) നക്ഷത്രത്തിന്റെ അടുത്തായാലും ഇവരിൽ നിന്നുള്ള ഒരാൾ അതിനെ കണ്ടെടുക്കുന്നതാണ് (പുനഃസ്ഥാപിക്കുന്നതാണ്)". ഇതിൽനി ന്നു മനസ്സിലാകുന്നത് റസൂൽ തിരുമേനി(സ)യുടെ രണ്ടാമത്തെ അവതരണം അദ്ദേഹത്തിന്റെ പേർഷ്യക്കാരായ അനുയായികളിൽ ഒരാൾ മുഖേന നിവൃത്തിയാകുമെന്നാണ്. അദ്ദേഹത്തിന്റെ ആഗമനം മുസ്ലിംകളിൽ ഈമാൻ കൈമോശം വരുന്ന കാലഘട്ടത്തിലായിരിക്കുമെന്നും മനസ്സിലാകുന്നു. ഹദീസുകളിൽ ഈ കാലഘട്ടം മഹ്ദി ഇമാമുമായും വാഗ്ദത്ത മസീഹുമായും ബന്ധപ്പെടുത്തി പറഞ്ഞതായി കാണാം. വാഗ്ദത്ത മഹ്ദിയുടെ പേര് അഹ്മദ് എന്നാണെന്ന് റസൂൽ തിരുമേനി (സ) നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. (അൽഫത്ത്ഹവാഹദീസിയ്യ ഭാ:38) കൂടാതെ "അഹ്മദ് എന്നു പേരുള്ള മഹ്ദിയോടൊപ്പം ഒരു ജമാഅത്ത് ഇന്ത്യയിൽ ജിഹാദ് (മതപ്രചാരണം) നടത്തുന്നതാണ് (അന്നജ്മുസ്സാഖിബ് Vol ii). വീണ്ടും "കദ്അ' എന്ന പേരിലറിയപ്പെടുന്ന സ്ഥലത്ത് ഇമാം മഹദി വെളിപ്പെടുന്നതും ദൈവം അദ്ദേഹത്തെ സാക്ഷ്യപ്പെടുത്തുന്നതുമാണ്". (ജവാഹിറുൽ അസ്റാർ, ജിഹാദുൽ അൻവാർ Vol XIII ഭാഗം 19). അപ്പോൾ റസൂൽതിരുമേനിയുടെ പ്രതിപുരുഷനായി അവസാനകാലത്ത്, അതായത് ഇസ്ലാമിന്റെ പേരും ഖുർആന്റെ ലിപിയും മാത്രം ശേഷിക്കുകയും ഈമാൻ കാർത്തിക നക്ഷത്രത്തിലേക്ക് കരേറിപ്പോവുകയും ചെയ്യുന്ന കാലത്ത് അഹ്മദ് എന്ന പേരുള്ള ഒരു പേർഷ്യൻ വംശജൻ ഇന്ത്യയിൽ 'ഖദ്അ' (ഖാദിയാൻ) എന്ന സ്ഥലത്ത് ആഗതനായി യഥാർത്ഥ ഇസ്ലാമിനെ ഈ ലോകത്ത് പ്രതിഷ്ഠിക്കുമെന്ന് സാരം. ഇത് അല്ലാഹുവിന്റെ വരപ്രസാദമാണെന്നും അതു അല്ലാഹു ഇച്ഛിക്കുന്നവർക്ക് അവൻ നൽകുമെന്നും തുടർന്നുപറഞ്ഞുകൊണ്ട് ശത്രുക്കളോട് അല്ലാഹു പ്രതികരിക്കുകയാണ്. ഈ വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ മുഹമ്മദും അഹ്മദും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണെന്നു മനസ്സിലാക്കാം. അതായത്, മുഹമ്മദില്ലാതെ അഹ്മദില്ല. അതുകൊണ്ടുതന്നെയാണ് 'ഇസ്മുഹുഅഹ്മദ്' എന്ന ആയത്തിനു പ്രഥമമായി മുഹമ്മദ് നബിയാണെന്നും, പിന്നീട് വാഗ്ദത്ത മഹ്ദി മസീഹാണെന്നും അഹ്മദികൾ വ്യാഖ്യാനിക്കുന്നത്. ഈ ആയത്തിൽ പറയപ്പെട്ട രണ്ടു കാലഘട്ടവും റസൂൽ തിരുമേനിയുടെ കാലഘട്ടം തന്നെയാണ്. ഒന്നു പ്രതാപത്തിന്റെ (ജലാലി) കാലഘട്ടമായിരുന്നു. രണ്ടാമത്തെത് സൗന്ദര്യത്തിന്റെ (ജമാലി) കാലഘട്ടമാണ്. ഈ രണ്ടാമത്തെ കാലഘട്ടത്തെക്കുറിച്ചാണ് സൂറ അസ്സഫ്ഫിലെ ബാക്കിഭാഗങ്ങളും നമുക്ക് മനസ്സിലാക്കിത്തരുന്നത്. പ്രസ്തുത സൂറത്തിൽ അഹ്മദ് റസൂലിനെ ശത്രുക്കൾ ഇസ്ലാമിലേക്ക് ക്ഷണിക്കുമെന്ന് പറയപ്പെട്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുക്കൾ ഹസ്റത്ത് അഹ്മദ് (അ)ന്റെ കാലത്ത് അദ്ദേഹത്തേയും അതിന് ശേഷം അദ്ദേഹത്തിന്റെ അനുചരരേയും "നിങ്ങൾ കാഫിറായിപ്പോയിരിക്കുന്നു അതുകൊണ്ടു ഇസ്ലാമിലേക്ക് വരിക" എന്ന് പറഞ്ഞുകൊണ്ട് ക്ഷണിക്കുന്നു. അതേപോലെ ഇസ്ലാമാകുന്ന പ്രകാശത്തെ അതിന്റെ ശത്രുക്കൾ ഊതിക്കെടുത്താൻ ശ്രമിക്കുന്നു എന്നു പറഞ്ഞതും ഈ കാലഘട്ടത്തെക്കുറിച്ചാണ്. റസൂൽ തിരുമേനിയുടെ കാലത്ത് വാളുകൊണ്ടാണ് ശത്രുക്കൾ ഇസ്ലാമിനെ നേരിട്ടത്. ഇന്നാണെങ്കിൽ ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയാണ് ഇസ്ലാമിനെ ശത്രുക്കൾ പ്രതിരോധിക്കുന്നത്. ഹസ്റത്ത് അഹ്മദ് (അ)ന്റെ കാലത്ത് നാലുഭാഗത്ത് നിന്നും നാനാ മതസ്ഥരിൽപ്പെട്ട ശത്രുക്കളും പ്രസംഗങ്ങൾ മുഖേനയും എഴുത്തിലൂടെയും ഇസ്ലാമാകുന്ന ഈ പ്രകാശത്തെ ഊതിക്കെടുത്താൻ ശ്രമിച്ചിരുന്നു. എന്നാൽ അല്ലാഹു ആ പ്രകാശത്തെ വാഗ്ദത്ത മഹ്ദി മസീഹായ ഹസ്റത്ത് അഹ്മദ് (അ)നെ നിയോഗിച്ചുകൊണ്ടു കൂടുതൽ ദീപ്തമാ

ക്കുകയാണുണ്ടായത്. കൂടാതെ ഇതേ സൂറയിൽ ഇസ്ലാമിന്റെ മറ്റു പ്രത്യയശാസ്ത്രങ്ങളുടെ മേലുള്ള വിജയത്തെപ്പറ്റിയും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഇതൊരു പ്രവചനമാണെന്നും വാഗ്ത്ത മഹ്ദിമസീഹിന്റെ കാലത്താണ് പൂർത്തിയാവുക എന്നും മിക്കവാറും എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടതായി കാണുന്നു.

എന്നാൽ ഇതു സംബന്ധിച്ച് നമുക്ക് നോക്കാനുള്ള പ്രസ്തുത "വ മുബശ്ശിറൻ ബി റസൂലിൻ യഅ്ത്തീ മിൻ ബഅ്ദിസ്മുഹു അഹ്മദ്" എന്ന ആയത്തിനെ സംബന്ധിച്ച് ഹസ്റത്ത് അഹ്മദ് (അ) വല്ലതും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ടോ എന്ന കാര്യമാണ്.

ഹസ്റത്ത് അഹ്മദ് (അ)ന്റെ പ്രശസ്ത ഗ്രന്ഥമായ 'ഇസാലെ ഔഹാം' 463ാം ഭാഗത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. "അവസാനകാലത്ത് ആഗതനാകുന്ന ആളുടെ പേര് 'അഹ്മദ്' എന്നു വെക്കപ്പെട്ടതിൽ അദ്ദേഹം ഈസായുമായി അനുരൂപനും സദൃശനും ആയി വരുമെന്നാണ്. അതായത് 'മുഹമ്മദ്' എന്നത് തിരുനബി (സ)യുടെ 'ജലാലി' സിഫത്ത് വെളിപ്പെടുന്ന നാമവും 'അഹ്മദ്' എന്നത് 'ജമാലി' സിഫത്തു വെളിപ്പെടുന്ന നാമവും ആണ്. അഹ്മദും ഈസയും ജമാലീസിഫത്തുകൾ വെളിപ്പെടുത്തുന്ന കാര്യത്തിൽ ഒരേ നിലപാടിൽ ഉള്ളവരാണ്. 'വമുബശ്ശിറൻ..... ഇസ്മു ഹു അഹ്മദ്' എന്ന ആയത്ത് ഈ യാഥാർത്ഥ്യം വിളിച്ചോതുന്നു."

ഇൽഹാം "യാ അഹ്മദ് ജൂഹിലത്ത മുർസലൻ" "വമുബശ്ശിറൻ..... ഇസ്മുഹു അഹ്മദ്" എന്ന ആയത്തിലുള്ള സൂചന ഇതാണ്. അവസാനകാലത്ത് അഹ്മദ് എന്ന് ആകാശത്ത് പേര് വെക്കപ്പെട്ട ആൾ പ്രത്യക്ഷനാകുന്നതാണ് അദ്ദേഹം ഹസ്റത്ത് മസീഹിന്റെ നിറത്തിൽ ജമാലിയായിട്ട് ദീനിനെ പ്രചരിപ്പിക്കുന്നതാണ്" (തുഹ്ഫയെ ഗോൾഡ്വിയ Page 68)

"ഹസ്റത്ത് റസൂലുല്ലായുടെ പ്രഥമനിയോഗം അഞ്ചാമത്തെ ആയിരം ആണ്ടിലാണുണ്ടായത്. അത് മുഹമ്മദ് എന്ന പേരിന്റെ ബഹിർ പ്രകടനമാണ്. അതായത് പ്രഥമനിയോഗം ജലാലിയായ അടയാളം പ്രകടമാക്കുന്നതായിരുന്നു. എന്നാൽ "വ ആഖിറീന മിൻഹും ലമ്മാ യൻഹഖൂബിഹിം" (സൂറത്തുൽ ജുമുഅ) എന്ന ആയത്ത് അനുസരിച്ച് ഇസ്മു അഹ്മദിന്റെ ബഹിർപ്രകടനമായിരിക്കും ഇത് ജമാലിയായ സിഫത്തായിരിക്കും. "വമുബശ്ശിറൻ ബിറസൂലിൻ യഅ്ത്തീമിൻ ബഅ്ദിസ്മുഹൂ അഹ്മദ്" എന്ന ആയത്ത് ഇതിലേക്ക് സൂചന നൽകുന്നു. ഈ ആയത്തിന്റെ അർത്ഥമിതാണ്. ആകാശത്ത് മജാസിയായ നിലയിൽ അഹ്മദ് എന്നു പേരുള്ള വാഗ്ദത്ത മഹ്ദി ആഗതനാകുമ്പോൾ അദ്ദേഹം തന്റെ ജമാലി സിഫത്ത് പ്രകടിപ്പിക്കുന്നതായിരിക്കും. ഞാനിത് മുമ്പേ "ഇസാലെ ഔഹാമിൽ" വിശദീകരിച്ചിരിക്കുന്നു. അതായത് ഇസ്മുഹൂഅഹ്മദിൽ ഞാൻ റസൂൽതിരുമേനിയുടെ പങ്കാളിയാണ്. അതായത് റസൂൽ തിരുമേനി ഹഖീഖിയായ അഹ്മദാണെങ്കിൽ ഞാൻ മജാസിയായ അഹ്മദ് ആകുന്നു." (തുഹ്ഫയെ ഗോൾഡവിയ P. 352)

"വിശുദ്ധഖുർആന്റെ അത്ഭുതങ്ങളിൽപ്പെട്ട ഒന്നാണിത്. അതായത് അഹ്മദിന്റെ പേര് അനുസ്മരിച്ചുകൊണ്ട് ഈസാനബിയെ സദൃശപ്പെടുത്തുന്നു. അതേപ്രകാരം മൂസാനബിക്ക് സദൃശനായി മുഹമ്മദ് നബിയെ അനുസ്മരിക്കുന്നു. മൂസാനബി ജലാലിയായി ആഗതനായത് കൊണ്ട് ഹസ്റത്ത് മുഹമ്മദ് നബിയെ അദ്ദേഹത്തോടു സദൃശ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹവും ജലാലിയായ നബിയാണെന്നു കാണിക്കുന്നു. അതേപ്രകാരം ഈസാനബി അഹ്മദ് എന്ന നാമം ധരിച്ചുകൊണ്ട് അദ്ദേഹം ജമാലിയായ നബിയാണെന്നു സൂചന നൽകുന്നു.

(ഇഅ്ജാസുൽ മസീഹ് ഭാ. 128)

ഇത്രയും കാര്യങ്ങൾ നാം വായിക്കുമ്പോൾ അഹ്മദി മുസ്ലിംകൾ 'ഇസ്മുഹു അഹ്മദ്' എന്ന ആയത്തിന് അത് റസൂൽ തിരുമേനിയെകൂടി ഉൾപ്പെടുത്തി വ്യാഖ്യാനിക്കുന്നത് അർത്ഥവത്താണെന്നു മനസ്സിലാകുന്നു. റസൂൽ തിരുമേനിയുടെ ഒരു ഹദീസും കൂടി ചേർത്തു വായിക്കുമ്പോൾ അതായത്, വാഗ്ദത്ത മസീഹ് എന്റെ ഖബറിൽ മറ യടക്കപ്പെടും.'' അപ്പോൾ പ്രതിപുരുഷൻ എന്ന അവസ്ഥ പൂർണ്ണമായിത്തീരുന്നു. ഇവിടെ "ഖബർ" എന്നത്കൊണ്ട് ബാഹ്യമായ ഖബറല്ല പ്രത്യുത ബർസഖിയായ ഖബറാണ് വിവക്ഷിതം. അതായത് ശിക്ഷാരക്ഷ ലഭിക്കുന്ന ഖബർ.

ഈസാനബി (അ) തനിക്ക് സദൃശനായ ഒരു പ്രവാചകനെക്കുറിച്ചു ദീർഘദർശനം ചെയ്തു. അതേപോലെ മൂസാനാബി (അ) അദ്ദേഹത്തിന് സദൃശനായ മുഹമ്മദ് മുസ്തഫാ (സ)യെ സംബന്ധിച്ചും പ്രവചനം നടത്തുകയുണ്ടായി. എനിക്കുശേഷം അഹ്മദ് എന്നു പറഞ്ഞതുകൊണ്ട് തൊട്ടടുത്ത ശേഷം എന്ന് അർത്ഥമാക്കേണ്ടതില്ല. കാരണം അടുത്ത ശേഷം റസൂൽ തിരുമേനി (സ)യാണ് ആഗതനായത്. അതുകൊണ്ട് ചേകന്നൂർ മൗലവി സാഹിബിനെപ്പോലെയുള്ളവർക്ക് ഈസാനബിക്കും മുഹമ്മദ് നബിക്കും ഇടയിൽ അഹ്മദ് നബി കഴിഞ്ഞുകടന്നിട്ടുണ്ടാകുമെന്ന് പറയേണ്ടിവന്നത്. വിശുദ്ധഖുർആനിൽ "മൂസാനബിക്ക് ശേഷം ഇറക്കപ്പെട്ട ഒരു ഗ്രന്ഥം ഞങ്ങൾ ശ്രവിച്ചു നിശ്ചയം" (46:30) എന്നു യഹൂദികൾ വിശുദ്ധഖുർആനെ സംബന്ധിച്ചു പറഞ്ഞതായി കാണുന്നു. മുസ്ലിംകളുടെ വിശ്വാസപ്രകാരം ഇഞ്ചീലാണ് മൂസാനബിക്ക് ശേഷം ഇറങ്ങിയ ഗ്രന്ഥം. അതിന് ശേഷമാണ് ഖുർആൻ ഇറങ്ങിയത്.

ചുരുക്കത്തിൽ സൂറ:സഫിൽ ഈസാനബി (അ) പ്രവചനം ചെയ്ത അഹ്മദ് എന്ന പ്രവാചകൻ ഈസാനബി (അ)ക്ക് സദൃശനായി വന്ന മുഹമ്മദീ മസീഹായി ഈ കാലത്ത് ആവിർഭവിച്ച ഹസ്റത്ത് അഹ്മദ് (അ)നെ പറ്റി തന്നെയാണ് എന്നു ലഭിക്കുന്നു. വിശുദ്ധഖുർആനിൽ സുവിശേഷം നൽകപ്പെട്ട അഹ്മദ് എന്നു പേരുള്ള പ്രവാചകനെ സംബന്ധിച്ച പ്രവചനം തന്നെ പറ്റിയാണെന്ന് വാദിച്ചതും ഹസ്റത്ത് അഹ്മദ് (അ) മാത്രമാണ്. ഹദീസിൽ പറയപ്പെട്ട പ്രവചനങ്ങളും ഹസ്റത്ത് അഹ്മദ് (അ)യുടെ വാദത്തെ ദൃഢപ്പെടുത്തുന്നു. (തുടരും)

# ലുധിയാനാ പ്രഭാഷണം

മുഹമ്മദ് ഉമർ എച്ച്. ഏ.

## ലുധിയാനാ പ്രഭാഷണം, അൽവസിയ്യത്ത്, ചശ്മയെമസീഹ്, തജല്ലിയാത്തെഇലാഹിയ്യ, ഖാദിയാൻ കെ ആര്യ ഔർ ഹം

ലുധിയാനാ പ്രഭാഷണം ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) 1905 നവംബർ 4 നു ലുധിയാനയിൽ വെച്ച് ചെയ്തതായിരുന്നു. വാഗ്ദത്ത മസീഹിനെതിരായി ആദ്യമായി കുഫ്ർ ഫത്വ പ്രഖ്യാപനമുണ്ടായത് ഈ പട്ടണത്തിൽ വെച്ചാണ്. ഈ പ്രഭാഷണത്തിന് പതിനാല് വർഷങ്ങൾക്ക് മുമ്പായിരുന്നു ആ സംഭവം. ഇതു സംബന്ധിച്ച് പ്രസ്തുത പ്രഭാഷണത്തിലദ്ദേഹം പറയുന്നു:

"ഞാനീ പട്ടണത്തിൽ പതിനാലു വർഷങ്ങൾക്ക് ശേഷമാണ് ആഗതനായിരിക്കുന്നത്. എന്നോടൊപ്പം വിരലിലെണ്ണാവുന്ന ചില അനുചരന്മാരുണ്ടായിരുന്നപ്പോഴായിരുന്നു ഈ പട്ടണത്തിൽ നിന്നു ഞാൻ പോയത്. കാഫിർ എന്നും ദജ്ജാൽ എന്നും വ്യാജൻ എന്നും മറ്റുമുള്ള ഫത്വകളുടെ ചൂടുപിടിച്ച അന്തരീക്ഷമായിരുന്നു അത്. അന്നു ഞാൻ ജനങ്ങളുടെ ദൃഷ്ടിയിൽ ഏറ്റവും നിന്ദിതനും അപമാനിതനുമായിരുന്നു. അൽപ്പദിവസങ്ങൾക്കകം തന്നെ ഈ ജമാഅത്ത് ബഹിഷ്ക്കരിക്കപ്പെട്ടു ചിതറിപ്പോകുമെന്നും നശിച്ചു നാമാവശേഷമായിത്തീരുമെന്നും ജനങ്ങൾ കരുതിയിരുന്നു. ഈ ഉദ്ദേശ്യത്തിനായി ഭഗീരഥപ്രയത്നങ്ങൾ ചെയ്യപ്പെടുകയും പല പല തന്ത്രങ്ങൾ ആവഷ്കരിക്കപ്പെടുകയും എനിക്കെതിരായി പല ഗൂഢാലോചനകളും നടത്തപ്പെടുകയുമുണ്ടായി... എന്നാൽ ഈ പ്രസ്ഥാനത്തെ സ്ഥാപിച്ചവൻ അല്ലാഹുവാണ്. അപ്പോൾ ഇത് എതിരാളികളുടെ എതിർപ്പുകൾ കൊണ്ടും ശത്രുത കൊണ്ടും എങ്ങനെ നശിക്കുവാനാണ്? എത്രകണ്ട് എതിർപ്പിന്റെ ശക്തിയും മൂർച്ചയും കൂടിവന്നുവോ എത്രകണ്ടു അതിന്റെ മഹത്വവും അന്തസ്സും ഹൃദയങ്ങളിൽ വേരൂന്നിക്കൊണ്ടിരുന്നു. ഇന്നും എന്റെ ഹൃദയം അല്ലാഹുവിനോടുള്ള കൃതജ്ഞതയാൽ പൂരിതമാണ്.

"ഞാനീ പട്ടണത്തിൽ വന്നു തിരിച്ചുപോകുമ്പോൾ ചുരുക്കം ചിലർ മാത്രം എന്റെ കൂടെയുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. അപ്പോൾ എന്റെ ജമാഅത്തിൽപ്പെട്ടവർ തുലോം കുറവായിരുന്നു. എന്നാൽ ഇപ്പോൾ എന്നോടൊപ്പം ഒരു വമ്പിച്ച സമൂഹം തന്നെ ഉള്ളതായി നിങ്ങൾ കാണുന്നു. എന്റെ ജമാഅത്തിലുള്ളവരുടെ എണ്ണം മൂന്നു ലക്ഷത്തിലധികമായിരിക്കുന്നു. ദൈനംദിനം അത് പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയുമാണ്. തീർച്ചയായും അത് കോടിക്കണക്കിൽ എത്തിച്ചേരേരുന്നതാണ്. ഇൻശാഅല്ലാഹ്" (പേജ് 1, 2)

വീണ്ടും അദ്ദേഹം എഴുതുന്നു:

"ഞാനൊരു വെല്ലുവിളിയെന്നോണം പറയുകയാണ്. ഹസ്റത്ത് ആദം നബി (അ)യുടെ കാലം തൊട്ടിന്നേവരെ ഏതെങ്കിലും ഒരു വ്യാജ നബിത്വവാദി ഈ രീതിയിലുള്ള പ്രവചനങ്ങൾ ഇരുപത്തഞ്ചുവർഷങ്ങൾക്കു മുമ്പെ ചെയ്യുകയും അവ പിന്നീട് പൂർത്തിയാവുകയും ചെയ്ത സംഭവം എടുത്തുകാണിക്കുവാൻ ആർക്കെങ്കിലും സാധിക്കുമോ? സാധിക്കുമെങ്കിൽ എന്റെ ഈ പ്രസ്ഥാനവും കാര്യാലയവും എല്ലാംതന്നെ വ്യാജമായിത്തീരുന്നതാണ്. എന്നാൽ അല്ലാഹുവിന്റെ നടപടികളെ ആർക്കാണു പരാജയപ്പെടുത്തുവാൻ സാധിക്കുക? അനാവശ്യമായി എതിർത്തുകൊണ്ടിരിക്കുകയും വ്യാജപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്യുന്നത് നല്ല പ്രകൃതമുള്ളവരുടെ പണിയല്ല. സാത്വികരായ ജനങ്ങൾ ഒരിക്കലും അതിന്നുള്ള ധൈര്യം കാണിക്കാറില്ല."

പ്രസ്തുത പ്രഭാഷണത്തിന്റെ അഭിസംബോധകർ മുസ്‌ലിംകളായത് കൊണ്ട് അദ്ദേഹം ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസാദർശത്തിലുള്ള തന്റെയും തന്റെ ജമാഅത്തിന്റെയും അടിയുറച്ച വിശ്വാസം ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അതോടൊപ്പം ഈസാനബിയുടെ മരണം, ജിഹാദിന്റെ യാഥാർഥ്യം, എന്നീ വിഷയങ്ങൾ വിശുദ്ധഖുർആൻ, സുന്നത്ത്, ഇജ്മാഅ് (ഐകകണ്ഠ്യേനയുള്ള അഭിപ്രായം) ഖിയാസ് (അനുമാനം) എന്നീ പ്രമാണങ്ങളിലൂടെ ഈ പ്രഭാഷണത്തിൽ സ്ഥാപിച്ചിരിക്കുന്നു.

അവസാനമായദ്ദേഹം തന്റെ ജമാഅത്ത് മുഖേന ലോകത്തുണ്ടാകാനിരിക്കുന്ന ഇസ്‌ലാമിന്റെ ആഗോളവിജയത്തെക്കുറിച്ചുള്ള പ്രത്യാശയും പ്രതീക്ഷയും ഇപ്രകാരം പ്രകടിപ്പിക്കുന്നു.

"ഇതര മതങ്ങളുടെ മേൽ ഇസ്ലാമിന്ന് വിജയവും പ്രാബല്യവും നൽകണമെന്ന് അല്ലാഹു ഇച്ഛിക്കുന്നതായി ഞാൻ പൂർണ്ണവിശ്വാസത്തോടും സുശക്തമായ ഭാഷയിലും പറയുകയാണ്. ഈ ദൈവേച്ഛക്കെതിരായി ലോകത്തുള്ള ഒരു ശക്തിക്കും ഒന്നും ചെയ്യുവാൻ സാധിക്കുന്നതല്ല." 'അവൻ താനുദ്ദേശിക്കുന്നതെന്തും (നിർവിഘ്നം) നിവൃത്തിക്കുന്നവനാണ്.' (85:17) മുസ്ലിംകളേ! ഓർക്കുക. അല്ലാഹു ഞാൻ മൂലം ഈ സുവാർത്ത അറിയിച്ചിരിക്കുന്നു. ഞാനെന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അതു ശ്രവിക്കുന്നതും ശ്രവിക്കാതിരിക്കുന്നതും നിങ്ങളുടെ ഇഷ്ടമാണ്".

ലുധിയാനാ പ്രഭാഷണം എന്ന ഈ പുസ്തകം 'ദൈവനിയുക്തന്റെ ദിവ്യദൃഷ്ടാന്തങ്ങൾ' എന്ന പേരിൽ ദൈവാനുഗ്രഹത്താൽ ഈ വിനീതൻ മലയാളത്തിൽ ഭാഷാന്തരം ചെയ്തത് പ്രസിദ്ധീകൃതമായിരിക്കുന്നുവെന്നത് ഇവിടെ ചാരിതാർത്ഥ്യത്തോടെ രേഖപ്പടുത്തുകയാണ്.

## അൽവസിയ്യത്ത്

1905 ഡിസംബർ മാസത്തിൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തിൽ ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) തനിക്ക് ലഭിച്ച ഇൽഹാമുകളുടെ വെളിച്ചത്തിൽ തന്റെ വിയോഗം ആസന്നമായിരിക്കുന്നുവെന്നു വെളിപ്പെടുത്തുകയുണ്ടായി. ഒരു പ്രവാചകന്റെ വിയോഗം നിമിത്തം അദ്ദേഹത്തിന്റെ ജമാഅത്തിന്നുണ്ടാകുന്ന ഭീതിയെയും വ്യാകുലതയെയും അനുസ്മരിച്ചുകൊണ്ട് അദ്ദേഹം തന്റെ അനുയായികൾക്കു സാന്ത്വനം നൽകിക്കൊണ്ടു നുബുവ്വത്ത് എന്ന പ്രഥമശക്തി പ്രഭാവത്തെക്കുറിച്ച് വിശദീകരിച്ചതിന്നുശേഷം ഖിലാഫത്തെന്ന ദ്വിതീയ ശക്തിപ്രഭാവം തന്റെ വിയോഗത്തിന്നു ശേഷമാണുണ്ടാവുകയെന്നും അതെന്നെന്നും നിലനിൽക്കുന്നതാണെന്നുമുള്ള സുവിശേഷം അറിയിക്കുന്നു.

ഈ ഗ്രന്ഥം മുഖേന അദ്ദേഹം ദൈവേച്ഛക്കനുസൃതമായി ഇസ്ലാംമത പ്രചാരണത്തിന്നും വിശുദ്ധഖുർആന്റെ കൽപ്പനകളെ പ്രാവർത്തികമാക്കുന്നതിന്നുമായി ശാശ്വതമായ ഒരു സംവിധാനം സംജാതമാക്കുകയും അതിന്നു 'അൽവസിയ്യത്ത് വ്യവസ്ഥിതി' എന്നു നാമകരണം ചെയ്യുകയുമുണ്ടായി. ഈ വ്യവസ്ഥിതിയനുസരിച്ച് വസിയത്ത് ചെയ്യുന്നയാൾ തന്റെ വരുമാനത്തിന്റെയും സ്വത്തിന്റെയും കുറഞ്ഞത് പത്തിലൊരംശം പ്രസ്തുത ഉദ്ദേശ്യ നിർവഹണത്തിന്നായി ത്യാഗം ചെയ്യേണ്ടതാണെന്ന് നിർദേശിച്ചു. വസിയ്യത്ത് ചെയ്യുന്ന ആൾ മരണപ്പെട്ടാൽ 'ബിഹിശ്ത്തി മഖ്ബറ' എന്ന ശ്മശാനത്തിൽ മറയടക്കം ചെയ്യപ്പെടുന്നതാണ്. ഇത് സംബന്ധിച്ചദ്ദേഹം ഇപ്രകാരം പ്രാർത്ഥിക്കുന്നു. "സർവ്വശക്തനും ദയാലുവും പൊറുക്കുന്നവനും കരുണാമയനുമായ എന്റെ നാഥാ, നിന്റെ ഈ ദൂതനിൽ സത്യമായി വിശ്വസിക്കുകയും യാതൊരുവിധ കപടതയും സ്വയേച്ഛകളും ദുർഭാവനയും തങ്ങളുടെ ഉള്ളിൽ വെച്ചുപുലർത്താതിരിക്കുകയും യഥാർത്ഥ വിശ്വാസവും അനുസരണവും പ്രാവർത്തികമാക്കുകയും നിനക്ക് വേണ്ടിയും നിന്റെ മാർഗ്ഗത്തിൽ സ്വഹൃദയങ്ങളിൽ നിന്റെ തൃപ്തിക്കനുസൃതമായ രീതിയിൽ ജീവത്യാഗം വരിക്കുകയും പരിപൂർണ്ണമായും നിന്റെ സ്നേഹത്തിൽ ലയിക്കുകയും നിന്റെ ഈ നിയുക്തനായ വരിഷ്ഠദാസനുമായി വിശ്വസ്തതയോടും വിശാലവിശ്വാസത്തോടും കൂടി സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും ജീവത്യാഗം ചെയ്യുവാൻ പോലും സന്നദ്ധരാവുകയും ചെയ്യുന്നവർക്ക് വേണ്ടി മാത്രമായി ഖബറുകൾക്കുള്ള സ്ഥലം ഇവിടെ നൽകേണമേ"

അൽവ സിയ്യത്ത് എന്ന ഗ്രന്ഥത്തോടൊപ്പം പ്രസിദ്ധീകൃതമായ അനുബന്ധത്തിൽ വസിയയ്യത്തിന്നും ബിഹിശ്ത്തി മഖ്ബറയിൽ മറയടക്കം ചെയ്യപ്പെടുന്നതിന്നുമുള്ള ചില നിബന്ധനകൾ ചേർത്തിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥം മലയാളത്തിൽനമ്മുടെ യുവ മുബല്ലിഗ് മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ് ഭാഷാന്തരം ചെയ്തു പ്രസിദ്ധീകൃതമായിരിക്കുന്നു.

## ചശ്മയെ മഅ്രിഫത്ത്

1906 മാർച്ച് മാസത്തിൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥം ക്രിസ്ത്യാനികൾ ഇസ്ലാമിന്നെതിരായി രചിച്ച 'യനാബീഉൽ ഇസ്ലാം' എന്ന കൃതിക്കുള്ള മറുപടിയാണ്. വിശുദ്ധ ഖുർആനിൽ പുതിയൊരധ്യാപനവും ഇല്ലെന്നും ഹസ്റത്ത് മുഹമ്മദ്നബി പൂർവ്വ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ നിന്ന് മോഷ്ടിച്ചാണ് ഖുർആൻ രചിക്കുകയുണ്ടായതെന്നും പ്രസ്തുത കൃതിയിൽ എഴുതപ്പെട്ടിരിക്കുന്നു. ഹസ്റത്ത് അഹ്മദ് (അ) തന്റെ ഗ്രന്ഥത്തിൽ പ്രസ്തുത വ്യാജാരോപണത്തിന്നുള്ള മറുപടി നൽകിക്കൊണ്ട് വിശുദ്ധഖുർആന്റെ മാഹാത്മ്യങ്ങളെയും അതിന്റെ സാഹിത്യ സമ്പുഷ്ടതയും ചമൽക്കാരവും അതിലടങ്ങിയിരിക്കുന്ന പ്രവചനങ്ങളും അവയുടെ പൂർത്തീകരണവും അതു ദൈവത്തിൽനിന്നിറങ്ങിയ മഹദ്വചനങ്ങളാണെന്നും അല്ലാതെ നിരക്ഷരനായ മുഹമ്മദുനബിക്ക് സ്വന്തമായി രചിക്കുവാൻ സാധിക്കുകയില്ലെന്നും അദ്ദേഹം ശക്തിയുക്തം തെളിയിച്ചിരിക്കുന്നു.

ഇത്രയും വിവരിച്ചതിന്നുശേഷം ഗ്രന്ഥകർത്താവ് ആധുനിക ക്രിസ്തീയ വിശ്വാസങ്ങളായ ത്രിയേകത്വം, മസീഹിന്റെ ദൈവത്വം, പാപപരിഹാരസിദ്ധാന്തം എന്നിവയുടെ പൊള്ളത്തരങ്ങൾ എടുത്തുകാട്ടി ഇസ്ലാമിന്റെയും ആധുനിക ക്രിസ്തുമതത്തിന്റെയും അദ്ധ്യാപനങ്ങൾക്കിടയിലുള്ള താരതമ്യ പഠനം നടത്തിയിരിക്കുന്നു.

അവസാനമായി ആധുനിക ക്രിസ്തുമതത്തിൽ കാണപ്പെടുന്ന വിശ്വാസങ്ങൾക്കും ഹ: ഈസാമസീഹിന്റെ അദ്ധ്യാപനങ്ങൾക്കുമിടയിൽ ഒരു പൊരുത്തവുമില്ലെന്നും ഇന്നത്തെ ക്രിസ്തീയ വിശ്വാസങ്ങൾ സെന്റ് പോളിന്റെ സ്വയംകൃതങ്ങളാണെന്നും അദ്ദേഹം സ്ഥാപിച്ചു കാണിച്ചിരിക്കുന്നു.

## തജല്ലിയാത്തെ ഇലാഹിയ്യ

ഇത് 1906ൽ രചിക്കപ്പെട്ട ഗ്രന്ഥമാണെങ്കിലും 1922ലാണ് പ്രസിദ്ധീകൃത

മായത്. ഈ ഗ്രന്ഥത്തിൽ തന്റെ സത്യത്തിന് സാക്ഷ്യമായി വെളിപ്പെടുന്ന അഞ്ചു ഭൂകമ്പങ്ങളെക്കുറിച്ച് 'ചമക് ദിഖ്‌ലാഊങ്കാ തുംകോ ഇസ്നിശാൻ കീ പഞ്ചുബാർ' (നിനക്ക് ഈ ദൃഷ്ടാന്തത്തിന്റെ തിളക്കം അഞ്ചുപ്രാവശ്യം കാണിച്ച് തരുന്നതാണ്) എന്ന ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്നു. ആ അഞ്ചടയാളങ്ങളും അതതിന്റെ അവസരത്തിൽ പ്രകടമാവുകയുണ്ടായി.

പ്രസ്തുത കൃതിയിൽ അദ്ദേഹത്തിന് അല്ലാഹുവിൽനിന്നുണ്ടായ പല ദിവ്യവെളിപാടുകളെക്കുറിച്ചും അനുസ്മരിച്ചുകൊണ്ട് എഴുതുന്നു:

"നിങ്ങൾ ഇപ്പോൾ പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിരിക്കുന്ന പ്ലേഗ്, ഭൂകമ്പം എന്നിവയെക്കുറിച്ച് കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളായി ആത്മീയ ദർശനത്തിൽ ഞാൻ കണ്ടുകൊണ്ടിരിക്കുകയാണ്. ഇവയെക്കുറിച്ച് ഞാൻ 25 വർഷങ്ങൾക്കുമുമ്പ് മുൻകൂട്ടിത്തന്നെ അറിയിച്ചിരുന്നില്ലെന്ന് സ്ഥാപിതമാവുകയാണെങ്കിൽ ഞാൻ വ്യാജനാണ്. എന്നാൽ ഈ കാര്യങ്ങൾ 25 വർഷങ്ങൾക്കു മുമ്പു തന്നെ എന്റെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. ഞാനവയെക്കുറിച്ച് അന്നുതൊട്ടിന്നുവരെ ഓർമ്മിപ്പിച്ചുകൊണ്ടുമിരുന്നു. അതുകൊണ്ട് നിങ്ങൾ ദൈവശിക്ഷക്കിരയാകാതിരിക്കുവാൻ ഭയപ്പെടേണ്ടതാണ്."

ഈ ഗ്രന്ഥത്തിൽ അദ്ദേഹം തന്റെ പ്രസ്ഥാനത്തിനുണ്ടായിക്കൊണ്ടിരിക്കുന്ന ദൈവികാനുഗ്രഹങ്ങളെക്കുറിച്ച് ഒരു പ്രവചനമെന്നോണം അനുസ്മരിക്കുന്നു.

"അവൻ എനിക്ക് വളരെയധികം മഹത്വം തന്നനുഗ്രഹിക്കുമെന്നും എന്റെ സ്നേഹം ഹൃദയങ്ങളിലിടുമെന്നും എന്റെ പ്രസ്ഥാനത്തെ മുഴുലോകത്തും വ്യാപിപ്പിക്കുമെന്നും എല്ലാ വിഭാഗങ്ങളുടെ മേലും എന്റെ വിഭാഗത്തിന്ന് വിജയം നൽകുമെന്നും തങ്ങളുടെ സത്യതയുടെ പ്രകാശത്താലും തെളിവുകളാലും അടയാളങ്ങളാലും എല്ലാവരുടെയും വായടക്കും വണ്ണം അറിവിലും ജ്ഞാനത്തിലും പരിപൂർണ്ണത നേടുമെന്നും അല്ലാഹു ആവർത്തിച്ചാവർത്തിച്ചെന്നെ അറിയിച്ചുകൊണ്ടിരിക്കുന്നു. ഓരോ സമുദായവും ഈ നീരുറവിൽനിന്നും ജലപാനം നടത്തുന്നതാണ്. ഭൂമിയിലെങ്ങും വ്യാപിക്കത്തക്കവണ്ണം ഈ പ്രസ്ഥാനം ശക്തിമത്തായ നിലയിൽ വളരുകയും പുഷ്പിക്കുകയും ചെയ്യുന്നതാണ്. രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രഹങ്ങളുടെ മേൽ അനുഗ്രഹം തരുന്നതാണെന്നും അല്ലാഹു എന്നോട് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ശ്രോതാക്കളേ! ഈ വാക്കുകൾ ഓർമ്മിക്കുക. ഈ മുന്നറിയിപ്പുകളെ നിങ്ങളുടെ പെട്ടികളിൽ സൂക്ഷിച്ചുവെക്കുക. ഒരുനാൾ പൂർത്തിയാകാതിരിക്കുന്ന ദൈവവചനമാണിത്."

റൂഹാനി ഖസായിൻ വാല്യം-20 പേജ് 407, 408)

## ഖാദിയാൻ കെ ആര്യ ഔർഹം

ഖാദിയാനിലെ ആര്യസമാജം പ്രസിദ്ധീകരിച്ചിരുന്ന 'ശുഭചിന്തക്' എന്ന പത്രത്തിൽ ഇസ്‌ലാമിന്നും ഹസ്റത്ത് മുഹമ്മദുനബിക്കും വാഗ്ദത്ത മസീഹിന്നുമെതിരായി വന്ന ഒരു ലേഖനത്തിന്റെ മറുപടിയാണീ കൃതി. തന്റെ സത്യസാക്ഷ്യത്തിന്നുള്ള ദൃഷ്ടാന്തങ്ങളായി വെളിപ്പെട്ട പല സംഭവങ്ങൾക്കും ഖാദിയാനിലെ ലാലാശറംപത്ത്, ലാലാ മലാവാമൽ എന്നിവർ സാക്ഷികളാണെന്ന കാര്യം വാഗ്ദത്ത മസീഹ് ഇവിടെ തെളിയിക്കുകയുണ്ടായി.■

---

*പേജ് 29 -ൽ നിന്ന്*

സർവ്വശക്തനായ ദൈവം പ്ലേഗ്, കോളറ എന്നിവ ഒരു ശിക്ഷയെന്ന നിലയിൽ ഭൂമിയിൽ ഇറക്കുന്ന അവസരത്തിൽത്തന്നെ ആ പകർച്ചവ്യാധികളാകുന്ന അഗ്നി ശമിപ്പിക്കുവാൻ പര്യാപ്തമായ ഔഷധച്ചെടികളെക്കുറിച്ചും ചികിത്സയെക്കുറിച്ചുമുള്ള അറിവ് ഭിഷഗ്വരന്മാർക്ക് ഇട്ടുകൊടുക്കുന്നു. അതിനാൽ മോശെ കൈക്കൊണ്ട യുദ്ധനീതിയാണ് ആക്ഷേപാർഹം. എന്തെന്നാൽ പ്രകൃതി നിയമമനുസരിച്ച് ശത്രുവിന് രക്ഷപ്പെടാനുള്ള വഴി അത് അനുവദിക്കുന്നില്ല. ഇനി അങ്ങനെയുള്ള മാർഗ്ഗം അനുവദിക്കപ്പെട്ടിരുന്നെങ്കിൽത്തന്നെ അത് ഭാഗികമായിരുന്നു. പൂർണ്ണമായിരുന്നില്ല. ദുഷ്ക്കർമ്മികളായ പ്രവാചകശത്രുക്കളെ വാളുകൊണ്ട് നശിപ്പിക്കുകയെന്നതായിരുന്നു തുടക്കംമുതലേയുള്ള ദൈവത്തിന്റെ മാർഗ്ഗം. അങ്ങനെയിരിക്കെ നബി തിരുമേനി (സ)യുടെ കാര്യത്തിൽ അപ്രകാരമുള്ള കൽപ്പന എങ്ങനെ ആക്ഷേപാർഹമാകും? മോശെയുടെ കാലത്തുള്ള ദൈവം ഇസ്‌ലാമിന്റെ കാലത്തുള്ള ദൈവത്തിൽനിന്നു വ്യത്യസ്തനായിരുന്നുവോ? അല്ലെങ്കിൽ മോശെയുടെ കാലത്തുള്ള ദൈവം യുദ്ധത്തെ സ്നേഹിക്കുകയും ഇപ്പോൾ അവൻ യുദ്ധത്തെ ഒരു തിന്മയായി കരുതുകയും ചെയ്തുവോ? *(അഞ്ചാമെ ആഥം പേജ് 37)*

### മാസപ്പിറവി അറിയിപ്പ് - 2003

ഹിജ്റ 1423ലെ ദുൽഹിജ്ജ മാസപ്പിറവി 2.2.2003 ഞായറാഴ്ച അസ്തമയത്തിന് ശേഷം സംഭവിക്കുന്നതിനാൽ 3.2.2003 ദുൽഹിജ്ജ ഒന്നും, 12.2.2003 ബുധനാഴ്ച ദുൽഹിജ്ജ പത്തും ആയിരിക്കുമെന്ന് മാസനിർണ്ണയ കമ്മിറ്റി ചെയർമാൻ കെ.എം. അഹ്മദ് കോയ സാഹിബ് അറിയിച്ചതനുസരിച്ച് ഈദുൽ അസ്ഹാ ഫെബ്രുവരി 12 ബുധനാഴ്ച ആയിരിക്കുമെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് പ്രഖ്യാപിച്ചു.

2.2.2003 ഉച്ചക്ക് ശേഷം 4:18 നാണ് അമാവാസി സംഭവിക്കുക. അന്നേദിവസം സൂര്യനസ്തമിക്കുമ്പോൾ ചന്ദ്രന്റെ പ്രായം 2 മണിക്കൂർ 12 മിനുട്ടും ഭൂമി സൂര്യരേഖയിൽനിന്നുള്ള ചന്ദ്രന്റെ കോണകലം ഏകദേശം 1.10 ഡിഗ്രിയും മാത്രമാണ്. ഈ ഘട്ടത്തിൽ ചന്ദ്രക്കല നഗ്നദൃഷ്ടികൊണ്ട് കാണാൻ സാധ്യമല്ല.

# ഐക്യരാഷ്ട്രസഭ അമേരിക്കയുടെ റബ്ബർസ്റ്റാമ്പോ?

ജനതയുടെ തുല്യമായ അവകാശം അടിസ്ഥാനമാക്കി രാഷ്ട്രങ്ങൾ തമ്മിലുള്ള സാമ്പത്തികവും സൈനികവും മാനുഷികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളെ സമന്വയിപ്പിക്കുന്നതിനുമുള്ള കേന്ദ്രമാണ് ഐക്യരാഷ്ട്രസഭ എന്നാണ് അതിന്റെ ഭരണഘടന എന്ന് വിശേഷിപ്പിക്കാവുന്ന ഐക്യരാഷ്ട്ര ചാർട്ടർ പറയുന്നത്. വലിപ്പച്ചെറുപ്പമില്ലാതെ രാഷ്ട്രങ്ങളുടെ പരമാധികാരസമത്വം എന്ന തത്വത്തെ ആധാരമാക്കി എല്ലാ രാഷ്ട്രങ്ങളുടെ അന്തസ്സും നിലയും വിലയും ഉയർത്തിപ്പിടിക്കുന്ന ഈ ആഗോളസംഘടനയ്ക്ക് നാമകരണം ചെയ്തത് തന്നെ ഐക്യരാഷ്ട്രങ്ങൾ (United Nations) എന്നാണ്.

ഘടനാപരമായി വളരെയേറെ വൈകല്യങ്ങളുണ്ടെങ്കിലും ഐക്യരാഷ്ട്രസഭ വിശ്വമാനവികതയുടെ പ്രതീകമായി നിലകൊണ്ടിരുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ, അമേരിക്കയുടെയും ഇസ്രായീലിന്റെയും ധിക്കാരത്തിനും അനീതിക്കും തുല്യം ചാർത്തുന്ന ഒരു റബ്ബർസീൽ ആയി ഇന്ന് ഐക്യരാഷ്ട്രസഭ അധഃപതിച്ചിരിക്കുന്നു. ഐക്യരാഷ്ട്രസഭയെ നോക്കി, നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ നീതിബോധത്തെ ഭാവിചരിത്രം വിലയിരുത്തുമെന്നോർക്കുമ്പോൾ നീതിബോധമുള്ളവർ ഈ കാലഘട്ടത്തിൽ ജീവിക്കേണ്ട ദൗർഭാഗ്യത്തെ ഓർത്ത് ലജ്ജിക്കേണ്ടിയിരിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ ഇറാഖിൽ നടത്തിയ ആയുധപരിശോധനയുടെ പന്ത്രണ്ടായിരം പേജ് വരുന്ന റിപ്പോർട്ട് ഐക്യരാഷ്ട്രസഭയുടെ ഒരംഗമായ അമേരിക്കയുടെ കൈകളിൽ എങ്ങനെ എത്തിച്ചേർന്നു? അമേരിക്കയാകട്ടെ ഇറാഖിനെതിരെ യുദ്ധത്തിന് ഒരുങ്ങിനിൽക്കുന്ന രാജ്യവും. ഈ റിപ്പോർട്ട് ഒരു ജനതയുടെ ദേശീയസുരക്ഷയ്ക്കാവശ്യമായ സൈനിക രഹസ്യങ്ങളുടെ വിവരണങ്ങളാണ്. പരമരഹസ്യമായും അതീവ വിശ്വസ്തതയോടുംകൂടി കൈകാര്യം ചെയ്യേണ്ട ഈ രേഖ അമേരിക്ക തട്ടിപ്പറിച്ചെടുത്തത് ഐക്യരാഷ്ട്രസഭയുടെ ഗുരുതരമായ വീഴ്ചയല്ലേ? റിപ്പോർട്ട് എന്തുതന്നെയായാലും അമേരിക്ക ഇറാഖിനെ ആക്രമിക്കുമെന്ന് ഉറപ്പാണ്. ഐക്യരാഷ്ട്രസഭയുടെ ആയുധപരിശോധനയോട് അൽപ്പമെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ ആ സന്ദർഭത്തിലെങ്കിലും അമേരിക്ക പടയൊരുക്കം നിർത്തിവെക്കണമായിരുന്നു. പടയൊരുക്കം നിർത്തിവെച്ചില്ല എന്നു മാത്രമല്ല തകൃതിയായി യുദ്ധത്തിനുള്ള ഭേരി മുഴക്കുകയാണ് അമേരിക്ക ചെയ്യുന്നത്. പരിശോധനാ റിപ്പോർട്ട് അമേരിക്ക തട്ടിയെടുത്തതിനെക്കുറിച്ച് ഒരു രാജ്യവും കാര്യമായി പ്രതികരിച്ചിട്ടില്ല.

റഷ്യയുടെയും ഫ്രാൻസിന്റെയും ജർമ്മനിയുടെയുംഅമേരിക്കയുടെ ഇറാഖി ആക്രമണത്തോടുള്ള എതിർപ്പ് തികച്ചും കപടമാണെന്ന് കരുതേണ്ടിയിരിക്കുന്നു. ആ എതിർപ്പ് പോലും ക്രമേണ നേർത്തുവരികയാണ്. ഇറാഖിനെ കീഴടക്കി ലഭിക്കുന്ന കൊള്ളമുതൽ വീതം വെക്കാൻ ആ രാജ്യങ്ങളുമായുള്ള രഹസ്യചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. എണ്ണ വിലകുറച്ചു നൽകാം എന്ന പ്രലോഭനമുണ്ടെങ്കിൽ നീതിയും ധർമ്മവും ഏതു രാജ്യക്കാർക്കാണ് ഇന്ന് ആവശ്യം? ഇപ്പോൾ യൂറോപ്യൻ രാജ്യങ്ങളും റഷ്യയും ഇടയ്ക്കിടെ ഇറാഖ് ആക്രമണത്തെ അപലപിക്കുന്നത് ഈ വീതംവെപ്പിന്റെ പല അർത്ഥങ്ങളുള്ള ബാഹ്യമാത്രമായ വിലപേശൽ മാത്രമാണ്. ഭൂവനം യഥാർത്ഥത്തിൽ ഒരു വനവും അവിടെ നടക്കുന്നത് കാട്ടുനീതിയുമായി പ്പോയോ എന്ന് നാം സംശയിച്ചുപോകും. സമത്വം, സ്വാതന്ത്ര്യം, രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാകവകാശം, സെക്യുലറിസം തുടങ്ങിയ ആധുനിക രാഷ്ട്രവിജ്ഞാനീയത്തിലെ ഘനഗംഭീരൻ തത്വശാസ്ത്രങ്ങൾ ലോകത്തിന് സമ്മാനിച്ച പാശ്ചാത്യലോകത്തിന്റെ നീതിയുടെ മനസാക്ഷി ഇത്ര ജുഗുപ്സാവഹമാണെന്ന് അറിഞ്ഞ് യഥാർത്ഥ നീതിമാന്മാർ നെടുവീർപ്പിടുകയാണ്. അമേരിക്കൻ യഹൂദ പ്രഭാവത്തിനടിപ്പെട്ട് ലോകം മുഴുവൻ നീതിഹത്യയ്ക്ക് വിധേയമാകുമ്പോൾ ഭാവിലോകം ഈ കാലഘട്ടത്തിന്റെ ചരിത്രത്തെ ഇരുണ്ട യുഗമെന്ന് വിളിക്കാതിരിക്കട്ടെ.

വാസ്തവത്തിൽ അമേരിക്കയ്ക്കും, ബ്രിട്ടനും, യഹൂദികൾക്കും അറിയാത്ത സൈനിക രഹസ്യങ്ങളൊന്നും ഇറാഖിനില്ല. അമേരിക്കയുടെ ഇറാഖീ ആക്രമണം കൂടുതൽ എളുപ്പമാക്കാനുള്ള ചാരപ്രവർത്തനമാണ് ഐക്യരാഷ്ട്രസഭാ ഉദ്യോഗസ്ഥന്മാർ നിർവഹിച്ചതെന്നും പരാതിയുണ്ട്. ആദ്യമേ വിഡ്ഢിയായ സദ്ദാം ഹുസൈൻ സ്വന്തം നെഞ്ച് കീറി ഹൃദയം കാട്ടിക്കൊണ്ട് ഐക്യരാഷ്ട്രപരിശോധകസംഘത്തിന് ഇറാഖിന്റെ വാതായനങ്ങൾ മലർക്കെ തുറന്നുകൊടുത്തു. മാത്രമല്ല അമേരിക്കൻ ചാരസംഘടനയായ സി.ഐ.എ. ക്ക് വരെ ഇറാക്കിൽ വന്ന് പരിശോധിക്കാം എന്നും പറഞ്ഞുനോക്കി. ചെന്നായയുടെ പിടിയിലകപ്പെട്ട ആട്ടിൻകുട്ടിയുടെ രോദനം കണക്കെ സദ്ദാമിന്റെയും ഇറാഖി ജനതയുടെയും ദീനരോദനങ്ങൾ ആര് കേൾക്കാൻ.

ഇറാഖ് ആക്രമണത്തിനെതിരെ പിണങ്ങിനിൽക്കുന്ന സഊദി അറേബ്യയിലെ അമേരിക്കൻ താവളത്തിൽ നിന്നു തന്നെ ഇറാഖിനെ ആക്രമിക്കാനാണ് അമേരിക്കയുടെ പ്ലാൻ. അമേരിക്കൻ അടിമത്തത്തിൽ കഴിയുന്ന സഊദിക്ക് യജമാനന്മാരുടെ ആജ്ഞ നടപ്പാക്കാതെ നിവൃത്തിയില്ല. ഉസാമാ ബിൻ ലാദനും ടിൻ ടവർ തകർത്ത ഭീകരരും സഊദി പൗരന്മാരാണെന്നുള്ള ഉമ്മാക്കി കാട്ടി അമേരിക്ക സഊദിയെ പേടിപ്പിക്കുകയാണ്. സഊദിക്ക് വഴങ്ങാതിരിക്കാൻ വയ്യ. ഖത്തറിലും കുവൈത്തിലും തുർക്കിയിലും പാക്കിസ്താനിലും താവളമുള്ള അമേരിക്കയ്ക്ക് സഊദിയിലെ എല്ലാ സൗകര്യങ്ങളുമുള്ള അവരുടെ സൈനികത്താവളത്തിൽ നിന്ന് ഇറാഖി മുസ്ലിംകളെ കൊന്നൊടുക്കാൻ മിസൈലുകൾ ഉയരണമെന്ന നിർബന്ധമുണ്ട്. ഇനി നമുക്ക് ദൈവത്തോട് പറയാം - ഇറാഖീ ജനതയെ അല്ലാഹു രക്ഷിക്കട്ടെ.

# ജനാധിപത്യത്തിന്റെ ഭാവി 'ഗുജറാത്തി'ന് ശേഷം

പാർലമെന്ററി ജനാധിപത്യത്തിൽ ഏറ്റവും നിർണ്ണായകമാണ് തിരഞ്ഞെടുപ്പ്. രാജ്യക്ഷേമത്തെപ്പറ്റി തങ്ങളുടെതായ പ്രകടനപത്രികകൾ കാഴ്ചവെച്ച് ജനങ്ങളിൽ രാഷ്ട്രീയതാൽപ്പര്യം ഉണർത്തി തിരഞ്ഞെടുപ്പുകളിൽ അവരെ പങ്കെടുപ്പിക്കുക എന്നത് ജനാധിപത്യ വ്യവസ്ഥയിൽ രാഷ്ട്രീയ കക്ഷികളുടെ ധർമ്മമാണ്. ഇന്ത്യയെപ്പോലുള്ള ബഹുകക്ഷി സമ്പ്രദായമുള്ള ഒരു രാജ്യത്ത് അതാത് കക്ഷികളുടെ നയപരിപാടികളും ആദർശസംഹിതകളും മുന്നിൽവെച്ച് വ്യവസ്ഥാപിതവും ഭരണഘടനാപരവുമായ മാർഗ്ഗങ്ങളിലൂടെ ഉത്തരവാദിത്വബോധത്തോടെ തിരഞ്ഞെടുപ്പിനെ സമീപിക്കുമ്പോഴാണ് ജനാധിപത്യം സ്വാർത്ഥകമാകുന്നത്. അതിനുപകരം വളരെ ആസൂത്രിതമായി വർഗ്ഗീയ ലഹളകൾ സംഘടിപ്പിച്ചും അന്യമതവിദ്വേഷം പ്രചരിപ്പിച്ചും ജനഹൃദയങ്ങളിൽ വർഗ്ഗീയ വികാരത്തിന്റെ ചുഴലികൾ സൃഷ്ടിച്ച് തിരഞ്ഞെടുപ്പ് വേളയിൽ ജനാഭിപ്രായത്തെ സ്വാധീനിക്കുക എന്നത് ജുഗ്പ്സാവഹമാണ്. ഏറക്കുറെ നിരക്ഷരരും രാഷ്ട്രീയ പ്രബുദ്ധതയില്ലാത്തവരുമായ നമ്മുടെ വോട്ടർമാരുടെ ബാലിശമായ രാഷ്ട്രീയവിവേചനബോധത്തെ ഇത്തരം വികാരതരംഗങ്ങൾ എളുപ്പത്തിൽ സ്വാധീനിക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ കഴിഞ്ഞ ഗുജറാത്ത് സംസ്ഥാന തിരഞ്ഞെടുപ്പിൽ ജനാധിപത്യത്തിൽ ഹിതകരമല്ലാത്ത ഇത്തരം ഹീനമാർഗ്ഗങ്ങളെല്ലാം അരങ്ങേറുകയുണ്ടായി. ഫലം തീവ്ര വർഗ്ഗീയ വികാരം പ്രചരിപ്പിച്ച നരേന്ദ്ര മോഡിയുടെ പാർട്ടി വിജയിച്ചു. ജനാധിപത്യത്തിലെ സാങ്കേതികവും നിയമപരവുമായ ഈ വിജയം അംഗീകരിക്കാതിരിക്കാൻ നിർവ്വാഹമില്ല. പക്ഷെ, രാഷ്ട്രീയ സദാചാരത്തിനും ധാർമ്മിക മനസാക്ഷിക്കും ഈ വിജയം ഉൾക്കൊള്ളാൻ പ്രയാസമാണ്. ഇങ്ങനെ ഹീന മാർഗ്ഗങ്ങളിലൂടെ വിജയസോപാനങ്ങൾ കീഴടക്കാം. പക്ഷെ, അവ ദുഃഖത്തിനിടയാക്കുന്ന ക്ഷണിക നേട്ടങ്ങളാണെന്ന് നാം ഓർക്കണം. അഹിംസയെയും ജീവിതപരിശുദ്ധിയെയും ആസക്തി നിഗ്രഹത്തെയും ഊന്നിപ്പറയുന്ന മഹത്തായ ഹിന്ദുമതമൂല്യങ്ങൾക്ക് ചേർന്നതാണോ ഈ മാർഗ്ഗം എന്ന് നിക്ഷ്പക്ഷമതികൾ ചിന്തിക്കട്ടെ.

ഹിന്ദുത്വം ഇന്ത്യയുടെ ദേശീയ സംസ്കാരമാണെന്ന് വിശ്വസിക്കുന്ന ബി. ജെ. പി. യിൽ വിശാലഹൃദയമുള്ളവരും മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവരും ന്യൂനപക്ഷങ്ങളോട് നീതിപൂർവ്വം വർത്തിക്കാനാഗ്രഹിക്കുന്നവരുമായ അനേകം യോഗ്യന്മാരുണ്ട്. ബി. ജെ. പി. യിൽ അത്തരക്കാരുടെ വംശവർദ്ധനവുണ്ടാകട്ടെയെന്നാണ് ഇന്ത്യയിലെ മതേതരവിശ്വാസികൾ ആഗ്രഹിക്കുന്നത്. തീവ്രമതവികാരത്തിന്റെ വക്താക്കൾ സ്വന്തം പാർട്ടിയുടെ തന്നെ നാശത്തിന്റെ അസുരവിത്തുകളാണ്. ഹ്രസ്വദൃഷ്ടിയുള്ള അക്കൂട്ടർ ലോകത്തിന്റെ ചിരസ്ഥായിയായ ചരിത്രനിയമം അറിയാത്തവരാണ്. ഗുജറാത്ത് മോഡൽ ഇന്ത്യയിൽ മുഴുവൻ വ്യാപിപ്പിക്കുമെന്നും ന്യൂനപക്ഷങ്ങൾ ഈ രാജ്യത്തിന്നാപത്താണെന്നും പറയുന്ന തീവ്രഹിന്ദുത്വക്കാർ വാസ്തവത്തിൽ ഹിന്ദുമതത്തിനെതന്നെ അപകീർത്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. വിശ്വാസവിയോജിപ്പിന്റെ പേരിൽ ഒരുകൂട്ടർക്കെതിരെ വിദ്വേഷം പ്രചരിപ്പിക്കുമ്പോൾ ഹിന്ദുമതത്തിന്റെ സഹിഷ്ണുതാപൂർണ്ണമായ മുഖമാണ് ഇല്ലാതാകുന്നത്. അത്തരമൊരു മുഖമില്ലാത്ത മതത്തിന്ന് എന്ത് ആത്മീയാനുഭൂതി പകരുവാനാണ് സാധ്യമാകുക?

മതം മനുഷ്യന് ആത്മീയശാന്തി പകരുന്ന അവസാന സ്രോതസ്സാണ്. മുസ്‌ലിംകളിലും ഹിന്ദുക്കളിലുംപെട്ട നിക്ഷിപ്ത താൽപ്പര്യക്കാർ മതങ്ങളെ അധികാരം പിടിച്ചുപറ്റാനും സംഹാരാത്മകമായ സമരങ്ങൾക്കുംവേണ്ടി ഉപയോഗിക്കുന്നത് ഈ കാലഘട്ടത്തിന്റെ ദുരന്തമാണ്. ജമാഅത്തെ ഇസ്‌ലാമി ഏറെക്കാലമായി വീറോടെ പ്രബോധിച്ചുകൊണ്ടിരിക്കുന്ന 'ഹുക്കുമത്തെ ഇലാഹിയ്യ' (അല്ലാഹുവിന്റെ ഭരണം) എന്ന മുദ്രാവാക്യത്തിനും ജിഹാദീ സിദ്ധാന്തത്തിനും സമാനമായ ഒരു പ്രതികരണം ഈയിടെയാണ് ഹിന്ദുമതത്തിൽ സജീവമായത്. കഴിഞ്ഞ വർഷം പാകിസ്താനിലും ഇന്ത്യയിലും നടന്ന തിരഞ്ഞെടുപ്പുകളിൽ മുസ്‌ലിം, ഹിന്ദുമതത്തിൽപ്പെട്ട ഈ രണ്ടു ശക്തികളും പ്രകടമായ നേട്ടങ്ങൾ ഉണ്ടാക്കി. ഇങ്ങനെ പരിശുദ്ധമായ മതങ്ങളെ വികൃതമാക്കി മതത്തെയും രാഷ്ട്രീയത്തെയും ജീർണിപ്പിക്കുന്നു. നശീകരണശക്തികൾ ജനങ്ങളെ സ്വാധീനിക്കുമ്പോൾ ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മനുഷ്യസമൂഹത്തിന്റെ ഭാവിയെന്താകുമെന്ന ആശങ്കയാണ് മനുഷ്യസ്നേഹികളെ അലട്ടുന്നത്. ദൈവം നമ്മെ രക്ഷിക്കട്ടെ.■

**കുറിപ്പുകൾ**

**മുസാഫിർ**

# ആരാണ് മുസ്‌ലിം?

## ജമാഅത്തെ ഇസ്‌ലാമിക്കാരന്റെ നിർവ്വചനം

ജമാഅത്തെ ഇസ്‌ലാമിയുടെ മുഖപത്രമായ 'പ്രബോധന'ത്തിൽ ആരാണ് മുസ്‌ലിം? എന്ന ചോദ്യവും അതിന് മുജീബ് നൽകിയ ഉത്തരവും ഇങ്ങനെയാണ്.

"ചോദ്യം: 'എഴുത്തുകാർ ഏതു ചേരിയിൽ' എന്ന സംവാദത്തിൽ ശ്രീ. പി.കെ. പോക്കർ എഴുതുന്നു. 'അഞ്ചു നേരം നമസ്കരിക്കാത്ത, റമദാനിൽ വ്രതമെടുക്കാത്ത മക്കയിൽ പോയി ഹജ്ജ് ചെയ്യാത്ത വൈക്കം മുഹമ്മദ് ബഷീറും കേരളത്തിൽ ജനിച്ചുവളർന്ന ഒരു മുസ്‌ലിമായിരുന്നു.' (മാധ്യമം ആഴ്ചപതിപ്പ് 2002 ഒക്ടോബർ 25). ആരാണ് യഥാർത്ഥ മുസ്‌ലിം? ഒരു മുസ്‌ലിമിന്റെ അടിസ്ഥാനഗുണങ്ങൾ എന്തെല്ലാം?

ഉത്തരം : ഇസ്‌ലാം അഞ്ചുകാര്യങ്ങളിൽ പണിതുയർത്തപ്പെട്ടിരിക്കുന്നു. അല്ലാഹു അല്ലാതെ ആരാധ്യനില്ല, മുഹമ്മദ് അവന്റെ ദൂതനാകുന്നു എന്ന സത്യസാക്ഷ്യം, നമസ്കാരം നിലനിർത്തൽ, സകാത്ത് നൽകൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ, സാധ്യതയുള്ളവർ ഹജ്ജ് ചെയ്യൽ എന്ന സുസമ്മത പ്രവാചക വചനമാണ് ഇസ്‌ലാം എന്നാൽ എന്ത് എന്ന ചോദത്തിന്റെ ആധികാരിക മറുപടി. ഇത് അംഗീകരിച്ചവൻ മുസ്‌ലിം. നിഷേധിച്ചവൻ കാഫിർ. അഥവാ സത്യനിഷേധി.... സമൂഹത്തിൽ താൻ മുസ്‌ലിമാണെന്ന് വാദിക്കുകയും ഇസ്‌ലാമിനെ താത്വികമായി ചോദ്യം ചെയ്യാതിരിക്കുകയും ചെയ്യുന്നവരെ മുസ്‌ലിംകളായി കണക്കാക്കുയാണ് സാമാന്യരീതി. രഹസ്യം അറിയുക അല്ലാഹുവാണ്. വിധി കൽപിക്കേണ്ടതും അവൻ തന്നെ!" (പ്രബോധനം ഡിസം:21)

മുസ്‌ലിംലീഗ് മന്ത്രി ചെർക്കുളം അബ്ദുല്ലയുടെ നെറ്റിയിൽ കുങ്കുമം പുരണ്ടതിന്റെ പേരിൽ അദ്ദേഹത്തെ ഇസ്‌ലാമിൽ നിന്നു പുറത്താക്കാൻ കോപാക്രാന്തനായ സമസ്ത യുവജനസംഘം പ്രസിഡണ്ട് ഉമറലി ശിഹാബ്തങ്ങൾ സുന്നി സെക്രട്ടറിയേറ്റ്കൂടി തീരുമാനിച്ചതായിരുന്നു. ഭാഗ്യവശാൽ ജ്യേഷ്ഠനും മുസ്‌ലിം ലീഗ് നേതാവുമായ മുഹമ്മദലി ശിഹാബ് തങ്ങൾ ഇടപെട്ടതുകാരണം അബ്ദുല്ലാ സാഹിബ് മന്ത്രിയും മുസ്‌ലിമുമായി തുടരുന്നു. ആളുകളെ മുസ്‌ലിമാക്കലും പുറത്താക്കലും ഒരു സംഘം ഉലമാക്കന്മാർക്കും സംഘടനകൾക്കും അല്ലാഹു ഏൽപ്പിച്ചു കൊടുത്തമട്ടാണ് ഇവരുടെ തീരുമാനങ്ങളും ഇടപെടലും കണ്ടാൽ തോന്നുക. ഈ കാഫിറാക്കൽ പ്രസ്ഥാനക്കാർ ഇന്നുവരെ മുസ്‌ലിമിനെ കാഫിറാക്കിയതല്ലാതെ ഒരു കാഫിറിനെയും മുസ്‌ലിമാക്കിയതായി നാം കണ്ടിട്ടില്ല. സുന്നിക്ക് മുജാഹിദും ജമാഅത്തുകാരനും കാഫിർ, മുജാഹിദ്ന് സുന്നി കാഫിർ, ജമാഅത്ത്കാരന് സുന്നിയും മുജാഹിദും മുശ്‌രിക്കും കാഫിറും. സുന്നിയും മുജാഹിദും പിളർന്ന സ്ഥിതിക്ക് നരകത്തിൽ പോകുന്ന ആദ്യത്തെക്കൂട്ടർ സുന്നിക്ക് മറ്റേ സുന്നിയും മുജാഹിദിന് മറ്റേ മുജാഹിദുമാണ്. മൊത്തത്തിൽ കുഫ്റ് ഫത്‌വ തീണ്ടാത്ത ഒരൊറ്റ മുസ്‌ലിം കക്ഷിയും കുറെക്കാലമായി ഭൂമുഖത്തിലില്ല. ഒരു കക്ഷിയിലും പെടാതെ വല്ല കാട്ടിലോ ഗുഹകളിലോ കഴിയുന്ന ഒറ്റപ്പെട്ട മുസ്‌ലിം ഉണ്ടെങ്കിലായി. അമുസ്‌ലിംകൾ ഇവർക്ക് പണ്ടേ കാഫിറാണ്. പിന്നെ മുസ്‌ലിം സംഘടനകളും പരസ്പരം കാഫിർ. അങ്ങനെ കാഫിറാക്കാൻ മനുഷ്യരില്ലാതെ വന്നസ്ഥിതിക്ക് കുഫ്റ് ഫത്‌വയുമായി ഈ ഉലമാക്കന്മാർ ജന്തുലേകത്തെയോ, പ്രാണിലോകത്തെയോ ആക്രമിച്ചേക്കുമോ എന്നാണ് നമ്മുടെ ഭീതി.

അത്തരത്തിലുള്ള ഇക്കാലത്ത് പ്രബോധനത്തിലെ മുജീബിന്റെ പ്രസ്തുത മറുപടി ആശ്വാസദായകമാണെന്ന് വായനക്കാരൻ ധരിച്ചെങ്കിൽ തെറ്റി. കാരണം മുജീബ് ജമാഅത്തെ ഇസ്‌ലാമിക്കാരനാണ്. വാക്ക് വേറെ പ്രവൃത്തി വേറെ. പ്രൊഫഷണൽ വൈദഗ്ദ്യത്തോടെ ജമാഅത്തെ ഇസ്‌ലാമിക്കാർ പാലിച്ചു വരുന്ന ഒരേയൊരു പോളിസി പ്രോഗ്രാമാണ് വാക്കിലും പ്രവൃത്തിയിലുമുള്ള ഈ വൈരുദ്ധ്യം. ഹുക്കൂമത്തെ ഇലാഹി വരാൻ നിലവിലുള്ള ഭരണവ്യവസ്ഥയോട് ജിഹാദ് ചെയ്യാതെ ഒരു നിമിഷം ജീവിക്കൽ ശിർക്കാണ് എന്ന് പറഞ്ഞ ഇസ്‌ലാമിക വിപ്ലവകാരികൾ താഗൂത്തി ഭരണകൂടത്തിന്റെ മുഖ്യമന്ത്രിയെ സ്വീകരിക്കാനും കേന്ദ്രമന്ത്രിമാരെ ശുശ്രൂഷിക്കാനും മന്ത്രികടാക്ഷത്തിനുമായി പരക്കം പാഞ്ഞു നടക്കുകയാണ്. മതാധിഷ്ഠിത ഫാസിസ്റ്റ് രാഷ്ട്രവാദം മുറുകെപിടിക്കുന്ന ജമാഅത്തെ ഇസ്‌ലാമി. ഹിന്ദുക്കളുടെ മതരാഷ്ട്രവാദത്തെ കഠിനമായി ജനതാമദ്ധ്യത്തിൽ എതിർക്കുന്നു അമുസ്‌ലിമിന് ഇസ്‌ലാമിക ഭരണകൂടത്തിലെ കുഞ്ചിക സ്ഥാനങ്ങളിൽ ഇരിക്കാൻ യോഗ്യതയില്ലെന്ന് പറയുന്ന ജമാഅത്തെ ഇസ്‌ലാമി ഇവിടുത്തെ ഏറ്റവും വലിയ സെക്യൂലറിസ്റ്റാണ് പോലും! അതുപോലെ മുസ്‌ലിമാണെന്ന് സ്വയം അവകാശപ്പെടുന്നവരെല്ലാം മുസ്‌ലിമാണെന്ന് ജമാഅത്തെ ഇസ്‌ലാമിക്കാരനായ മുജീബ് സഹിഷ്ണുതാപൂർണമായ നിർവ്വചനം നൽകുമെങ്കിലും മുസ്‌ലിമാണെന്ന് സ്വയം വാദിക്കുകയും പരിശുദ്ധ ദീനുൻ ഇസ്‌ലാമിന്റെ എല്ലാ വിശ്വാസപ്രമാണങ്ങളിലും- ഖുർആൻ, തിരുസുന്നത്ത്, ഹദീസ് എന്നീ പ്രമാണങ്ങളിൽ-വള്ളിപുള്ളി തെറ്റാതെ വിശ്വസിക്കുകയും ചെയ്യുന്ന അഹ്മദികളെ അമുസ്‌ലിമാക്കാൻ പിന്നെയെന്തിന് പാകിസ്ഥാനിൽ ജിഹാദ് നടത്തി? 1954-ൽ ജമാഅത്തെ ഇസ്‌ലാമി സുപ്രിമോയും സ്ഥാപകനുമായ അബുൽ അഅ്‌ലാ മൗദൂദിയായിരുന്നില്ലേ രക്തരൂക്ഷിതമായ അഹ്മദിയ്യാ കലാപത്തിന് നേതൃത്വം നൽകിയത്? 1974 സെപ്ത. 7ാം തിയ്യതി പാക്കിസ്ഥാൻ നാഷണൽ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചപ്പോൾ അതിന്റെ ക്രെഡിറ്റ് അവകാശപ്പെട്ടു നടന്നവരാണ് ജമാഅത്തെ ഇസ്‌ലാമി. അപ്പോൾ 'സ്വയം മുസ്‌ലിമാണെന്ന് അവകാശപ്പെടുന്നവരെല്ലാം മുസ്‌ലിമാണെന്ന' പ്രബോധനത്തിലെ മുജീബിന്റെ അഭിപ്രായം കാപട്യമാണെന്ന് പച്ചയിൽ പറഞ്ഞാൽ ജമാഅത്ത്കാരന് ദേഷ്യം വരും. അതുകൊണ്ട് നമുക്ക് ഇത്തരം വൈരുദ്ധ്യത്തെ ജമാഅത്തെ ഇസ്‌ലാമിയുടെ 'പോളിസി പ്രോഗ്രാം' എന്ന് വിളിക്കാം. അവർക്കും നമുക്കും സന്തോഷത്തിനും കുറവില്ല.

റിപ്പോർട്ട്

# 111 – ാം അഹ്മദിയ്യാ വാർഷിക സമ്മേളനം

**മുഹമ്മദ് ഉമർ എച്ച്. ഏ.**

അഹ്മദിയ്യ ജമാഅത്തിന്റെ 111ാം വാർഷിക സമ്മേളനം അല്ലാഹുവിന്റെ സ്മരണയിലും അവനോടുള്ള കൃതജ്ഞതയിലും നിർഭരമായ ആത്മീയാന്തരീക്ഷത്തിൽ 2002-ഡിസംബർ 26,27,28 തിയതികളിൽ ഖാദിയാനിൽ വെച്ച് നടന്നു.

26ന് രാവിലെ പത്തുമണിക്ക് ഹസ്റത്ത് സാഹിബ്ബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് (നാസിർ അഅ്ലാ ഖാദിയാൻ) അഹ്മദിയ്യാ ജമാഅത്തിന്റെ പതാക തക്ബീർ ധ്വനികൾ നിറഞ്ഞ അന്തരീക്ഷത്തിൽ ഉയർത്തിക്കൊണ്ട് സമ്മേളനത്തിന്റെ ആരംഭം കുറിച്ചു. സമ്മേളനാധ്യക്ഷൻ ഹസ്റത്ത് സാഹിബിന്റെ കൂട്ടപ്രാർത്ഥനയോടെ കാര്യപരിപാടികൾ ആരംഭിച്ചു.

മൂന്നുദിവസങ്ങളിലായി രണ്ടു സെഷനുകളിലായി നടന്ന യോഗങ്ങളിൽ ബഹു. സാഹിബ് സാദാ സാഹിബ്, ജനാബ്മാർ ഡോ. ബി. മൻസൂർ അഹ്മദ് സാഹിബ് (ജനറൽ സെക്രട്ടറി സൂബായി ഇമാറത്ത് കേരള), മൗലാനാ മുസഫർ അഹ്മദ് സോദൻ സാഹിബ് (ചീഫ് മിഷനറി മൊറീഷ്യസ്), ഹിദായത്തുല്ലാ സാഹിബ് ഹുബ്ശ് (ജർമ്മനി), അബ്ദുൽജലീൽ സാഹിബ് (ബംഗ്ലാദേശ്), എന്നിവർ അധ്യക്ഷത വഹിക്കുകയുണ്ടായി.

മൂന്നുദിവസം നടന്ന സമ്മേളനത്തിൽ ദൈവാസ്തിക്യം, ഹസ്റത്ത് മുഹമ്മദ് നബി (സ) തിരുമേനിയുടെ അധ്യാപനങ്ങൾ, അഹ്മദിയ്യാ മുസലിം ജമാഅത്തിന്റെ സവിശേഷതകൾ, വാഗ്ദത്ത മഹ്ദി മസീഹിന്റെ സൃഷ്ടിസേവന പ്രവർത്തനങ്ങൾ ഖിലാഫത്തെ അഹ്മദിയ്യായുടെ അനുഗ്രഹങ്ങൾ, ധനത്യാഗം, ഇസ്ലാമീ ജിഹാദിന്റെ യാഥാർത്ഥ്യം എന്നീ വിഷയങ്ങളെക്കുറിച്ച് യഥാക്രമം മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് (നാസിം ദാറുൽ ഖസാ ഖാദിയാൻ), സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബ് (നാസിർ അഅ്ലാ ഖാദിയാൻ), മൗ: മുഹമ്മദ് ഉമർ സാഹിബ് എച്ച്. ഏ. (ചീഫ് മിഷനറി കേരള), മൗ: സഹീർ അഹ്മദ് സാഹിബ് ഖാദിം (നാസിർ ദഅ്വത്തെ ഇലല്ലാഹ്), മൗ: മുഹമ്മദ് ഇനാം ഗോറി സാഹിബ് (നാസിർ ഇസ്ലാഹൊ ഇർശാദ്), മൗ: ബുർഹാൻ അഹ്മദ് സാഹിബ് (നാസിർ നശ്റോ ഇശാഅത്ത്), മൗ: മുഹമ്മദ് കരീമുദ്ദീൻ സാഹിബ് (അഡീഷനൽ നാസിം വഖ്ഫ് ജദീദ്), എന്നിവർ വിജ്ഞേയവും സാരഗർഭവമായ പ്രഭാഷണങ്ങൾ നടത്തി.

ഈ വർഷത്തെ സമ്മേളനത്തിലുള്ള ഒരു സവിശേഷത, അഖിലേന്ത്യാ തലത്തിൽ ഈ വർഷം നടന്ന തബ്ലീഗ്, തർബിയ്യത്ത് (പ്രചാരണം ശിക്ഷണ സാമാജിക) പ്രവർത്തനങ്ങളുടെ റിപ്പോട്ട് സമർപ്പണമായിരുന്നു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളായ പഞ്ചാബ്, ഹിമാചൽ, രാജസ്ഥാൻ, ബീഹാർ, ആന്ധ്രപ്രദേശ്, ഹരിയാന, ഉത്തരാഞ്ചൽ, കേരള, ഉത്തർപ്രദേശ്, കർണാടക, ബംഗാൾ, ആസാം, എന്നിവിടങ്ങളിൽ ഈ വർഷം നടന്ന മഹത്തായ പ്രവർത്തനങ്ങൾ യഥാക്രമം മൗ: മഹ്മൂദ് അഹ്മദ് സാഹിബ്, മൗ: മുസഫർ അഹ്മദ് സാഹിബ് ആഫിസ് മൗ: സയ്യിദ് റസൂൽ സാഹിബ്, മൗ: മുനീർ അഹ്മദ് ഖാദിം, മൗ: മുഹമ്മദ് ഇസ്മാഈൽ സാഹിബ്, സയ്യിദ് തുഫയിൽ അഹ്മദ് സാഹിബ്, മൗ: മുഹമ്മദ് നസീം ഖാൻ സാഹിബ്, അഹ്മദ് മശ്രിഖ് അലി സാഹിബ് എന്നിവർ വിശദീകരിക്കുകയുണ്ടായി.

ഈ സമ്മേളനത്തിൽ വിദേശരജ്യങ്ങളിൽ നിന്ന് സന്നിഹിതരായ മൗ: മുസഫർ അഹ്മദ് (മൊറീഷ്യസ്), ബശീർ അഹ്മദ് സാഹിബ് നാസിർ (കാനഡ), അബ്ദുർറശീദ് സാഹിബ് (ലണ്ടൻ), മൗ: അബ്ദുസ്സത്താർ (മലേഷ്യ), അക്തർ അഹ്മദ് സാഹിബ് (ബംഗ്ലാദേശ്), ഹിദായത്തുല്ലാ ഹബ്ശ് (ജർമ്മനി) എന്നീ പ്രതിനിധികൾ തങ്ങളുടെ നാടുകളിൽ നടന്നുവരുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെയും അവിടെ വിവിധരംഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതികളെയും കുറിച്ച് വിവരിക്കുകയുണ്ടായി.

ഡിസംബർ 28ന് വൈകുന്നേരം ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന സമാപന സമ്മളനം സർവ്വമത സമ്മേളനത്തിന്റെ പ്രതിച്ഛായയുള്ളതായിരുന്നു. ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ പഞ്ചാബ്, ഹരിയാന, ഉത്തരാഞ്ചൽ, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്ന് നൂറുകണക്കിന് സ്പെഷ്യൽ ബസുകൾ, വാഹനങ്ങൾ എന്നിവയിൽ ആയിരക്കണക്കിന് അഹ്മദികളെ കൂടാതെ സിഖുകാരും ഹിന്ദുക്കളും പങ്കെടുത്തിരുന്നു.

ശ്രീ. സർദാർ ഗ്യാനിപൂർണാസിംഗ് (ഹെഡ് ഗ്രന്ഥി ഗോൾഡൻ ടെമ്പിൾ അമൃതസർ), ശ്രീമാൻ സുരേന്ദർ ബില്ല, (പ്രസിഡന്റ് ഓൾ ഇന്ത്യ

## സി.കെ. വീരാൻ സാഹിബ്

പത്തപ്പിരിയം ജമാഅത്തംഗവും ത്തപ്പിരിയം മജ്ലിസ് അൻസാറുല്ലായുടെ മുൻ സയീമുമായ സി.കെ. വീരാൻ സാഹിബ് (74) സ്വഗൃഹത്തിൽ വെച്ച് 4-12-02 ഉച്ചയ്ക്ക് ഒരുമണിക്ക് ഹൃദയസ്തംഭനംമൂലം നിര്യാതനായി.

1950ൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച ബീരാൻസാഹിബ് ജന്മനാ സുന്നി വിശ്വാസിയായിരുന്നു. സഹോദരീ ഭർത്താവ് വീരാവുണ്ണി സാഹിബിൽ നിന്നാണ് അദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം അറിയാൻ സാധിച്ചത്. ഒന്നിലധികം തവണ സയീം ആയും ജമാഅത്ത് പ്രവർത്തക സമിതി അംഗമായും ജമാഅത്തിലെ മുഅല്ലിമായും സേവനം ചെയ്യാൻ അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചിട്ടുണ്ട്.

വാണിയമ്പലം ജമാഅത്ത് പ്രസിഡന്റ് സി.കെ. അലവി സാഹിബ് പരേതന്റെ സഹോദരനാണ്. അലനല്ലൂർ ജമാഅത്തിലെ പരേതനായ കിഴക്കും പാടം കുഞ്ഞലവി മൗലവി സാഹിബിന്റെ മകൾ ആയിശയാണ് ഭാര്യ. ശംസുദ്ദീൻ, കമറുദ്ദീൻ, നൂറുദ്ദീൻ, ജലാലുദ്ദീൻ, സഫറുല്ല, മൻസൂർ അഹ്മദ്, ഫാത്തിമ, റംല, സലീന നാസർ എന്നിവർ മക്കളാണ്.

# ജനസഹസ്രങ്ങളെ ആകർഷിച്ച എക്സിബിഷൻ അൽഖുർആൻ

ഡിസംബർ 18 മുതൽ 23 വരെ കോഴിക്കോട് ബൈപ്പാസ് റോഡിൽ നടത്തിയ എക്സിബിഷൻ അൽഖുർആൻ വിജയകരമായി സമാപിച്ചു. ഡിസംബർ 18ന് ആരംഭിച്ച എക്സിബിഷൻ സംസ്ഥാന അമീർ ഏ. പി. കുഞ്ഞാമു സാഹിബാണ് ഉദ്ഘാടനം ചെയ്തത്. കേരളത്തിലെ പ്രമുഖ പുസ്തക പ്രസാധാകരായ ടൂറിംഗ് ബുക്ക്സ്റ്റാൾ ഉടമ ബാലകൃഷ്ണമാരാർ മുഖ്യാതിഥിയായിരുന്നു.

മുജാഹിദ് സമ്മേളനത്തിന് ഒഴുകിയെത്തിയ പതിനായിരക്കണക്കിന് ആളുകൾ എക്സിബിഷൻ അൽഖുർആൻ പവലിയൻ സന്ദർശിക്കുകയുണ്ടായി. എക്സിബിഷനോടനുബന്ധിച്ച് ബുക്ക്സ്റ്റാളും ടേബിൾ ടോക്കനുള്ള സൗകര്യങ്ങളും സംഘടിപ്പിച്ചിരുന്നു. സ്ത്രീകളടക്കമുള്ള സന്ദർശകർ എക്സിബിഷൻ ബോർഡുകൾ ശ്രദ്ധാപൂർവ്വം വായിക്കുകയും ജമാഅത്തിന്റെ നിരവധി സാഹിത്യങ്ങൾ വിലകൊടുത്ത് വാങ്ങിക്കുകയും ചെയ്തു. സന്ദർശകർക്ക് സംശയനിവാരണത്തിന് ഏർപ്പെടുത്തിയ പവലിയൻ പാതിരാവോളം സജീവമായിരുന്നു. ജമാഅത്തിനെക്കുറിച്ചറിയാൻ സ്ത്രീകളും സംശയവുമായെത്തിയത് കൗതുകകരമായി. ജനബാഹുല്യം കാരണം ചർച്ച അവസാനദിവസം വേണ്ടെന്നു വെക്കുകയായിരുന്നു. അതിമനോഹരവും വിശാലവുമായി സജ്ജീകരിച്ച എക്സിബിഷനിൽ അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച അമ്പതിൽപരം ലോകഭാഷയിലുള്ള വിശുദ്ധഖുർആൻ പരിഭാഷ സന്ദർശകരെ ഹഠാദാകർഷിച്ചു. എക്സിബിഷൻ പവലിയനിൽ എം.ടി.എയുടെ പ്രദർശനവുമുണ്ടായിരുന്നു.

സന്ദർശകരുടെ സംശയങ്ങൾക്ക് മുബല്ലിഗുമാരും മുഅല്ലിമീങ്ങളും നിവാരണം വരുത്തി. കോഴിക്കോട് കൊടിയത്തൂർ ജമാത്തിലുള്ള ജമാഅത്തംഗങ്ങൾ എക്സിബിഷൻ വിജയകരമാക്കിത്തീർക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയുമുണ്ടായി. അൽഖുർആൻ പ്രദർശനവും പുസ്തകവിൽപ്പനയും വിജയകരമാക്കി മാറ്റിയ എല്ലാവരെയും സൂബായി അമീർ അഭിനന്ദിച്ചു.

---

ഹിന്ദു ശിവശേന), ശ്രീ. രത്തൻ ദേവ്ജി (ഹരിയാന), ബിഷപ്പ് പ്രദീപ് കുമാർ (അമൃതസർ), ബാബാ ഫക്കീർചന്ദ്ജി (ഹിമാചൽ-ഇദ്ദേഹം ആറു ലക്ഷം ശിഷ്യന്മാരുടെ ആത്മീയ നേതാവാണ്), ശ്രീ രാംകുമാർ ശർമ്മ (ലോക ഗായത്രി പരിവാർ, ഹരിദ്വാർ, ഉത്തരാഞ്ചൽ), സന്ത് ബാബ കാശ്മീരാസിംഗ് (ജലന്തർ-ഇദ്ദേഹം സിക്കുകാരുടെ ഒരു പ്രത്യേക വിഭാഗത്തിന്റെ ആത്മീയ നേതാവാണ്.) ശ്രീ. മെഹനാബ് സിംഗ് (പ്രസിഡന്റ് ജില്ലാ പരിഷത്ത്), ശ്രീ. നരസിംഗ് വാൽന്ദി (പ്രസിഡന്റ് ബഹുജൻ മഹാ പഞ്ചായത്ത്, ഹരിയാന), മിസ്റ്റർ ആർ എൽ ഭാട്ടിയ (എം. പി), സ്വാമി ഭഗവാൻ ദാസ് ജി (ഹോശിയാർപൂർ), സർദാർ പ്രതാപ്സിംഗ് ഭാജ്വ എന്നിവർ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ച് ചെറു പ്രസംഗങ്ങൾ നടത്തി. ഈ മാന്യവ്യക്തികൾ വിവിധ മതസംഘടനകളുടെ നേതാക്കളായതുകൊണ്ട് അവരുടെ കൂടെ ആയിരക്കണക്കിന് ശിഷ്യന്മാരും വന്നിരുന്നു. സമ്മേളനത്തിൽ നേപ്പാൾ, ശ്രീലങ്ക, ഭൂട്ടാൻ, ബർമ്മ, ജർമ്മനി, സിംബാംബ്വെ, ബംഗ്ലാദേശ്, മൗറീഷ്യസ്, യു.കെ, യു. എ. ഇ, ഫലസ്തീൻ, കാനഡ, ഇന്തോനേഷ്യ, മലേഷ്യ, എന്നീ പതിനാല് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. കേരളത്തിൽ നിന്നും സ്ത്രീകളും കുട്ടികളുമടക്കം ധാരാളം പേർ പങ്കെടുക്കുകയുണ്ടായി.

സമ്മേളനത്തിൽ ഉത്തരാഞ്ചൽ, ഹരിയാന, ഹിമാചൽപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ ഗവർണ്ണർമാരും ഹരിയാന മുഖ്യമന്ത്രിയും മറ്റു പ്രമുഖ വ്യക്തികളും അയച്ച സന്ദേശങ്ങൾ വായിച്ചു കേൾപ്പിക്കപ്പെട്ടു.

പ്രസംഗങ്ങൾ ഇംഗ്ലീഷ്, തമിഴ്, ബംഗാളി, കന്നഡ, തെലുങ്ക്, മലേഷ്യൻ, മലയാളം എന്നീ ഭാഷകളിൽ തത്സമയം തർജ്ജമ ചെയ്ത് കേൾപ്പിക്കാനുള്ള സംവിധാനമുണ്ടായിരുന്നു. 26-ാം തിയ്യതി ലജ്നാ ഇമാഇല്ലായുടെ പ്രത്യേക സമ്മേളനവും നടന്നു. ■